# റാസാലക്സംബെർഗ്

റഷീദ്

# റോസ ലക്സംബർഗ്

16-00

K. P. CHANDRASEKHARAN
BABY ROAD, CHAVAKKAD - 680506

# റോസ ലക്സംബർഗ്

ജീവചരിത്രം

എം. റഷീദ്

പ്രസാധകർ :

പൂർണ്ണ പബ്ളിക്കേഷൻസ്, കോഴിക്കോട്

## ഉള്ളടക്കം

കുടുംബവും ബാല്യകാലവും 9
വൈക്കോൽ കൂമ്പാരത്തിനുള്ളിലൂടെ
വിദേശത്തേയ്ക്ക് 15
വിദ്യാഭ്യാസവും വിപ്ളവപ്രവർത്തനങ്ങളും 19
ഒരു വിവാഹനാടകം 24
ഒരു സാധാരണ ദാമ്പത്യം 26
ഫ്രാൻസിൽ, ജർമ്മനിയിൽ 29
പത്രപ്രവർത്തക 32
പ്രാസംഗിക 36
റിവിഷനിസത്തിനെതിരെ 39
പുരുഷവേഷത്തിൽ റഷ്യൻ വിപ്ളവത്തിലേക്ക് 45
ദമ്പതിമാർ സമരരംഗത്ത് 51
തൂക്കുമരത്തിന്റെ നിഴലിൽ 54
പത്തുകൊല്ലങ്ങൾക്കുശേഷം സ്വന്തം വീട്ടിൽ 58
അദ്ധ്യാപിക, ധനശാസ്ത്രജ്ഞ 65
പാർട്ടിക്കുള്ളിലെ സമരങ്ങൾ 72
റോസക്കെതിരായി സാമ്പത്തിക ഉപരോധം 79
യുദ്ധത്തിന്റെ കരിനിഴലിൽ വിപ്ളവപ്രവർത്തനം,
അറസ്റ്റുകൾ, ശിക്ഷകൾ 83
ജനകീയ മുന്നേററം 105
ഒരു പുരുഷായുസ്സിന് തുല്യമായ 71 ദിവസങ്ങൾ 111
കാറൽലിബ്ക്നെററ് 117
ജീവിച്ചിടുന്ന മൃതിയിൽ...... 124
വിപ്ളവകാരി രാഷ്ട്രീയംകൊണ്ടു് മാത്രമല്ല 129

## കുടുംബവും ബാല്യകാലവും

ഭൂമുഖത്ത് ഇന്നോളമുണ്ടായിട്ടുള്ള ജനവിഭാഗങ്ങളിൽ ജൂതന്മാരെപ്പോലെ മർദ്ദനങ്ങളും കഷ്ടപ്പാടുകളും അനുഭവിച്ചിട്ടുള്ള സമുദായങ്ങൾ വളരെ വിരളമാണ്. എന്നാൽ, മനുഷ്യരാശിയുടെ പുരോഗതിക്കുവേണ്ടി മഹത്തായ സംഭാവനകളർപ്പിച്ചിട്ടുള്ള നിരവധി മഹാത്മാക്കൾ ജൂതന്മാർക്കിടയിൽ നിന്നുണ്ടായിട്ടുണ്ട്. യേശുക്രിസ്തു, കാറൽമാർക്സ്, ആൽബർട്ട് ഐൻസ്റ്റൈൻ, നീൽസ്ബോയർ, ഹെൻറിബർഗ്സൺ, ജെയിംസ്കാനൺ, സിഗ്മണ്ഡ്ഫ്രോയ്ഡ്, ട്രോട്സ്കി, പോൾഹെയിൻസ്, ഐസാക്ക്ഡ്യൂട്സ്കർ, ഫ്രാൻസ്കാഫ്കാ എന്നിങ്ങനെ നീണ്ടുപോകുന്ന ജൂതവംശജരായ അതികായന്മാരുടെ പട്ടികയിലാണ് റോസലക്സംബർഗിന്റേയും സ്ഥാനം. മേലേ പറഞ്ഞവരിലധികം പേരും ജനനംകൊണ്ട് ജൂതരായിരുന്നുവെങ്കിലും, യഹൂദമതവിശ്വാസികളായിരുന്നില്ല, റോസലക്സംബർഗ് അടക്കം.

റഷ്യൻ ചക്രവർത്തി (സാർ) യുടെ ഭരണത്തിൽ കീഴിലായിരുന്ന പോളണ്ടിലെ സമോസ്ക എന്ന ചെറിയ പട്ടണത്തിൽ സാധാരണ ഇടത്തരക്കാരിൽപ്പെട്ട ലക്സംബർഗ് കുടുംബത്തിലെ ഒരംഗം മരക്കച്ചവടം ആരംഭിച്ചു. ആ വ്യാപാരത്തിലൂടെ ധനികനായിതീർന്ന മി. ലക്സംബർഗ് തന്റെ മക്കൾക്ക് ഉയർന്ന വിദ്യാഭ്യാസം നല്കാൻ തീരുമാനിച്ചു. ഇതു അക്കാലത്തു പോളിഷ് ജൂതന്മാർക്കിടയിൽ പതിവില്ലാത്തതായിരുന്നു.

വിദ്യാഭ്യാസത്തിനു വേണ്ടി തന്റെ മക്കളെ ആ മര

കച്ചവടക്കാരൻ ജർമ്മനിയിലേയ്ക്കാണ് അയച്ചത്. ബിരുദം നേടി, ജർമ്മനിയിൽനിന്നു മടങ്ങിയെത്തിയ ലക്സംബർഗ് യുവാക്കളിലൊരാൾ, തികഞ്ഞ ഉല്പതിഷ്ണുവായിക്കഴിഞ്ഞിരുന്നു. പോളിഷ് യഹൂദന്മാരുടെ സങ്കുചിത മനസ്ഥിതിയിൽനിന്നു മോചിതനായികഴിഞ്ഞിരുന്ന അദ്ദേഹത്തിന്നു, പോളണ്ടിനെ അടക്കിഭരിച്ചിരുന്ന റഷ്യൻ സാമ്രാജ്യത്വത്തോട് കഠിനമായ വെറുപ്പുണ്ടായിരുന്നു എങ്കിലും രാഷ്ട്രീയത്തിലിറങ്ങാതെ, പോളണ്ടുകാരുടെ വിദ്യാഭ്യാസപരവും സാംസ്കാരികവുമായ പുരോഗതിക്ക് വേണ്ടിയുള്ള പ്രവർത്തനങ്ങളിലാണദ്ദേഹം ഏർപ്പെട്ടത്. തന്നെപ്പോലെ സാംസ്കാരിക ഔന്നത്യമുള്ള ഒരു സ്ത്രീയെ ഭാര്യയായി ലഭിക്കാൻ അദ്ദേഹത്തിന്നു ഭാഗ്യമുണ്ടായി. വേദഗ്രന്ഥത്തിന്നു പുറമെ പോളിഷ്, ജർമ്മൻ ഭാഷകളിലെ ക്ലാസിക്കുകളും മിസിസ് ലക്സംബർഗ് പതിവായി വായിക്കാറുണ്ടായിരുന്നു.

ഈ ദമ്പതികളുടെ അഞ്ചാമത്തെ സന്തതിയാണ് റോസലക്സംബർഗ് എന്ന് പില്ക്കാലത്ത് പ്രസിദ്ധയായ റോസ് ലി. റോസ് ലിയുടെ ജനനവർഷത്തെപ്പററി ഇപ്പോഴും തർക്കമുണ്ട്. അവരുടെ ജീവചരിത്രകാരനും ഉററ സഹപ്രവർത്തകനുമായിരുന്ന പോൾ ഫ്രോളിക്ക് "റോസലക്സംബർഗ്: ജീവിതവും പ്രവർത്തനങ്ങളും" എന്ന ജീവചരിത്രഗ്രന്ഥത്തിന്റെ ആദ്യപതിപ്പുകളിൽ ജനനതിയ്യതി 1870 മാർച്ച് 15 എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 1948 മുതൽ പ്രസിദ്ധീകരിച്ച പതിപ്പുകളിലാകട്ടെ, 1871 മാർച്ച് 5 എന്നാണുള്ളത്. തന്റെ വ്യക്തിപരമായ കാര്യങ്ങളെക്കുറിച്ച് മററുള്ളവരോട് സംസാരിക്കുന്നതിൽ വിമുഖയായിരുന്ന റോസലക്സംബർഗ് തന്റെ പാസ്പോർട്ട് അപേക്ഷകളിലും മററു രേഖകളിലും വ്യത്യസ്ത ജനനതിയ്യതികൾ എഴുതിയിരുന്നതാണ് ഈ സംശയത്തിനിടവെച്ചത്. ഏതായാലും ലോകചരിത്രത്തിലെ സുപ്രധാന നാഴികക്കല്ലുകളിലൊന്നായ പാരീസ്

കമ്മ്യൂണിൻെറ കാലഘട്ടത്തിലാണ് റോസലക്സം ബർഗ് ജനിച്ചത്.

റോസ്ലിക്ക് രണ്ടരവയസ്സായപ്പോൾ, ലക്സം ബർഗ് കുടുംബം വാർസയിലേക്ക് താമസം മാററി. മക്കൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം നല്കാൻ ഒരു ചെറുപട്ടണമായ സമോസ്കിനേക്കാളും സൗകര്യം, പോളണ്ടിൻെറ തലസ്ഥാന നഗരിയായതുകൊണ്ടാണ് റോസ്ലിയുടെ പിതാവ് ഈ പറിച്ചു നടീലിന്നു മുതിർന്നത്.

കച്ചവടക്കാരായിരുന്നെങ്കിലും ലക്സംബർഗ്കുടുംബം, വ്യാപാരമാന്ദ്യം മൂലം ചിലപ്പോഴൊക്കെ സാമ്പത്തികമായി വിഷമിക്കാറുണ്ടായിരുന്നു. അത്തരമൊരു ഘട്ടത്തിൽ കൊച്ചു റോസ്ലി ഭംഗിയുള്ള ഒരു കടലാസ് ചുരുട്ടി കത്തിച്ചു രസിച്ചു. ഭക്ഷണസാധനങ്ങൾ വാങ്ങാൻ അന്ന് ആ വീട്ടിലുണ്ടായിരുന്ന ഏക കറൻസി നോട്ടായിരുന്നു അതെന്ന് റോസ്ലിയുടെ ജ്യേഷ്ഠസഹോദരി ഒരിക്കൽ അനുസ്മരിക്കുകയുണ്ടായി.

അഞ്ചാമത്തെ വയസ്സിൽ അരക്കെട്ടിന്ന് രോഗം ബാധിച്ച് റോസ്ലി കിടപ്പിലായി. നിരന്തരമായി ചികിത്സ നടന്നു. പക്ഷേ, ഡോക്ടർക്ക് ഒരബദ്ധം പിണഞ്ഞു. എല്ലിനു ക്ഷയരോഗം ബാധിച്ചതാണെന്ന് തെററിദ്ധരിച്ച് ചികിത്സിച്ചതിൻെറ ഫലമായി ജീവിതകാലം മുഴുവൻ റോസലക്സംബർഗിന് ചെറിയൊരു നൊണ്ടലുമായി കഴിച്ചു കൂട്ടേണ്ടിവന്നു.

ഒരു കൊല്ലക്കാലം രോഗശയ്യയിൽത്തന്നെ കിടക്കേണ്ടി വന്നെങ്കിലും ആ കൊച്ചു മിടുക്കി സമയം വൃഥാവിലാക്കിയില്ല. രോഗത്തോട്മല്ലിടുന്നതിനോടൊപ്പം പോളിഷ് ഭാഷ എഴുതാനും വായിക്കാനും വശമാക്കിക്കൊണ്ട് അസാധാരണമായ പ്രസരിപ്പും കൂർമ്മബുദ്ധിയും വെളിവാക്കി. വീട്ടിലെ നിരക്ഷരരായ ഭൃത്യരെ ശിഷ്യരാക്കി, അവർക്ക് അക്ഷരാഭ്യാസം നല്കുന്നത് ആ അഞ്ച് വയസ്സുകാരിയുടെ ഇഷ്ടവിനോദങ്ങളിലൊന്നായിരുന്നു.

കൊച്ചു റോസ്‌ലിയുടെ മറെറാരു ഇഷ്ടവിനോദം തൻെറ മനസ്സിൽ അപ്പോഴപ്പോഴ് തോന്നുന്ന കാര്യങ്ങളെ പ്പററി മാതാപിതാക്കഠംക്കും 'ജ്യേഷ്ഠൻമാർക്കും ചേട്ടത്തിക്കും കത്തെഴുതുകയായിരുന്നു. ആ കത്തുകഠംക്ക് മറുപടി കിട്ടണമെന്നവഠം ശാഠ്യം പിടിച്ചു. കുടുംബത്തിലെ ഏററവും ഇളയവളും എല്ലാവരുടെയും വാത്സല്യഭാജനവുമായിരുന്ന ആ കൊച്ചു കുസൃതിയുടെ ശാഠ്യത്തിന് മുതിർന്നവരെല്ലാം വഴങ്ങിയിരുന്നു.

ജർമ്മൻ—പോളിഷ് സംസ്കാരങ്ങഠം ചേർന്നുളവായ ആസ്വാദ്യകരമായ ഒരു സമ്മിശ്ര സംസ്കാരമായിരുന്നു ലക്സംബർഗ് കുടുംബത്തിൽ നിലനിന്നിരുന്നത്. ഇത് അക്കാലത്തെ യഹൂദ കുടുംബങ്ങളിലെ അന്തരീക്ഷത്തിൽ നിന്ന് തികച്ചും വ്യത്യസ്തമായ ഒരു പ്രത്യേകതയായിരുന്നു.

ജർമ്മൻ, പോളിഷ് ഭാഷകളിലെ കവിതകളും ഗാനങ്ങളും കേട്ടു വളർന്ന കൊച്ചു റോസ്‌ലി പലപ്പോഴും കവിതകഠം സ്വയം രചിക്കുകയും പാടുകയും ചെയ്തു. ഇക്കാലത്ത് അവഠം തൻെറ ചില കലാസൃഷ്ടികഠം ഒരു ബാലമാസികക്ക്അയച്ചുകൊടുത്തു. അച്ചടിച്ചുവന്നപ്പോഴേ റോസ്‌ലിയുടെ മാതാപിതാക്കഠം അത് കണ്ടുള്ളു. തങ്ങളുടെ ഇളയ മകളുടെ ബുദ്ധിവികാസത്തിൽ അഭിമാനവിജൃംഭിതരായ ആ ദമ്പതികഠം വീട്ടിൽ വരുന്നവരോടെല്ലാം അവളെ പുകഴ്ത്തി സംസാരിച്ചു. മുഖത്ത് നോക്കിയുള്ള ഈ പ്രശംസ റോസ്‌ലിക്ക് ഒട്ടും രസിച്ചിരുന്നില്ല.

പോളണ്ടിലെ ജൂതക്കുട്ടികളെ സംബന്ധിച്ചിടത്തോളം വിദ്യാഭ്യാസം ആ കാലത്ത് ഒരു പ്രയാസമേറിയ കാര്യമായിരുന്നു. അതിബുദ്ധിമതിയായ തൻെറ മകളെ വാർസയിലെ ഏററവും മികച്ച ഹൈസ്ക്കൂളിൽ ചേർക്കണമെന്നു മി. ലക്സംബർഗ് ആഗ്രഹിച്ചു. റോസ്‌ലിയുമായി അവിടെ പോയപ്പോഴാണ് മനസ്സിലാകുന്നത്, യഹൂദവംശജരായ കുട്ടികഠംക്ക് അവിടെ പ്രവേശനം ലഭിക്കുകയില്ലെന്ന്!.

പ്രവേശന പരീക്ഷയിൽ ഏററവും കൂടുതൽ മാർക്ക് നേടുന്ന ജൂത വിദ്യാർത്ഥികരംക്ക് കുറച്ച് സീററുകരം സംവരണം ചെത്തിട്ടുള്ള മററൊരു ഹൈസ്ക്കൂളിൽ ചേരാൻ റോസ്ലിക്ക് കഴിഞ്ഞു. ഏതായാലും നന്നെ ചെറുപ്പത്തിൽത്തന്നെ അസമത്വത്തിന്റെ തിക്തഫലം അവരംക്കനുഭവപ്പെട്ടു. ഇത് ഭാവിയിലെ വിപ്ലവകാരിയെ ഉണർത്താൻ സഹായിച്ചിരിക്കണം.

പോളിഷ് ജനതയെ അടിച്ചമർത്തി ഭരിച്ചിരുന്ന റഷ്യൻ ഗവണ്മെൻറ്, പോളണ്ടിലെ സ്ക്കുളുകളിൽ പോളിഷ് ഭാഷ ഉപയോഗിക്കുന്നത് കർശനമായി നിരോധിച്ചിരുന്നു. ഈ നിരോധനാജ്ഞ ലംഘിക്കുന്നവരെ ചൂണ്ടിക്കാണിച്ചു കൊടുക്കാൻ അധ്യാപകരോട് പോലീസധികൃതർ ആവശ്യപ്പെട്ടിരുന്നു. സ്വാഭാവികമായും ഇത് വിദ്യാർത്ഥികളിൽ വിദേശാധിപത്യത്തോട് വെറുപ്പും വിദ്വേഷവും ഉളവാക്കുകയും ദേശാഭിമാനത്തെ ഉത്തേജിപ്പിക്കുകയും ചെയ്തു. പലപ്പോഴും വിദ്യാർത്ഥികരം പരസ്യമായി പ്രതിഷേധപ്രകടനങ്ങരം നടത്തി. പെൺകുട്ടികളുടെ പതിവ് ഇതിലൊന്നും തലയിടാതെ, പഠിത്തത്തിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുകയായിരുന്നു. എന്നാൽ, ഈ സാമാന്യതക്ക് ഒരപവാദമെന്നോണം റോസ്ലി വിദ്യാർത്ഥി പ്രക്ഷോഭണങ്ങളുടെ മുൻപന്തിയിൽ നിന്നു. ഇതിനുള്ള പ്രതികാരമായി സ്ക്കൂളധികൃതർ ധിക്കാരിയായ റോസ്ലിക്ക് എല്ലാ വിഷയത്തിലും ഏററവും മാർക്കു നേടിയിട്ടുപോലും, നന്നായി പഠിക്കുന്ന വിദ്യാർത്ഥിക്കുള്ള സ്വർണ്ണമെഡൽ സമ്മാനിച്ചില്ല.

റോസലക്സംബർഗിന്റെ ബാല്യകാലത്തെപ്പററി വിശദമായി മനസ്സിലാക്കാൻ പ്രയോജനപ്പെടുന്ന രേഖകളൊന്നുമില്ല 1904ൽ ജയിലിൽനിന്നു, ലൂസിയാ കോട്സ്കി എന്ന സ്നേഹിതക്കയച്ച കവിത തുളുമ്പുന്ന കത്തുകളിലൊന്നിൽ കുട്ടിക്കാലത്തു ജനലിനരികിൽ പോയിനിന്നു താൻ സൂര്യോദയം ആസ്വദിക്കാ

റുള്ളതും വീട്ടിലെ ഭൃത്യനായ 'ഉയരം കൂടിയ അന്തോണി' ഉറക്കച്ചടവോടെ വേലയെടുക്കുന്നതും വിവരിച്ചിട്ടുള്ളതു മാത്രമാണ് റോസലക്സംബർഗിന്റെ പ്രസിദ്ധീകൃതമായ ബാല്യകാലസ്മരണകൾ.

റോസ്‌ലി അടക്കമുള്ള ലക്സംബർഗ് കുടുംബത്തിലെ കുട്ടികളുടെ ബുദ്ധിപരമായ വളർച്ചയിൽ, അവരുടെ അമ്മക്ക് അതിപ്രധാനമായ പങ്കുണ്ട്. പോളിഷ്—ജർമ്മൻ ഭാഷകളിലെ മികച്ച പുസ്തകങ്ങളെല്ലാം വായിക്കാൻ അവർ മക്കളെ നിരന്തരം പ്രേരിപ്പിച്ചുപോന്നു.

## വൈക്കോൽ കൂമ്പാരത്തിനുള്ളിലൂടെ വിദേശത്തേയ്ക്ക്

1877ൽ പ്രശസ്തമായ നിലയിൽ ഹൈസ്ക്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ മിസ് റോസ് ലിലക്സംബർഗ്, മാർട്ടിൻ കാസ്പർസാക്ക് എന്ന തൊഴിലാളിയുടെ നേതൃത്വത്തിൽ രഹസ്യമായി പ്രവർത്തിച്ചിരുന്ന ഒരു വിപ്ലവഗ്രൂപ്പിൽ അംഗമായി. ഈ ഗ്രൂപ്പിലെ അംഗങ്ങളും അനുഭാവികളും അവരെ റോസ എന്നായിരുന്നു വിളിച്ചിരുന്നത്. റവലൂഷനറി സോഷ്യലിസ്റ്റ്പാർട്ടി—പ്രോളിറേററിയററ് എന്നു പേരുള്ള ഈ വിപ്ലവസംഘടന, മാർക്സിസത്തെ നിരാകരിച്ചിരുന്ന ഒരു റഷ്യൻ വിപ്ലവകക്ഷിയായ നരോദ്നിക്കുകളുടെ നേതൃത്വത്തിലാണ് പ്രവർത്തിച്ചിരുന്നത്

പ്രായോഗിക പ്രവർത്തനങ്ങളോടൊപ്പം താത്വിക പഠനവും നടത്തിയിരുന്ന സത്യാന്വേഷണകുതുകിയായ റോസ , മാർക്സിൻേറയും എംഗൽസിൻേറയും ഗ്രന്ഥങ്ങൾ ഉൾപ്പെടെ നിരവധി അണ്ടർഗ്രൗണ്ട് സാഹിത്യങ്ങൾ വിമർശനബുദ്ധ്യാ വായിച്ചുപഠിച്ചു. നരോദ്നിസത്തെ തള്ളിപ്പറഞ്ഞുകൊണ്ട് മാർക്സിസത്തിൻെറ കൊടിക്കീഴിലെത്തലായിരുന്നു ഇതിൻെറ ഫലം.

മാർക്സിസം വിഭാവനം ചെയ്യുന്ന വിപ്ലവം നയിക്കാനുള്ള കെല്പും ചരിത്രപരമായ കർത്തവ്യവുമുള്ള തൊഴിലാളിവർഗ്ഗത്തെ സംഘടിപ്പിക്കുവാൻ, 1879ൽ രഹസ്യമായി രൂപീകൃതമായ പോളിഷ് വർക്കേഴ്സ് ലീഗിൻെറ നേതൃനിരയിൽ റോസയുമുണ്ടായിരുന്നു. ഈ സംഘടനയുടെ സെല്ലുകൾ വിവിധ ഫാക്ട

റികളിൽ സംഘടിപ്പിച്ചു കൊണ്ടിരിക്കുന്നതിനിടയിൽ, അവർ രഹസ്യപോലീസിൻെറ നോട്ടപ്പുള്ളിയായി. ആ അവസരത്തിൽ റോസയുടെ മുന്നിൽ രണ്ട് വഴികളേ ഉണ്ടായിരുന്നുള്ളു: ഒന്നുകിൽ രാഷ്ട്രീയവുമായുള്ള എല്ലാ ബന്ധങ്ങളും പൂർണ്ണമായി അവസാനിപ്പിച്ച് മര്യാദക്കാരി പെൺകുട്ടിയായി പഠിത്തം തുടരുകയോ അടങ്ങിയൊതുങ്ങി വീട്ടിൽ കഴിയുകയോ ചെയ്യുക. അല്ലെങ്കിൽ ദീർഘകാലത്തെ ജയിൽവാസത്തിന്നോ, സൈബീരിയയിലേക്ക് നാടുകടത്തപ്പെടുന്നതിനോ തയ്യാറാകുക.

സാർ ചക്രവർത്തിയാൽ മർദ്ദിക്കപ്പെടുന്ന റഷ്യൻ സാമ്രാജ്യത്തിൽപ്പെട്ടവളെന്ന നിലയിലും അടിമ രാജ്യമായ പോളണ്ട്കാരിയെന്ന നിലയിലും ന്യൂനപക്ഷ സമുദായമായ യഹൂദവംശജയെന്ന നിലയിലും സർവ്വോപരി ഒരു സ്ത്രീയെന്ന നിലയിലും ചതുർവിധ മർദ്ദനങ്ങൾ മാനസികമായി നൊമ്പരപ്പെടുത്തിയിരുന്നതുമൂലം വിപ്ലവരാഷ്ട്രീയത്തിൻെറ പാത ബോധപൂർവ്വം തിരഞ്ഞെടുത്ത റോസ, അതിൻെറ ഭവിഷ്യൽഫലങ്ങളെപ്പററി നല്ലവണ്ണം മനസ്സിലാക്കിയിരുന്നു; ഏത് കടുത്ത യാതനയും അനുഭവിക്കാൻ തയ്യാറുമായിരുന്നു. എന്നാൽ, ജയിലഴികൾക്കുള്ളിലോ സൈബീരിയൻ ശൈത്യ പ്രദേശത്തോ ജീവിതം തള്ളിനീക്കുന്നതിന്ന് പകരം ഏതെങ്കിലും വിദേശരാജ്യത്തേക്ക് കടന്ന് വിപ്ലവപ്രവർത്തനവും പഠിത്തവും ഒന്നിച്ചു നടത്തുകയാണ് വേണ്ടതെന്ന അഭിപ്രായമാണ് റോസയുടെ സഹപ്രവർത്തകർക്കുണ്ടായിരുന്നത്. (പോലീസിന്ന് പിടികൊടുക്കാതെ പോളണ്ടിൽത്തന്നെ ഒളിവിലിരുന്ന് രാഷ്ട്രീയപ്രവർത്തനം നടത്താനുള്ള സാഹചര്യം അന്നുണ്ടായിരുന്നില്ല )

റോസ പോളണ്ട് വിടുകയാണെങ്കിൽ, അപകടകരമായ രാഷ്ട്രീയ പ്രവർത്തനം ഉപേക്ഷിച്ച് പഠിപ്പിൽ ശ്രദ്ധ കേന്ദ്രീകരിച്ച് ഉന്നതബിരുദങ്ങൾ നേടി ജീവിത വിജയം കൈവരിക്കുമെന്ന വ്യാമോഹം മൂലം

വീട്ടുകാരും നാടുവിടലിനെ പ്രോൽസാഹിപ്പിച്ചു. പക്ഷേ, പോളണ്ടിൻെറ അതിർത്തി കടക്കണമെങ്കിൽ പാസ്പോർട്ട് വേണം. മററാർക്ക് ലഭിച്ചാലും പോലീസിൻെറ നോട്ടപ്പുള്ളികൾക്ക് പാസ്പോർട്ട് കിട്ടുകയില്ല. മാത്രമല്ല. റോസലക്സംബർഗിന്നു നാടുവിടാനുദ്ദേശമുണ്ടെന്നറിഞ്ഞാൽ ഉടൻ അറസ്റ്റ് ചെയ്യപ്പെടാനും സാദ്ധ്യതയുണ്ട്.

റോസലക്സംബർഗിനെ വിദേശത്തു എത്തിക്കേണ്ട ചുമതല, വിപ്ലവപാർടി പ്രാദേശിക നേതാവായ മാർട്ടിൻകാസ്പർസാക്കിനു നൽകി. അദ്ദേഹം, ഒരു കള്ളക്കടത്തു സംഘത്തെ സമീപിച്ചു. അവർ ആ യുവതിയെ പോളിഷ് അതിർത്തി കടത്തിക്കൊടുക്കാമെന്നേററു.

കള്ളക്കടത്തു സംഘത്തോടൊപ്പം റോസ വാർസയിൽ നിന്നു പുറപ്പെട്ടു. കുഴപ്പമൊന്നും കൂടാതെ, പോളണ്ടിൻെറ അതിർത്തിയിലുള്ള ഒരു ഗ്രാമത്തിലെത്തി. അപ്പോഴേക്കും, കള്ളക്കടത്തുസംഘം കസ്റ്റംസ്കാരുടെ ദൃഷ്ടിയിൽപ്പെട്ടതുകൊണ്ട് അതിർത്തി കടത്തൽ പരിപാടി നടന്നില്ല ഉടനെ കാസ്പർസാക്ക് മറെറാരു പരിപാടി ആസൂത്രണം ചെയ്തു. അയാൾ റോസയെ ആ ഗ്രാമത്തിലെ റോമൻ കത്തോലിക്കാ പുരോഹിതൻെറ അടുത്തേക്ക് കൂട്ടിക്കൊണ്ടുപോയി. വാർസയിലെ ഒരു ഉന്നത യഹൂദകുടുംബാംഗമായ തനിക്ക് ക്രിസ്തുമതത്തിൽ ചേരാൻ അതിയായ ആഗ്രഹമുണ്ടെന്നും മതപരിവർത്തനത്തിനുശേഷം, കത്തോലിക്കനായ തൻെറ കാമുകനുമായി വിവാഹബന്ധത്തിൽ ഏർപ്പെടാൻ ഉദ്ദേശിക്കുന്നുവെന്നും, റോസയെക്കൊണ്ടു പറയിപ്പിച്ചു. നാട്ടിൽ പ്രമാണികളായ തൻെറ കുടുംബാംഗങ്ങൾ അറിഞ്ഞാൽ ഇതൊന്നും നടക്കുകയില്ലെന്നും, അതുകൊണ്ട്, പാസ്പോർട്ട് ഇല്ലാതെ തന്നെ അതിർത്തികടക്കാൻ സഹായിച്ച്, ക്രിസ്തുവിൻെറ മാർഗ്ഗം സ്വീകരിക്കാൻ സാഹചര്യമുണ്ടാക്കിത്തരണമെന്നും ആ യുവതി കേണപേക്ഷിച്ചപ്പോൾ, ശുദ്ധാത്മാ

വായ ആ പാതിരിയുടെ മനസ്സിളകി. അദ്ദേഹം അതിർത്തി കടക്കാൻ ആവശ്യമായ ഏർപ്പാടുകളെല്ലാം ചെയ്തു കൊടുത്തു. അതിന്റെ ഫലമായി, ഒരു കൃഷിക്കാരന്റെ വണ്ടിയിൽ വൈക്കോൽ കൂമ്പാരത്തിനുള്ളിൽ ഒളിച്ചു കിടന്നുകൊണ്ടു പോളണ്ടിൽനിന്നു പുറത്തുകടക്കാൻ ആ യുവ വിപ്ലവകാരിക്ക് സാദ്ധ്യമായി. അന്നവർക്ക് ഇരുപത് വയസ്സ് തികഞ്ഞിരുന്നില്ല.

## വിദ്യാഭ്യാസവും വിപ്ലവപ്രവർത്തനങ്ങളും

പോലീസിന്റെ കണ്ണുവെട്ടിച്ചുകൊണ്ട് സ്വിററ്സർലണ്ടിലെത്തിയ റോസ, സൂറിച്ച് സർവകലാശാലയിലെ ഫിലോസഫി ഫാക്കൽററിയിൽ വിദ്യാർത്ഥിനിയായി ചേർന്നു യൂനിവേഴ്സിററിയിലെ ഗണിതശാസ്ത്ര ക്ലാസ്സുകളിലും നാച്ചുറൽ സയൻസ് കോഴ്സിലും അവർ ഹാജരാകാറുണ്ടായിരുന്നു. പ്രകൃതിശാസ്ത്രത്തോടും സസ്യ–മൃഗാദികളോടും റോസലക്സംബർഗിനുണ്ടായിരുന്ന താല്പര്യം അവരുടെ ജീവിതകാലം മുഴുവൻ നിലനിന്നു. യാതനാനിർഭരമായ രാഷ്ട്രീയ ജീവിതത്തിൽ നിന്ന് തെല്ലൊരൊഴിവ് ലഭിക്കുമ്പോൾ മാനസികോല്ലാസത്തിന്നുവേണ്ടി അവർ അഭയം തേടാറുണ്ടായിരുന്നത് പ്രകൃതി ശാസ്ത്രത്തേയും സസ്യ–മൃഗാദികളേയുമായിരുന്നു എല്ലാററിലുമുപരി, രാഷ്ട്രീയക്കാരിയായിരുന്ന ആ വിദ്യാർത്ഥിനി പൊളിററിക്കൽ സയൻസ് കോഴ്സിലും ചേർന്നു. ഇതിലാണ് അവർ ഡോക്ടറേററ് നേടിയത്.

യൂറോപ്പിൽ വെച്ചേററവും സ്വാതന്ത്ര്യമുള്ള രാജ്യമായിരുന്നു സ്വിററ്സർലണ്ട്. അതുകൊണ്ട് അവിടെ പല നാടുകളിൽ നിന്നുമുള്ള രാഷ്ട്രീയ അഭയാർത്ഥികൾ ഉണ്ടായിരുന്നു. ഇവരിൽ പലരും യുവത്വത്തിലേക്ക് കാലൂന്നിത്തുടങ്ങുന്നവർ. വിദ്യാഭ്യാസം തുടർന്നിരുന്നുവെങ്കിലും തങ്ങളുടെ ഭാവിയേക്കാളേറെ അവരെല്ലാം ചിന്തിച്ചിരുന്നത് മനുഷ്യരാശിയുടേയും തങ്ങളുടെ ജന്മ നാടുകളുടേയും ഭാവിയെപ്പററിയായിരുന്നു. വിലകുറഞ്ഞ സിഗരററുകളുടെ പുകനിറഞ്ഞതും, താമസസൗകര്യം കുറഞ്ഞതുമായ മുറികളിൽ

കടുപ്പമേറിയ കരിഞ്ചായയും വിശപ്പടക്കാൻ മതിയാകാത്ത അല്പം റൊട്ടിക്കഷണങ്ങളും അകത്താക്കിക്കൊണ്ട് അഭയാർത്ഥി യുവാക്കൾ അവസാനിക്കാത്ത ചർച്ചകളിലും വാദപ്രതിവാദങ്ങളിലും മുഴുകി. മാനവികമായ എന്തും അവിടെ ചർച്ചചെയ്യപ്പെട്ടിരുന്നു. പൂർണ്ണമായ സ്ത്രീ–പുരുഷ സമത്വത്തോടൊപ്പം സ്വയം അംഗീകരിച്ച ഉയർന്ന സദാചാരക്രമവും അവിടെ നിലനിന്നിരുന്നു.

സൂറിച്ചിലെത്തിയ ഉടൻ ഇക്കൂട്ടത്തിൽ ചേർന്ന റോസലക്സംബർഗിന്ന് അററമില്ലാത്ത ചർച്ചകളും വാദപ്രതിവാദങ്ങളും മാത്രം പരിപാടിയായ ഈ 'ബൊഹീമിയൻ' ജീവിതം വളരെ വേഗം മടുത്തു. ജർമ്മനിയിൽ നിന്ന് നാടുകടത്തപ്പെട്ട സോഷ്യലിസ്റ്റ്കാരനും എഴുത്തുകാരനുമായ ല്യുബക്കിൻെറ വീട്ടിലേക്കവർ താമസം മാററി. ല്യുബക്കിൻെറ മാർഗ്ഗദർശനത്തിലൂടെ ലേഖനങ്ങളെഴുതാൻ പരിശീലിച്ച റോസ പലപ്പോഴും അദ്ദേഹത്തിൻെറ പേരിൽ ലേഖനങ്ങളെഴുതാറുണ്ടായിരുന്നു. ഇതോടൊപ്പം ല്യുബക്ക്കുടുംബത്തിൻെറ ഗൃഹഭരണച്ചുമതലയും അവരേറെറടുത്തു

പഠനത്തോടൊപ്പം സൂറിച്ചിലെ തൊഴിലാളിപ്രസ്ഥാനത്തിലും റോസലക്സംബർഗ് സജീവമായി പ്രവർത്തിച്ചിരുന്നു. റഷ്യൻമാർക്സിസ്റ്റാചാര്യനായ പ്ലഖ്നൊവ്, വനിതാവിപ്ലവകാരിയായ പെരാസാസുലിച്ച് തുടങ്ങിയ രാഷ്ട്രീയ അഭയാർത്ഥികളുടെ താത്ത്വിക പ്രവർത്തനങ്ങളിലും അവർ പങ്കുചേർന്നു. പക്ഷേ, രാഷ്ട്രീയ അഭയാർത്ഥികൾക്കിടയിലെ വ്യക്തിഗതമായ വഴക്കുകളിൽ നിന്നും ക്ലിക്കുകളിൽ നിന്നും അവർ പൂർണ്ണമായും അകന്നു നിന്നു.

പോളണ്ടിലെ വിവിധ സോഷ്യലിസ്റ്റ് ഗ്രൂപ്പുകളെ ഒരേകീകൃതപാർട്ടിയിൽ അണിനിരത്താനുള്ള ശ്രമങ്ങളിലും, സുറിച്ച് വാസക്കാലത്ത് റോസലക്സംബർഗ് സജീവ പങ്കു വഹിച്ചു. അതിൻെറ ഫലമായി 1892–ൽ രൂപം കൊണ്ട പോളിഷ് സോഷ്യലിസ്റ്റ് പാർട്ടിയുടെ സ്ഥാപകാംഗങ്ങളിൽ അവരും ഉൾപ്പെട്ടു.

പക്ഷേ, അധികം താമസിയാതെ ആ യുവ വിപ്ലവകാരിയും പാർട്ടിയിലെ തലമുതിർന്ന നേതാക്കളും തമ്മിൽ അഭിപ്രായ സംഘട്ടനമാരംഭിച്ചു. 1893–ൽ സോഷ്യലിസ്റ്റ് ഇൻറർ നാഷലിൻെറ മൂന്നാം കോൺഗ്രസ്സിൽ ഒരു പ്രതിനിധിയായി റോസലക്സംബർഗ് പങ്കെടുക്കുന്നത് തടയാൻ പോളിഷ് സോഷ്യലിസ്റ്റ്പാർടി നേതാക്കരം ശ്രമിച്ചു. ആ ശ്രമം ഭാഗികമായി വിജയിക്കുകയും ചെയ്തു. ക്രൂസിനസ്ക എന്ന വ്യാജപ്പേരിൽ വോട്ടവകാശമില്ലാത്ത ഒരു പ്രതിനിധിയായി പങ്കെടുക്കാനേ റോസയ്ക്ക് സാദ്ധ്യമായുള്ളൂ. എങ്കിലും, പോളണ്ടിൻെറ ചരിത്രവും രാഷ്ട്രീയ സ്ഥിതിഗതികളും മാർക്സിസത്തിൻെറ അടിസ്ഥാനത്തിൽ വിശകലനം ചെയ്തുകൊണ്ട് വിശദമായ ഒരു റിപ്പോർട്ട് സമ്മേളനത്തിൻെറ ആദ്യദിവസംതന്നെ അവതരിപ്പിക്കുവാനും പ്രതിനിധികളുടെയാകെ ശ്രദ്ധ പിടിച്ചുപററാനും അവർക്ക് വിഷമമുണ്ടായില്ല ഇതു പോളിഷ് പാർട്ടിനേതാക്കരംക്ക് ഒരടിയായിരുന്നു. അവരുടെ കുത്തിത്തിരിപ്പുകരംമൂലം പ്രാതിനിധ്യതർക്കങ്ങരം കയ്യാളാൻ രൂപികരിക്കപ്പെട്ട കമ്മീഷൻ പിറേറന്നുമുതൽ പ്രതിനിധിയെന്ന നിലയിൽ റോസ സമ്മേളനത്തിൽ പങ്കെടുക്കുന്നതുപോലും നിരോധിച്ചു. വലതുപക്ഷ സോഷ്യലിസ്റ്റ് പോളിഷ് നേതാക്കളുടെ കുതന്ത്രങ്ങരംക്ക് കാറൽമാർക്സിൻെറ നിതാന്തസഹചാരിയും സഹപ്രവർത്തകനുമായിരുന്ന ഫെഡറിക്ക്എംഗൽസും റഷ്യൻ മാർക്സിസ്റ്റ് പ്രസ്ഥാനത്തിൻെറ പിതാവുമായ പ്ലഖ്നോവും കൂട്ടുനിന്നു. ചില തെററിദ്ധാരണകരം മൂലമാണ് ഇത് സംഭവിച്ചത്.

സോഷ്യലിസ്റ്റ് ഇൻറർനാഷനലിൻെറ നേതാക്കളിലൊരാളും പില്ക്കാലത്തു ബെൽജിയത്തിൽ മന്ത്രിയുമായ എമിലിവെൻഡർവെൽഡ് നാല്പതു കൊല്ലങ്ങരംക്കുശേഷം പ്രസിദ്ധപ്പെടുത്തിയ തൻെറ 'സ്മരണകളി'ൽ ലളിതവസ്ത്രങ്ങരംധരിച്ച 23 വയസ്സുകാരിയായ റോസലക്സംബർഗ് ഇൻറർനാഷനലിൻെറ മൂന്നാം

കോൺഗ്രസ്സിൽ വഹിച്ച പങ്കിനെ അഭിനന്ദിച്ചുകൊണ്ട് എഴുതീട്ടുണ്ട്. എല്ലാകാലത്തും റോസയുടെ രാഷ്ട്രീയത്തോട് കടുത്ത വിയോജിപ്പുണ്ടായിരുന്ന ഒരു വ്യക്തിയാണു മി. വെൻഡർവെൽഡ് എന്നതു പ്രത്യേകം പ്രസ്താവ്യമാണ്.

1894-ൽ റോസയും സഖാക്കളും പോളിഷ് സോഷ്യലിസ്റ്റ് പാർട്ടിയിൽനിന്നു പുറത്തുപോന്നു. 'സോഷ്യൽ ഡമോക്രസി ഓഫ് ദി കിങ്ഡം ഓഫ് പോളണ്ട്' എന്ന പേരിൽ ഒരു മാർക്സിസ്റ്റ് സംഘടന രൂപീകരിച്ചു. അവർ രാഷ്ട്രീയപ്രവർത്തനം തുടർന്നു. അഞ്ചുകൊല്ലങ്ങൾക്കുശേഷം, ഈ സംഘടനയുടെ പേര് 'സോഷ്യൽഡമോക്രാററിക്പാർട്ടി ഓഫ് പോളണ്ട് ആൻറ് ലിത്വാനിയ' എന്നാക്കിമാററി.

1896-ൽ സോഷ്യലിസ്റ്റ് ഇൻറർനാഷണലിൻെറ ലോകകോൺഗ്രസ്സ് ലണ്ടനിൽ ചേർന്നപ്പോഴും റോസയും കൂട്ടുകാരും അതിൽ പങ്കെടുക്കുന്നത് തടയാൻ പോളിഷ് വലതുപക്ഷ നേതാക്കൾ ശ്രമിക്കാതിരുന്നില്ല വാർസയിലെ പട്ടാളത്തലവനായ കേണൽ മർക്കാഗ്രാവ്സ്കിയുടെ ഇഷ്ടക്കാരിയാണ് റോസലക്സംബർഗ് എന്നൊരു വൃത്തികെട്ട അപവാദം പോലും അവർ പ്രചരിപ്പിച്ചുനോക്കി. ഒരു നേതാവ് തൻെറ പ്രസംഗത്തിൽ ''റോസലക്സംബർഗിനെപ്പോലെയുള്ള അഴിഞ്ഞാട്ടക്കാരികൾ സോഷ്യലിസ്റ്റ് പ്രസ്ഥാനം അശുദ്ധമാക്കുന്നത് ഞങ്ങൾ സഹിക്കുകയില്ല എന്നു ചീറി. ഇതുകൊണ്ടൊന്നും പക്ഷേ, റോസയെ സമ്മേളനത്തിൽ നിന്ന് പുറത്താക്കാൻ സാദ്ധ്യമായില്ല. മാത്രമല്ല, പോളിഷ് വലതുപക്ഷ സോഷ്യലിസ്റ്റ് നേതൃത്വം അവതരിപ്പിച്ചതും റോസലക്സംബർഗും സഹപ്രവർത്തകരും ശക്തിയായി എതിർത്തതുമായ ഒരു പ്രമേയം സമ്മേളനം തള്ളിക്കളയുകയും ചെയ്തു.

1900ൽ ഇൻറർനാഷനലിൻെറ അഞ്ചാം കോൺഗ്രസ്സ് പാരീസിൽ സമ്മേളിച്ചപ്പോഴും, പോളിഷ്വലതുപക്ഷക്കാർ റോസക്കെതിരായി ഹീനമായ അടവുകൾ

തുടർന്നു. അതും പരാജയപ്പെട്ടു. 'മിലിറ്ററിസ'ത്തെ പ്പററി വിശദമായ ഒരു രേഖ തയ്യാറാക്കാൻ ഈ സമ്മേളനം റോസലക്സംബർഗിനെയാണ് ചുമതലപ്പെടുത്തിയത്.

റോസക്കെതിരെ പോളണ്ടിലെ വലതുപക്ഷ സോഷ്യലിസ്റ്റ് നേതാക്കൾ മാത്രമല്ല അപവാദപ്രചരണം നടത്തിയത്. ആ യുവ സുന്ദരി സാർചക്രവർത്തിയുടെ രഹസ്യപ്പോലീസിൻെറ ഏജൻറാണെന്ന് താൻ ബലമായി സംശയിക്കുന്നുവെന്ന് കാറൽമാർക്സിൻെറ സുഹൃത്തും ജർമ്മൻ സോഷ്യൽ ഡമോക്രാററിക്പാർട്ടി നേതാവുമായ വില്ല്യം ലീബ്ക്നെററ് എഴുതുകയുണ്ടായി എംഗൽസിൻെറയും പ്ലഖനോവിൻെറയും എതിർപ്പുകളുടെ മുമ്പിൽ ചൂളാതെ നിന്ന ആ ധീരയുവതി ഇതുകൊണ്ടൊന്നും കൂസിയില്ല. തൻെറ ആരോപണം അടിസ്ഥാനരഹിതമാണെന്ന് തനിക്ക് ബോദ്ധ്യപ്പെട്ടതിനാൽ ആ വിപ്ലവകാരിയോട് മാപ്പുചോദിക്കുന്നുവെന്ന് വർഷങ്ങൾക്കുശേഷം വില്ല്യംലിബ്ക്നെററ് പരസ്യമായി പ്രസ്താവിച്ചത് ഇത്തരുണത്തിൽ സ്മരണീയമാണ്.

പോളണ്ടിലെ വ്യവസായ വികസനം എന്ന ശീർഷകത്തിൽ സമർപ്പിച്ച തീസിസിന്ന് 1897--ൽ സൂറിച്ച് സർവ്വകലാശാലയിൽ നിന്ന് റോസലക്സംബർഗിന്ന് പി എച്ച്. ഡി. ലഭിച്ചു.

പോളണ്ടിലെ വിപ്ലവസോഷ്യലിസ്റ്റ് പ്രസ്ഥാനത്തിന്റെ നില, ഇതിനകം ദയനീയമായിക്കഴിഞ്ഞിരുന്നു. പാർട്ടിപ്രവർത്തകരിൽ ബഹുഭൂരിപക്ഷം പേരും അറസ്റ്റുചെയ്യപ്പെട്ട് ജയിലഴികൾക്കുള്ളിലോ നാടുകടത്തപ്പെട്ട് വിദൂരമായ സൈബീരിയയിലോ കഴിഞ്ഞിരുന്നതിനാൽ പാർട്ടിയുടെ അണ്ടർഗ്രൗണ്ട്മെഷ്യനറി ആകെ തകർന്നിരുന്നു. തന്മൂലം പാർടിയുടെ മുഖപത്രത്തിന്റെ പ്രസിദ്ധീകരണം നിലച്ചിരുന്നു. ഈ പരിതഃസ്ഥിതിയിൽ സ്വിററ്സർലണ്ടിലിരുന്നുകൊണ്ട്, പോളണ്ടിലെ വിപ്ലവപാർടിയെ നയിക്കുക എന്നതിന്നർത്ഥം, നിഷ്ക്രിയയായി കഴിഞ്ഞുകൂടുക എന്നതായിരുന്നു. രഹസ്യമായി പോളണ്ടിലേയ്ക്ക് കടന്നാലും, .ഒളിവിലിരുന്നു പ്രവർത്തിക്കാനുള്ള സാഹചര്യവുമില്ല.

ജർമ്മനിയിൽ സ്ഥിരതാമസമാക്കിയാൽ, വിപ്ലവപ്രവർത്തനങ്ങൾ ഫലപ്രദമായി നടത്താൻ കഴിയുമെന്നു പർവൂസ്* തുടങ്ങിയ ജർമ്മൻ മാർക്സിസ്റ്റ് സുഹൃത്തുക്കൾ അഭിപ്രായപ്പെട്ടു.

---

*ഒരു റഷ്യൻ അഭയാർത്ഥി കുടുംബത്തിൽ ജനിച്ച പർവ്യൂസ് ആദ്യകാലത്തു മാർക്സിസ്റ്റ് തിയററീഷ്യനും തീവ്രവാദിയുമായിരുന്നു പിന്നീട് വലിയ പണക്കാരനാവുകയും മാർക്സിസത്തിന്റെ വിപ്ലവാശയങ്ങൾ ഉപേക്ഷിക്കുകയും ചെയ്തു.

പത്രപ്രവർത്തനത്തിലൂടെ ജീവിക്കാനുള്ള സമ്പാദ്യം ഉണ്ടാക്കാൻ കഴിയുമെന്നും അവർ ഉറപ്പുകൊടുത്തു.

ജർമ്മനിയിൽ രാഷ്ട്രീയപ്രവർത്തനങ്ങളിലേർപ്പെടണമെങ്കിൽ ജർമ്മൻപൗരത്വം ലഭിക്കണം. അതത്ര എളുപ്പമല്ല; ഒരു വിപ്ലവകാരിക്ക് പ്രത്യേകിച്ചും. ഒരേ ഒരു വഴിയുണ്ട്: ഒരു ജർമ്മൻപൗരനെ വിവാഹം കഴിക്കുക. ജർമ്മൻ പൗരൻമാരുടെ വിദേശികളായ ഭാര്യമാർക്ക് ജർമ്മനിയിലെ പൗരത്വത്തിന്നു അർഹതയുണ്ടെന്നു പ്രഖ്യാപിക്കുന്ന, ജർമ്മർ പൗരത്വനിയമത്തിലെ വകുപ്പ് റോസ കണ്ടെത്തിപ്പിടിച്ചു. ഇനി ഒരു വരനെ കിട്ടണമല്ലോ. ആ കുഴഞ്ഞ പ്രശ്നത്തിന്നും ആ മിടുക്കി പരിഹാരം കണ്ടുപിടിച്ചു. സൂറിച്ചിൽ താൻ താമസിച്ചിരുന്ന വീട്ടിലെ ഗൃഹനാഥന്റെ മകനും ജർമ്മൻ പൗരത്വമുള്ളവനുമായ ഗുസ്താവ് ല്യുബക്കിനോട് തന്നോടൊപ്പം വിവാഹരജിസ്റ്റാറരുടെ ഓഫീസിൽവന്നു തന്റെ ഭർത്താവെന്നനിലയിൽ വിവാഹ രജിസ്ററററിൽ ഒപ്പുവെയ്ക്കാൻ റോസലക്സംബർഗ് ആവശ്യപ്പെട്ടു. വിപ്ലവകാരികളായ കാറലും ഒളിമ്പ്യയും (ഗുസ്താവിന്റെ മാതാപിതാക്കൾ) ഈ വിവാഹ നാടകത്തിനു സമ്മതം മൂളിയപ്പോൾ, റോസയെക്കാൾ പ്രായംകുറഞ്ഞ ഗുസ്താവിന്നു വരന്റെ വേഷം കെട്ടാൻ ധൈര്യംകിട്ടി. റജിസ്ററർ ഓഫീസിൽനിന്നു വിവാഹസർട്ടിഫിക്കററ് കയ്യിൽകിട്ടിയ ഉടൻ ആ 'ദമ്പതിമാർ' രണ്ടുവഴിക്ക് പിരിഞ്ഞു. 1889 ഏപ്രിൽ 19 ന്നാണ് ഇത് നടന്നത്.

പിന്നീട്, അഞ്ചുകൊല്ലങ്ങൾക്കു ശേഷമാണു അവർ നിയമപരമായ വിവാഹമോചനം നടത്തിയത്. അതിനകം റോസലക്സംബർഗിന്നു ജർമ്മൻ പൗരത്വം ലഭിച്ചുകഴിഞ്ഞിരുന്നു.

റോസലക്സംബർഗിന്റെ ഒമ്പതുകൊല്ലക്കാലത്തെ സ്വിററ്സർലണ്ട് ജീവിതകഥ പൂർത്തിയാകണമെങ്കിൽ ലിയോജ്യോഗിച്ച് എന്ന മനുഷ്യനെക്കൂടി പരിചയപ്പെടേണ്ടിയിരിക്കുന്നു. പോളണ്ടിലെ വിൽനാ എന്ന പട്ടണത്തിലെ ഒരു ധനികയഹൂദകുടുംബത്തിൽ ജനിച്ച ലിയോ, ഹൈസ്കൂൾ വിദ്യാർത്ഥിയായിരിക്കുമ്പോഴാണു വിപ്ളവപ്രസ്ഥാനവുമായി ബന്ധപ്പെട്ടത്. വിപ്ലവത്തിന്നുവേണ്ടി സ്വയം സമർപ്പിച്ച അനാഗതശ്മശ്രുവായ ആ ബാലൻ പഠിത്തം പൂർത്തിയാക്കാതെ, വിപ്ലവപാർട്ടിയുടെ മുഴുവൻസമയ പ്രവർത്തകനായി മാറി.

1885ൽ, ലിയോജ്യോഗിച്ച് വിൽനയിൽ ആദ്യത്തെ റവല്യൂഷനറി സർക്കിൾ രൂപീകരിച്ചു. അന്നദ്ദേഹത്തിന്നു വെറും പതിനെട്ടുവയസ്സാണ്. 1897ൽ രൂപീകൃതമായ 'ബണ്ടി' (ജൂയിഷ് വർക്കേഴ്സ് ലീഗ്) ന്റെ സ്ഥാപകനായ ഗോർഡൻ, വിൽനയിലെ തൊഴിലാളിവർഗ്ഗപ്രസ്ഥാനത്തിന്റെ സ്ഥാപകനും യഥാർത്ഥനേതാവുമെന്നാണ് ലിയോജ്യോഗിച്ചിനെ വിശേഷിപ്പിച്ചത്. പില്ക്കാലത്തു പോളണ്ടിലെ സർവ്വാധിപതിയായിത്തീർന്ന പിൽഡുസ്കി, ഫ്രഞ്ച്സോഷ്യലിസ്റ്റ് പാർട്ടിയുടെ താത്വികാചാര്യനായ ചാറൽസ് റപ്പോർട്ട് എന്നിവർ ലിയോവിന്റെ റവലൂഷനറി സർക്കിളിൽനിന്നാണ് രാഷ്ട്രീയത്തിന്റെ 'ഹരിഃശ്രീ' പഠിച്ചത്.

തൊഴിലാളിവർഗ്ഗത്തെ സ്വന്തം വർഗ്ഗമായി സ്വീകരിച്ച്, വീട്ടിലെ സുഖസൗകര്യങ്ങളെല്ലാം വലിച്ചെറി

ഞ്ഞ്, സാധാരണക്കാരിൽ സാധാരണക്കാരനായി ജീവിച്ച ലിയോജ്യോഗിച്ച്, സ്വയം കർശനമായ അച്ചടക്കം പാലിച്ചിരുന്നു. രഹസ്യ പ്രവർത്തനങ്ങളോട് വല്ലാത്ത കമ്പം പുലർത്തിയിരുന്ന ആ സാഹസികൻ, വിപ്ലവ സാഹിത്യങ്ങൾ സുരക്ഷിതമായി ഉല്പാദിപ്പിക്കാൻ വേണ്ടി കമ്പോസിങ്ങും പ്രിൻറിങ്ങും സ്വയമായി പഠിച്ചു. റഷ്യൻ പട്ടാള ഓഫീസർമാർക്കിടയിൽപ്പോലും അദ്ദേഹം വിപ്ലവഗ്രൂപ്പുകൾ രൂപീകരിച്ചു. രാഷ്ട്രീയ വിദ്യാഭ്യാസം നേടാൻ വേണ്ടി കഠിനമായി പരിശ്രമിച്ചതോടൊപ്പം വായിക്കാനും പഠിക്കാനും അദ്ദേഹം തൻെറ അനുയായികളെ നിർബ്ബന്ധിച്ചു.

അധികം താമസിയാതെ ലിയോ ജ്യോഗിച്ചിൻെറ പ്രവർത്തനങ്ങൾ രഹസ്യപോലീസ് മണത്തറിഞ്ഞു. 1888ൽ അദ്ദേഹം ആദ്യമായി അറസ്റ്റ് ചെയ്യപ്പെട്ടു, വ്യക്തമായ ചാർജ്ജുകൾ ഒന്നുമില്ലാതിരുന്നതുകൊണ്ട്, അധികനാൾ കഴിയുന്നതിനുമുമ്പ് അദ്ദേഹം വിമോചിതനായി. വിപ്ലവ പ്രവർത്തനങ്ങളിൽ ആണ്ടിറങ്ങിയ ലിയോ 1889ലെ മേയ് ദിനാചരണം സംബന്ധിച്ച് വീണ്ടും അറസ്റ്റ് ചെയ്യപ്പെട്ടു. നാല് മാസങ്ങൾക്ക് ശേഷം വിട്ടയക്കപ്പെട്ടെങ്കിലും, നിർബ്ബന്ധ പട്ടാള സേവനത്തിന്നു ഹാജരാകാൻ അധികൃതർ ആവശ്യപ്പെട്ടു. റിക്രൂട്ടിങ്ങ് ഓഫീസിൽനിന്നു ഒളിച്ചോടിയ ലിയോ, 1890ലെ ശിശിരകാലത്തു സ്വിററ്സർലാണ്ടിലെ സൂറിച്ചിൽ ചെന്നാണു പൊങ്ങിയത്. കളിമണ്ണു കയററിപ്പോയിരുന്ന തീവണ്ടി വാഗണിൽ, മണ്ണിനുള്ളിൽ കിടന്നാണത്രേ അദ്ദേഹം പോളണ്ടിൻെറ അതിർത്തി കടന്നത്. സ്വിററ്സർലാണ്ടിലെത്തിയപ്പോൾ ലിയോൺ ഗ്രോസ്വോസ്കി എന്ന വ്യാജപ്പേരിൽ ഒരു പാസ്പോർട്ട് അദ്ദേഹത്തിൻെറ കൈവശമുണ്ടായിരുന്നു.

പ്ലഖനോവ്, അക്സൽറോഡ് എന്നിവരുടെ നേതൃത്വത്തിൽ യൂറോപ്പിൽ പ്രവർത്തിച്ചിരുന്ന ഒരു റഷ്യൻ മാർക്സിസ്റ്റ് ഗ്രൂപ്പുമായി ലിയോ ബന്ധപ്പെ

ട്ടു. ധനിക കുലജാതനായ ലിയോവിന്ന് നല്ല സാമ്പത്തികശേഷിയുണ്ടായിരുന്നു. തന്റെ റഷ്യൻ സഖാക്കൾക്ക് വേണ്ടി അദ്ദേഹം കൈയയച്ചു പണം ചെലവാക്കി. പക്ഷേ, പ്ലഖനോവിന്റെയും ലിയോവിന്റെയും അഹന്തകൾ പൊരുത്തപ്പെട്ടു പോയില്ല. തുടർന്നു, അദ്ദേഹം റഷ്യൻ ഗ്രൂപ്പുമായുള്ള ബന്ധം വേർപെടുത്തി. താമസിയാതെ സ്വിററ്സർലാണ്ടിലുള്ള പോളിഷ് വിപ്ലവകാരികളുടെ നേതാവായി.

ഇക്കാലത്താണദ്ദേഹം റോസലക്സംബർഗുമായി പരിചയപ്പെട്ടത്. കൂട്ടായ രാഷ്ട്രീയ പ്രവർത്തനങ്ങൾ ഇരുവരേയും വൈയക്തികമായി അടുപ്പിച്ചു. രണ്ടുപേരും തങ്ങളുടെ ലക്ഷ്യത്തോട് അഗാധമായ കൂറുള്ളവരും ത്യാഗസന്നദ്ധരും നിസ്വാർത്ഥികളുമായിരുന്നെങ്കിലും വൈകാരികമായി വളരെ ഭിന്നസ്വഭാവക്കാരായിരുന്നു. എന്നിട്ടും അവരുടെ വ്യക്തിഗതമായ അടുപ്പം പ്രേമമായി വളർന്നു. അങ്ങിനെ അവർ ദമ്പതികളായി. റജിസ്ട്രേഷ് ആഫീസിൽവെച്ചോ, പള്ളിയിൽവെച്ചോ, സുഹൃൽസദസ്സിൽവെച്ചോ അല്ല അവർ വിവാഹിതരായത്. അവർ തമ്മിൽ കല്യാണം തന്നെ കഴിച്ചിരുന്നില്ല. നീണ്ട പതിനഞ്ച് വർഷക്കാലം അവർ ഭാര്യാഭർത്താക്കന്മാരായി ജീവിച്ചു. 1907ൽ ദാമ്പത്യബന്ധം അവസാനിപ്പിക്കാൻ ഇരുവരും യോജിച്ച് തീരുമാനിച്ചു. പക്ഷേ, അവരുടെ സുഹൃൽബന്ധവും രാഷ്ട്രീയ സഖാക്കളെന്ന ബന്ധവും അന്ത്യശ്വാസംവരെ നിലനിന്നു.

## ഫ്രാൻസിൽ, ജർമ്മനിയിൽ

സ്വിററ്സർലണ്ടിൽനിന്നു റോസ പോയതു പാരീസിലേയ്ക്കാണ്. ഫ്രാൻസിലെ സോഷ്യലിസ്റ്റു പാർട്ടിയിലെ മാർക്സിസ്റ്റുവിഭാഗത്തിൻെറ നേതാക്കളുമായി ബന്ധപ്പെട്ടുകൊണ്ട് ആറുമാസത്തിലേറെക്കാലം അവരവിടെ താമസിച്ചു. ഇക്കാലത്തു ഫ്രഞ്ചു ഭാഷ നന്നായി വശമാക്കിയ റോസ ഫ്രാൻസിലെ ഇടതുപക്ഷപത്രങ്ങളിൽ ലേഖനങ്ങളെഴുതിയിരുന്നു.

റോസലക്സംബർഗ് ജർമ്മനിയിൽ പ്രവേശിക്കുന്നതിന്നു മുമ്പ്തന്നെ, ജർമ്മൻ സോഷ്യലിസ്റ്റുകൾക്കിടയിൽ പ്രസിദ്ധമായിക്കഴിഞ്ഞിരുന്നു; കാറൽകൗട്സ്കിയുടെ പത്രാധിപത്യത്തിലിറങ്ങിയിരുന്ന താത്ത്വിക മാസികയിൽ അവരെഴുതിയിരുന്ന കനപ്പെട്ട ലേഖനങ്ങൾമൂലം. എങ്കിലും തലമുതിർന്ന സോഷ്യലിസ്റ്റു നേതാക്കൾ അവരെപ്പററി ഇങ്ങനെയാണ് അടക്കം പറഞ്ഞത്: ''ആത്മാർത്ഥയും ധീരതയും ബുദ്ധിശക്തിയും ഉണ്ടെങ്കിലും സ്വല്പം വട്ടു (എക്സൻട്രിക്ക്) ഉള്ള സാഹസികയായ ഒരു യുവചട്ടുകാലിയാണ് റോസ,''

പത്തുലക്ഷത്തിലധികം വോട്ടർമാരുടെ പിന്തുണയും തൊണ്ണൂററ് ദിനപത്രങ്ങളുടെ ഉടമസ്ഥതയും മുവ്വായിരത്തഞ്ഞൂറിലധികം മുഴുവൻസമയ പ്രവർത്തകൻമാരുമുള്ള ജർമ്മൻ സോഷ്യൽഡമോക്രാററിക്ക് പാർട്ടിക്കുള്ളിൽ വിപ്ലവസന്ദേശം പ്രചരിപ്പിച്ച് ഒരു ബഹുജനവിപ്ലവപാർട്ടി വളർത്തിയെടുക്കാമെന്ന ഉദ്ദേശവുമായി 1889 മേയിൽ ബർലിനിലെത്തിയ റോസലക്സംബർഗിനോട്, പാർട്ടിയുടെ മഹിളാവിഭാഗത്തിൽ പ്രവർ

ത്തിക്കാൻ നേതാക്കൾ ആവശ്യപ്പെട്ടു. അതോടെ ആ സാഹസികയായ ചട്ടുകാലിയുടെ ശല്യം ഒഴിവാക്കാമെന്നാണ് നേതൃത്വം കരുതിയത്. പക്ഷേ, റോസ ആ നിർദ്ദേശം നിരാകരിച്ചു. അപ്പർസിലേഷ്യ സംസ്ഥാനത്തിലെ പോളിഷ്ഭാഷ സംസാരിക്കുന്നവർക്കിടയിൽ തിരഞ്ഞെടുപ്പ് പ്രവർത്തനം (ജർമ്മനിയിൽ പൊതുതിരഞ്ഞെടുപ്പിന്റെ കാലമായിരുന്നു അത്) നടത്താൻ തന്നെ അയക്കണമെന്നു അവർ പാർട്ടിനേതൃത്വത്തോട് അഭ്യർത്ഥിച്ചു. മനമില്ലാമനസ്സോടെ ആ അഭ്യർത്ഥന സ്വീകരിക്കപ്പെട്ടു. സോഷ്യലിസ്റ്റ് സ്ഥാനാർത്ഥികളെ വിജയിപ്പിക്കേണ്ട ആവശ്യകതയെക്കുറിച്ചു റോസലക്സംബർഗ് ചെയ്ത പ്രസംഗങ്ങൾ അപ്പർസൈലേഷ്യയിലെ ഖനി-ലോഹ തൊഴിലാളികളെ ആവേശഭരിതരാക്കി. ശ്രോതാക്കൾ, പ്രാസംഗികയ്ക്ക് നൽകാൻ പൂമാലകളും പൂച്ചെണ്ടുകളുമായാണ് യോഗങ്ങൾക്കെത്തിയിരുന്നത്. 'റെഡ്റോസ' (ചുകന്നറോസാപ്പൂവ്) എന്നു ആർത്തുവിളിച്ചുകൊണ്ടവർ പ്രാസംഗികക്ക് ഉജ്ജ്വലമായ വരവേല്പ് നൽകി. തങ്ങളുടെ പ്രദേശത്തു സ്ഥിരതാമസമാക്കിക്കൊണ്ട് തങ്ങളെ നയിക്കാൻ സ്നേഹാദരപൂർവ്വം അവർ റെഡ്റോസയോടഭ്യർത്ഥിച്ചു. നന്ദിപൂർവ്വം ആ അഭ്യർത്ഥന തിരസ്ക്കരിക്കപ്പെട്ടു

തിരഞ്ഞെടുപ്പ്പ്രവർത്തനം കഴിഞ്ഞു ബർലിനിൽ മടങ്ങിഎത്തിയശേഷം, തനിക്കുലഭിച്ച ഊഷ്മളമായ സ്വീകരണങ്ങളെപ്പററിയും അതുതന്നിലുണ്ടാക്കിയിരിക്കുന്ന ഉത്സാഹതിമർപ്പിനേപ്പററിയും റോസലക്സംബർഗ് തന്റെ ഭർത്താവായ ലിയോജ്യോഗിച്ചിന്നു ആവേശപൂർവ്വം എഴുതിയപ്പോൾ അദ്ദേഹം ദേഷ്യപ്പെടുകയാണ് ചെയ്തത്. തന്റെ പ്രിയതമ തനിക്കു നഷ്ടപ്പെട്ടുപോയേക്കുമോ എന്ന ഭയമായിരുന്നു ലിയോവിന്ന്.

ഒരു സ്ത്രീയെന്നനിലയിലും വിദേശിയെന്നനിലയിലും തന്നെ അവഗണിക്കാൻ ശ്രമിച്ചിരുന്ന ജർമ്മൻ

സോഷ്യലിസ്റ്റ് നേതാക്കളുടെ ആദരവും സ്നേഹവും വളരെ വേഗത്തിൽ റോസലക്സംബർഗ് നേടിയെടുത്തു. മാർക്സിസത്തിൻെറ മാർപ്പാപ്പ എന്ന് അക്കാലത്തറിയപ്പെട്ടിരുന്ന കാറൽകൗട്സ്കിയുടെ ഒരു കുടുംബസുഹൃത്താകാൻ അധികം നാരം വേണ്ടിവന്നില്ല. കൗട്സ്കിയുടെ ഭാര്യയായ ലൂസിയക്ക് അവർ ഒരനുജത്തിയെപ്പോലെ പ്രിയംകരിയായി. മറെറാരു സുഹൃത്ത് 'സമത്വം' എന്ന വനിതാസോഷ്യലിസ്റ്റ് മാസികയുടെ പത്രാധിപയായ ക്ലാരസെട്കിൻ ആയിരുന്നു. ആഗസ്ത്ബെബൽ, പോൾസിങ്ങർ, ഫ്രാൻസ്മെഹ്റിങ്ങ് തുടങ്ങിയ നേതാക്കളും റോസയെ ഒരു കുടുംബാംഗമായി കരുതാൻ തുടങ്ങി. എന്തിനേറെ, മുമ്പൊരിക്കൽ അപവാദം പറഞ്ഞ വില്യംലിബ്ക്നെററ് പോലും ആ ധീരയുവതിയെ ക്രമേണ ഇഷ്ടപ്പെട്ടു തുടങ്ങി.

റോസലക്സംബർഗുമായി താൻ നടത്തിയ രാഷ്ട്രീയ ചർച്ചകളുടെ ഫലമായാണ്, 1905–ലെ റഷ്യൻ വിപ്ലവത്തിൽ നിന്നുളവായ പ്രശ്നങ്ങളെപ്പററി താൻ ബോൾഷെവിക്ക് അനുകൂലനിലപാട് എടുത്തതെന്ന് കാറൽകൗട്സ്കി പ്രസ്താവിച്ചത്, റോസയുടെ ബുദ്ധിപരമായ കഴിവുകൾ അംഗീകരിക്കപ്പെട്ടതിന്ന് തെളിവാണ്.

## പത്രപ്രവർത്തക

ജർമ്മനിയിൽ വരുന്നതിന്ന് മുമ്പുതന്നെ റോസലക്സംബർഗിൻെറ സുഹൃത്തായിരുന്ന പർവൂസാണ്, ദിനപത്രരംഗത്തേയ്ക്ക് അവരെ ആനയിച്ചത്. ഡ്രഡ്സൺ എന്ന ജർമ്മൻപട്ടണത്തിൽ നിന്ന് പ്രസിദ്ധീകരിച്ചിരുന്നതും പർവൂസ് പത്രാധിപത്യം വഹിച്ചിരുന്നതുമായ ഒരു സോഷ്യലിസ്റ്റ് ദിനപത്രത്തിൽ അവർ സ്ഥിരം കോളം എഴുത്തുകാരിയായി. മററൊരു സോഷ്യലിസ്റ്റ് ദിനപത്രത്തിൻെറ പത്രാധിപരായ ബ്രൂണോസ്കോളോനോങ്കയും റോസയുടെ സേവനം ഉപയോഗിച്ചു. അവർ മൂവരുംചേർന്ന് ജർമ്മൻ സോഷ്യലിസ്റ്റ് ദിനപത്രങ്ങളുടെ മുഖച്ഛായതന്നെ മാററി. അവയിലെ ശൈലി കൂടുതൽ ലളിതവും മനോഹരവുമായി. അതേസമയം ലേഖനങ്ങൾ കൂടുതൽ കനപ്പെട്ടതും.

1898-സെപ്തംബറിൽ പർവൂസിനെ ഡ്രെഡ്സനിൽനിന്നു നാടുകടത്തി. പത്രാധിപത്യം ഒഴിഞ്ഞാലും സ്ഥിരമായി ലേഖനങ്ങളെഴുതി അയച്ചുകൊടുക്കണമെന്ന് മാനേജ്മെൻറ് പർവൂസിനോട് അഭ്യർത്ഥിച്ചു. അപ്പോൾ, ഒരു ഉപാധിയിന്മേൽ മാത്രമേ ഈ അഭ്യർത്ഥന സ്വീകരിക്കാൻ താൻ തയ്യാറുള്ളു എന്നദ്ദേഹം പറഞ്ഞു. ഉപാധയിതായിരുന്നു: തൻെറ സ്ഥാനത്ത് ചീഫ്എഡിററായി റോസലക്സംബർഗിനെ നിയമിക്കണം. ഈ നിർദ്ദേശം സ്വീകരിക്കപ്പെട്ടു. ചീഫ്എഡിററായി റോസ ചാർജെടുത്തു. പത്രത്തിന്ന് പുതിയ രൂപവും ഭാവവും നല്കാൻ അവർ ശ്രമിച്ചു. പത്രാധിപസമിതിയിലെ പഴയ താപ്പാനകൾക്ക് അതിഷ്ടമായില്ല. അതൊരു ശീതസമരത്തിന്ന് വഴി

തെളിയിച്ചു.

ഈ ഘട്ടത്തിലാണ്, റോസലക്സംബർഗിനെ നിശിതമായി വിമർശിച്ചുകൊണ്ട് അന്തസ്സാരവിഹീനമായ ഒരു ലേഖനം ജോർജ് ഗ്രാഡനീയർ എന്ന സോഷ്യലിസ്റ്റ് എം. പി. 'വോർവാട്സ്' എന്ന ബർലിൻപത്രത്തിലെഴുതിയത്. ഇതിന്നു, അന്തസ്സുററ ഭാഷയിൽ റോസ എഴുതിയ മറുപടി 'വോർവാട്സ്' പ്രസിദ്ധപ്പെടുത്തിയില്ല. അപ്പോഴത് തൻെറ പത്രത്തിൽ പ്രസിദ്ധപ്പെടുത്താൻ അവർ മുതിർന്നു. പത്രാധിപസമിതിയിലെ തലമുതിർന്ന അംഗങ്ങരം അത് സെൻസർ ചെയ്തു. ചീഫ്എഡിററർ എന്ന നിലയിൽ റോസ അതിൽ ശക്തിയായി പ്രതിഷേധിച്ചു. തുടർന്ന് തർക്കം മാനേജ്മെൻറിൻെറ മുമ്പിലെത്തി. അവർ സെൻസറിങ്ങിനെ ന്യായീകരിച്ചു. ഉടനെ ചീഫ്എഡിററർ സ്ഥാനം രാജിവെച്ചുകൊണ്ടുള്ള കത്ത് അവരുടെ മുഖത്ത് വലിച്ചെറിഞ്ഞുകൊണ്ട് റോസ ഇറങ്ങിപ്പോന്നു. ഇത് പത്രാധിപസമിതി അംഗങ്ങളും മാനേജ്മെൻറും ഒട്ടും പ്രതീക്ഷിച്ചിരുന്നില്ല. പക്ഷെ, ജോർജ്ഗ്രാഡ്നിയർ ഇത് തൻെറ വിജയമായിക്കരുതി. അയാരം റോസലക്സംബർഗിൻെറ രാജിയെ പരിഹസിച്ചുകൊണ്ട് ഒരു ലേഖനമെഴുതി. അതിന്ന് അവർ മറുപടി എഴുതി: ''ജീവികളിൽ ജൈവപരമായ ഘടന രണ്ടുതരത്തിലുണ്ട്. ഒരുതരത്തിന്നു നട്ടെല്ല് ഉണ്ട്. അതുകൊണ്ട് അവ നടക്കുകയും ആവശ്യമാകുമ്പോരം ഓടുകയും ചെയ്യും. മറേറ തരത്തിനാകട്ടെ, നട്ടെല്ലില്ലാത്തതുകൊണ്ട് അറപ്പ് തോന്നിക്കുംവിധം നിലത്തുപററി ഇഴയാനേ കഴിയുകയുള്ളു. രാഷ്ട്രീയത്തിൽ നട്ടെല്ലില്ലാത്ത ഇഴജന്തുക്കളെ സഹിക്കാൻ എനിക്ക് സാദ്ധ്യമല്ല ''

ഡ്രെഡ്സനിൽ നിന്ന് ബർലിനിലേക്ക് തിരിച്ചുവന്ന റോസ 'എക്കണോമിക് ആൻറ് സോഷ്യൽറെവ്യൂ' എന്ന ന്യൂസ്സർവ്വീസിൻെറ പത്രാധിപത്യം വഹിച്ചു. 'ഈഗോ' എന്ന തൂലികാനാമത്തിലാണ് ഇക്കാലത്ത് അവരെഴുതിയിരുന്നത്. ഇതോടൊപ്പം ഒരു

താത്ത്വികമാസികക്കും ഒരു ദിനപത്രത്തിന്നും വേണ്ടി അവർ പ്രവർത്തിച്ചിരുന്നു. രണ്ടും ഇടതുപക്ഷപ്രസിദ്ധീകരണങ്ങൾ തന്നെ.

1901ൽ റോസയുടെ ഉററസുഹൃത്തുക്കളിലൊരാളായ ബ്രൂണോസ്ഷോളനാങ്കോ നിര്യാതനായി. അദ്ദേഹം പത്രാധിപത്യം വഹിച്ചിരുന്ന ദിനപത്രത്തിന്റെ പത്രാധിപയാകാൻ പ്രസാധകന്മാരായ ലീപ്സിഗ് സോഷ്യലിസ്റ്റ് പാർട്ടിശാഖ റോസയോടഭ്യർത്ഥിച്ചു. ആദ്യം വിസമ്മതിച്ചുവെങ്കിലും സ്നേഹാദരപൂർവ്വമായ നിർബ്ബന്ധങ്ങൾക്ക് വഴങ്ങി അവരതിന്നു സമ്മതിച്ചു. അവർ ലീപ്സിഗിലിലേക്ക് താമസം മാററി എഡിററർ ഇൻ–ചീഫായി റോസലക്സംബർഗിന്റെ പേരച്ചടിച്ചുവന്നയുടൻ ജർമ്മനിയിലാകെ ബഹളമായി ഈ അപകടകാരിയായ വിദേശിയെപ്പിടിച്ച് ജർമ്മനിയുടെ അതിർത്തി കടത്തി വിടാൻ വലതുപക്ഷ പത്രങ്ങൾ ആവശ്യപ്പെടാൻ തുടങ്ങി. 'ചുകപ്പൻ വിപ്ലവത്തിന്റെ പതാകാവാഹകയായി സ്വയം കരുതുന്ന റോസലക്സംബർഗ് 'പ്രഭ്വി'യെ പാർടിയിൽ നിന്ന് പുറത്താക്കാൻ ഒരു സോഷ്യലിസ്റ്റ് പത്രംതന്നെ ജർമ്മൻ സോഷ്യൽ ഡമോക്രററിക് പാർടിയുടെ കേന്ദ്രകമ്മററിയോടാവശ്യപ്പെട്ടു. ഒരു ക്രൈസ്തവ പുരോഹിതൻ 'ബ്ലഡി റോസാ'യെക്കൊണ്ടുള്ള ശല്യത്തെപ്പററി പള്ളികളിലും പത്രപംക്തികളിലും ഒച്ചപ്പാടുണ്ടാക്കി. ഇവർക്കെല്ലാം ആശ്വാസം നല്കുമാറ്, ഏതാനും മാസങ്ങൾക്ക് ശേഷം റോസലക്സംബർഗ് തന്റെ പത്രാധിപസ്ഥാനം രാജിവെച്ചു. പ്രസ്സ്കമ്മീഷൻ, പത്രപ്രവർത്തക എന്ന നിലയിലുള്ള അനുമതിപത്രം നല്കാതിരുന്നതാണ് ഇതിന്നുകാരണം. സ്ത്രീയാണെന്ന കാരണം പറഞ്ഞാണ് അനുമതി നിഷേധിച്ചത്.

1903ൽ, പോളണ്ടിലെ സോഷ്യൽഡെമോക്രട്ടിക്ക് പാർട്ടിക്ക്‌വേണ്ടി 'സോഷ്യൽഡമോക്രാട്ടിക്ക് റെവ്യു' എന്നപേരിൽ ഒരു താത്ത്വിക മാർക്സിസ്റ്റ്മാസിക പോളിഷ് ഭാഷയിൽ റോസലക്സംബർഗും ഭർത്താ

വായ ലിയോജ്യോഗിച്ചും ബർലിനിൽനിന്നു പ്രസിദ്ധീകരിക്കാൻ തുടങ്ങി.

1900ൽ ജർമ്മനിയിലെത്തിയ ലിയോജ്യോഗിച്ച്, 'ജാൻടൈസ്ക' എന്ന വ്യാജനാമത്തിലാണവിടെ അറിയപ്പെട്ടിരുന്നത്. മാസികയുടെ അച്ചടി, വിതരണം തുടങ്ങിയ മാനേജ്മെൻറ് ചുമതലകൾ മുഴുവൻ അദ്ദേഹമാണ് വഹിച്ചിരുന്നത്. പത്രാധിപയായ റോസ ലക്സംബർഗ് സ്വന്തംപേരിലും, എക്സ്, സ്പാർട്ടക്കസ്, ജോസഫ് ചെമൂറ. ആർ. ക്രൂസിനസ്ക തുടങ്ങിയ അനേകം തൂലികാനാമങ്ങളിലും ലേഖനങ്ങളെഴുതി.

## പ്രാസംഗിക

ജർമ്മനിയിലെത്തി അധികനാരം കഴിയുന്നതിനു മുമ്പുതന്നെ, ഒരസാധാരണ വാഗ്മിയാണ് റോസ ലക്സംബർഗ് എന്ന ഖ്യാതി നാടുമുഴുവൻ പരന്നു. ജർമ്മനിയുടെ നാനാഭാഗത്തുനിന്നും സോഷ്യൽഡമോക്രാട്ടിക്ക് പാർട്ടിശാഖകരം അവരെ പ്രസംഗത്തിന്നു ക്ഷണിക്കാൻ തുടങ്ങി. തങ്ങളുടെ ക്ഷണമനുസരിച്ച് പ്രസംഗത്തിനെത്തുന്ന, മെലിഞ്ഞുവിളർത്ത ചട്ടുകാലിയായ പ്രാസംഗികയെ ആദ്യമായികാണുന്ന യോഗഭാരവാഹികളിൽ പലരും നെററിചുളിക്കാറുണ്ടായിരുന്നു. പക്ഷേ, റോസ പ്രസംഗമാരംഭിച്ച് ഏതാനം മിനിററുകരം കഴിയുമ്പോഴേക്കും, യോഗഭാരവാഹികളുടെ വികാരം ആദരവും അത്ഭുതവുമായി മാറും. സദസ്യരാകെ വീർപ്പടക്കി പ്രസംഗം കേരംക്കുകയും ഇടക്കിടെ ആവേശഭരിതരായി കരഘോഷം മുഴക്കുകയും ചെയ്യും. എങ്കിലും റോസ സദസ്യരുടെ വികാരങ്ങരംക്ക് തീകൊളുത്തുന്ന സാധാരണമട്ടിലുള്ള ഒരു പ്രക്ഷോഭകാരി മാത്രമായിരുന്നില്ല. പ്രശ്നങ്ങളും അവയുടെ പരിഹാരങ്ങളും കാര്യകാരണസഹിതം ഉള്ളിൽത്തട്ടുംവിധം വിശദീകരിച്ച്, സദസ്യരെക്കൊണ്ട് ചിന്തിപ്പിക്കാൻ പര്യാപ്തമായ പ്രസംഗശൈലിയായിരുന്നു റോസയുടേത്.

1907 ജനവരിയിലൊരുദിവസം 'കൊളോണിയലിസവും ജർമ്മൻ വിദേശനയവും' എന്ന വിഷയത്തെക്കുറിച്ചു ബർലിനിലെ ഒരു വലിയഹാളിൽചേർന്ന വമ്പിച്ച സമ്മേളനത്തിൽ റോസലക്സംബർഗ് പ്രസംഗിക്കുന്നു. ചെറുപ്പക്കാരനായ ഒരു പോലീസാഫീസറും വയസ്സനായ ഒരു കോൺസ്റ്റബിളും ഔദ്യോഗികവേഷ

ത്തിൽ പ്രാസംഗികയുടെ മുമ്പിൽത്തന്നെ ഹാജരുണ്ട്. അക്കാലത്തെ ജർമ്മൻ നിയമമനുസരിച്ച് ഒരു പ്രസംഗം കലാപത്തെയോ രാജദ്രോഹത്തെയോ പ്രോത്സാഹിപ്പിക്കുന്നുവെന്ന് ഒരു പോലീസാഫീസർക്ക് തോന്നുകയാണെങ്കിൽ, ആ നിമിഷം ആ പ്രസംഗം നടക്കുന്ന പൊതുയോഗം അവസാനിപ്പിച്ചതായി പ്രഖ്യാപിക്കാൻ അയാൾക്കധികാരമുണ്ട്. പോലീസാഫീസർ തന്റെ ലോഹത്തൊപ്പിയെടുത്തു തലയിൽ ധരിച്ചാൽ യോഗം പിരിച്ചുവിട്ടതായി ധരിച്ചു പ്രസംഗം നിർത്തണമെന്നാണ് ചട്ടം. റോസയുടെ പ്രസംഗത്തിന്റെ ഓരോ ഘട്ടത്തിലും പോലീസാഫീസർ തന്റെ ലോഹത്തൊപ്പിമേൽ കൈവെയ്ക്കും, അതു തലയിൽവെച്ച് പ്രസംഗം നിർത്തിക്കുവാൻ. ഇതു കാണുന്ന പ്രാസംഗിക ഉടനെ വിഷയംമാററും. മറെറാരു ഘട്ടത്തിൽ വീണ്ടും പോലീസാഫീസർ തൊപ്പി കയ്യിലെടുക്കാൻ മുതിരും. പ്രാസംഗിക അപ്പോഴും വിഷയം മാററും. ഇതുമൂലം 'സുയിപ്പി'ലായ പോലീസാഫീസർ എന്തായാലും തൊപ്പി തലയിലെടുത്തുവെക്കാനുറച്ചു. അയാളുടെ മുഖഭാവത്തിൽനിന്ന് ഇത് മനസ്സിലാക്കിയ റോസ, യുവാവായ ആ പോലീസുദ്യോഗസ്ഥനെ സൗമ്യമായി സംബോധനചെയ്തുകൊണ്ട്, നിയമത്തിന്റെ നാലതിരുകൾക്കുള്ളിൽ നിന്നു മാത്രമേ താൻ പ്രസംഗിക്കുകയുള്ളൂവെന്നു പറഞ്ഞു. അപ്പോൾ, അയാളുടെ കൈകൾ വീണ്ടും താഴ്ന്നു. ജൂനിയർ പോലീസാഫീസർമാരടക്കമുള്ള ഇടത്തരം സർക്കാരുദ്യോഗസ്ഥന്മാരുടെ പങ്കപ്പാടുകളെപ്പററിയായി പിന്നെ റോസയുടെ പ്രസംഗം. അപ്പോഴതാ പോലീസാഫീസറുടെ തൊട്ടടുത്തുനിന്ന് ശക്തിയായ കയ്യടി. അത് വയസ്സൻ പോലീസുകാരന്റെ വകയായിരുന്നു. നമ്മുടെ ഓഫീസർ അത് കണ്ടില്ലെന്നും കേട്ടില്ലെന്നും നടിച്ചു. വീണ്ടും വയസ്സൻകോൺസ്റ്റബിൾ കരഘോഷം മുഴക്കാൻ തുടങ്ങി. അപ്പോൾ തീപ്പാറുന്ന ദൃഷ്ടിയോടെ ഓഫീസർ അയാളെ ഒരു നോട്ടം നോക്കി. പാവം പോലീസുകാരന്റെ കൈകൾ താഴ്

ന്നു, അയാരം 'ഞാനൊന്നുമറിഞ്ഞില, രാമനാരായണ' എന്ന ഭാവത്തിൽ അററൻഷനായി നിന്നു. ഇത് കണ്ട് പ്രാസംഗികയും സദസ്യരും പൊട്ടിച്ചിരിച്ചു. ആ കൂട്ടച്ചിരിയിൽ കപടഗൗരവം നടിച്ചിരുന്ന പോലീസാഫീസറും പങ്കുചേർന്നു. റോസലക്സംബർഗിന് പറയാനുള്ളത് മുഴുവൻ പറഞ്ഞതിനുശേഷമേ ആ യോഗം അവസാനിച്ചുള്ളു.

എതിരാളിയുമായി ഒരേ പ്രസംഗവേദിയിൽത്തന്നെ നേരിടുമ്പോഴായിരുന്നു വാഗ്മിയെന്ന നിലയിൽ റോസ ഏററവും ശോഭിച്ചിരുന്നത്. എതിരാളിയെ തോല്പിച്ച് നിലംപരിശാക്കാൻ തൻെറ കൂർമ്മബുദ്ധിയും നാവും അത്ഭുതാവഹമായ സാമർത്ഥ്യത്തോടെ അവരുപയോഗിച്ചിരുന്നു ആസ്ത്രിയൻ സോഷ്യലിസ്റ്റ് പാർട്ടിയിലെ മാർക്സിസ്റ്റ് നേതാവായിരുന്ന ഡോക്ടർ മാക്സ് ആഡ്ലർ 'റോസലക്സംബർഗിനെപ്പററിയുള്ള സ്മരണകൾ' എന്ന പുസ്തകത്തിൽ റോസയുടെ പ്രസംഗപാടവത്തെപ്പററി ഇങ്ങിനെ രേഖപ്പെടുത്തിയിരിക്കുന്നു: ''ഈ വിളറിയ ചെറിയ സ്ത്രീയിൽ ഒരു മെരുങ്ങാത്ത വിപ്ലവശക്തി കുടികൊള്ളുന്നുണ്ടെന്നു അവരുടെ പ്രസംഗം ഒരുതവണ കേട്ടാൽ നമുക്ക് ബോധ്യമാകും. തന്നെ വെറുക്കുന്നവരും പരിഹസിക്കുന്നവരും ധാരാളം പങ്കെടുക്കുന്ന പാർട്ടി കോൺഗ്രസ്സുകളെ തൻെറ പ്രസംഗത്തിൻെറ മാസ്മരവലയത്തിൻെറ സ്വാധീനതയിൽ അവർ നിർത്തി. ശബ്ദമുഖരിതമായ കരഘോഷത്തിൽ എതിരാളികളെപ്പോലും അവർ അറിയാതെ റോസ പങ്കുകൊള്ളിച്ചു. അതവരുടെ സവിശേഷതയായിരുന്നു. അവരുടെ പ്രകൃതത്തിൻെറ മേലുള്ള നിയന്ത്രണം അവരുടെ ബുദ്ധിശക്തിക്ക് തന്നെയായിരുന്നു. അതിനാൽ അവർ പ്രസംഗിക്കുമ്പോഴെല്ലാം വമിച്ചിരുന്ന വിപ്ലവത്തീ, പക്വമായ ചിന്തയുമായി സമ്മിശ്രിതമായിരുന്നു. അതുകൊണ്ട് ആ തീയിൻെറ ഫലം സംഹാരാത്മകമായിരുന്നില്ല; തണുപ്പകററുന്നതും പ്രകാശം വിതറുന്നതുമായിരുന്നു.''

## റിവിഷനിസത്തിനെതിരെ

മാർക്സിസത്തിന്റെ ഉപജ്ഞാതാക്കളിലൊരാളായ എംഗൽസിന്റെ ഉററസുഹൃത്തും ജർമ്മൻ സോഷ്യൽ ഡമോക്രാററിക്ക് പാർട്ടിയിലെ തലമുതിർന്ന ബുദ്ധിജീവികളിലൊരാളുമായ എഡ്വേർഡ് ബേൺസ്റ്റീൻ 1896 98-ൽ 'സോഷ്യലിസത്തിന്റെ പ്രശ്നങ്ങൾ' എന്ന പൊതുശീർഷകത്തിൽ ഒരു ലേഖനപരമ്പര എഴുതി. മറെറാരു താത്ത്വികാചാര്യനായ കാറൽകൗട്സ്കിയുടെ പത്രാധിപത്യത്തിലിറങ്ങിയിരുന്ന താത്ത്വികമാസികയിൽ മാർക്സിസത്തിന്റെ അടിസ്ഥാനതത്ത്വങ്ങളെയെല്ലാം അപ്പാടെ നിഷേധിച്ചുകൊണ്ട്, സോഷ്യലിസം സ്ഥാപിക്കാൻ വിപ്ലവം ആവശ്യമില്ലെന്നും മുതലാളിത്ത സാമൂഹ്യഘടനയെ പടിപടിയായ പരിഷ്ക്കരണങ്ങളിലൂടെ ക്രമേണ സോഷ്യലിസമാക്കി മാററാൻ കഴിയുമെന്നും സമർത്ഥിക്കാനാണ് ബേൺസ്റ്റീൻ തന്റെ ലേഖനങ്ങളിലൂടെ ശ്രമിച്ചത്. ചരിത്രത്തിന്റെ ഭൗതികവ്യാഖ്യാനത്തേയും വർഗ്ഗസമരസിദ്ധാന്തത്തേയും തീർത്തും നിരസിച്ചുകൊണ്ട്, സോഷ്യൽഡമോക്രാററിക്ക് പ്രസ്ഥാനം സാമൂഹ്യവിപ്ലവത്തിന്നുവേണ്ടിയല്ല, സാമൂഹ്യപരിഷ്ക്കരണങ്ങൾക്ക് (Social reforms) വേണ്ടിയാണ് നിലകൊള്ളേണ്ടതെന്നും ബേൺസ്റ്റീൻ വാദിച്ചു. (എവലൂഷനറി സോഷ്യലിസം എന്ന ശീർഷകത്തിൽ, ഈ ലേഖനപരമ്പരയെ ബേൺസ്റ്റീൻ പിന്നീട് പുസ്തകമായി പ്രസിദ്ധീകരിച്ചു) മാർക്സിസത്തിന്റെ കൊടിക്കീഴിലണിനിരന്നിരുന്ന സോഷ്യൽഡമോക്രാററിക്ക് പ്രസ്ഥാനത്തിൽ റിവിഷനിസ (തിരുത്തൽ വാദം) ത്തിന്റെ അരങ്ങേററമാണ്, ഇതിലൂടെ ബേൺ

സ്റ്റീൻ നടത്തിയത്. മാർക്സിസ്റ്റുകളെന്നു സ്വയം അവകാശപ്പെട്ടിരുന്ന വില്യം ലീബ്കനററ്, ആഗസ്ത് ബെബൽ, കാറൽ കൗട്സ്കി തുടങ്ങിയവർ ജർമ്മൻ സോഷ്യൽ ഡമോക്രാറ്റിക്ക് പാർട്ടിയുടെ നേതൃത്വം വഹിക്കുന്ന കാലത്താണ്, ബേൺസ്റ്റീൻ മാർക്സിസത്തിനെതിരെ ഈ ആക്രമണം നടത്തിയത്. എന്നാൽ നടേപ്പറഞ്ഞ നേതാക്കന്മാരെല്ലാം ഇതു കണ്ടില്ലെന്നു നടിക്കുകയാണ് ആദ്യം ചെയ്തത്. മാത്രമല്ല, ഇതിനെപ്പററി അസ്വസ്ഥത പ്രകടിപ്പിച്ച പാർട്ടി അണികളിൽ, വളഞ്ഞവഴികളിലൂടെ ബേൺസ്റ്റീനെ ന്യായീകരിക്കുവാൻ അവർ ശ്രമിക്കുകയും ചെയ്തു.

''സോഷ്യലിസത്തിൻെറ മൗലികലക്ഷ്യം അതെന്തായാലും എനിക്കൊന്നുമില്ല; എന്നെ സംബന്ധിച്ചേടത്തോളം പ്രസ്ഥാനമാണ് പരമപ്രധാനം.'' ബേൺസ്റ്റീൻ ഈ വാചകമെഴുതിയതോടുകൂടി കൗട്സ്കിക്കും കൂട്ടർക്കും അനങ്ങാതിരിക്കാൻ വയ്യെന്നായി. അങ്ങനെ ആരംഭിച്ച ആശയസമരത്തിൻെറ ഘട്ടത്തിലാണ് റോസലക്സംബർഗ് ജർമ്മനിയിലെത്തിയത്.

ബേൺസ്റ്റീൻെറ റിവിഷനിസത്തെ നിശിതമായി വിമർശിച്ചുകൊണ്ടും മാർക്സിസത്തിൻെറ ശാസ്ത്രീയതയെ സ്ഥാപിച്ചുകൊണ്ടും 1898 സപ്തംബറിൽ ഒരു സോഷ്യലിസ്റ്റ് ദിനപത്രത്തിൽ റോസലക്സംബർഗ് ഒരു സുദീർഘലേഖനമെഴുതി. പിന്നീട് ബേൺസ്റ്റീൻെറ 'എവലൂഷനറി സോഷ്യലിസം' പുറത്തുവന്നപ്പോരം അതിനൊരു മറുപടിയും എഴുതി. ഇത് രണ്ടും കൂടെ ചേർത്ത് 'റിഫോം ഓർ റവലൂഷൻ (Reform or Revolution) എന്ന പേരിൽ 1900 ൽ ഒരു പുസ്തകമായി പ്രസിദ്ധീകരിച്ചു. ഇതോടുകൂടി, ജർമ്മനിയിൽ മാത്രമല്ല, സാർവ്വദേശീയാടിസ്ഥാനത്തിൽത്തന്നെ ഒരൊന്നാംകിട മാർക്സിസ്റ്റ് പണ്ഡിത എന്ന നിലയിൽ ഈ ഇരുപത്തിയൊമ്പതുകാരി ശ്രദ്ധിക്കപ്പെട്ടുതുടങ്ങി.

മാർക്സിസ്ററ് വിജ്ഞാനഭണ്ഡാഗാരത്തിലേയ്ക്ക് റോസലക്സംബർഗിൻെറ ഏററവും വിലപി

ടിച്ച സംഭാവനയായ് 'റിഫോം ഓർ റവലൂഷൻ' മാർക്സിസം പഠിക്കുന്നവർക്ക് ഒഴിച്ചുകൂടാൻ വയ്യാത്ത ഒരു പാഠ്യപുസ്തകവും, റിവിഷനിസത്തിനെതിരെ പോരാടുന്നവർക്ക് എന്നും മൂർച്ചയേറിയ ഒരായുധവുമാണ്.

പണത്തിന്നുവേണ്ടി ഒരു വിദേശരാഷ്ട്രത്തിന്നു പട്ടാളരഹസ്യങ്ങൾ കൈമാറി എന്ന കുററം ചുമത്തി, ഫ്രാൻസിലെ ആൽഫ്രഡ് ഡ്രെഫസ് എന്ന യഹൂദ വംശജനായ മിലിട്ടറി ഓഫീസറെ രഹസ്യമായി കോർട്ട് മാർഷൽ ചെയ്തു ജീവപര്യന്തം തടവിനുശിക്ഷിച്ച്, ഗയാനക്കടുത്തുള്ള 'ചെകുത്താൻ ദ്വീപി' ലേക്ക് നാടുകടത്തി. വാസ്തവത്തിൽ ആൽഫ്രഡ് ഡ്രെഫസ് നിരപരാധിയായിരുന്നു. പ്രഭുകുലജാതനും യഹൂദനുമല്ലാത്ത മററൊരു സൈനികോദ്യോഗസ്ഥനെ രക്ഷിക്കാൻവേണ്ടി അയാളെ ഒരു ബലിയാടാക്കിയതായിരുന്നു. ഇതു മനസ്സാക്ഷിയും മനുഷ്യസ്നേഹവുമുള്ള പല ഫ്രഞ്ചുകാരേയും വല്ലാതെ നൊമ്പരപ്പെടുത്തി. പ്രസിദ്ധ ഫ്രഞ്ച് സാഹിത്യകാരനായിരുന്ന എമിലി സോളയുടെ നേതൃത്വത്തിൽ ഈ അനീതിക്കെതിരെ പ്രതിഷേധകൊടുങ്കാററ് ഫ്രാൻസിലുടനീളം അലയടിച്ചുയർന്നു. ഫ്രഞ്ച് സോഷ്യലിസ്റ്റ് പാർട്ടി ഈ പ്രക്ഷോഭണത്തെ സഹായിച്ചു. ഒടുവിൽ ആൽഫ്രഡ് ഡ്രെഫസ് നിരുപാധികം വിമോചിതനായെങ്കിലും അതൊരു ഭരണക്കുഴപ്പത്തിന്നിടയാക്കി. ആ കുഴപ്പം പരിഹരിക്കാനെന്ന പേരിൽ രൂപീകൃതമായ പുതിയ മന്ത്രിസഭയിൽ, വാണിജ്യമന്ത്രിയായി അലക്സാണ്ട്രെ മില്ലറാണ്ട് എന്ന ഫ്രഞ്ച് സോഷ്യലിസ്റ്റ് നേതാവും ചേർന്നു. അങ്ങിനെ, സാർവ്വദേശീയതൊഴിലാളിവർഗ്ഗ പ്രസ്ഥാനത്തിൻെറ ചരിത്രത്തിലാദ്യമായി ഒരു സോഷ്യലിസ്റ്റുകാരൻ ബൂർഷ്വാമന്ത്രിസഭയിൽ ചേർന്നു. ജർമ്മൻ സോഷ്യലിസ്റ്റ് നേതാവായ ബേൺസ്റ്റീൻെറ തിയറി ഫ്രഞ്ച് സോഷ്യലിസ്റ്റ് നേതാവ് പ്രാവർത്തികമാക്കിയെന്നർത്ഥം. 1871ൽ മുപ്പതിനായിരം

'കമ്മ്യൂണാർഡു'[1]കളെ തൂക്കിക്കൊന്നതിന്ന നേതൃത്വം വഹിച്ച ജനറൽ ഗാല്ലിഫെററ് എന്ന ക്രൂരനായ പിന്തിരിപ്പനായിരുന്നു സോഷ്യലിസ്റ്റായ മില്ലറാണ്ടിൻെറ ഒരു സഹമന്ത്രി.

ഫ്രഞ്ച് സോഷ്യലിസ്റ്റ് പാർട്ടിയും ജർമ്മൻ സോഷ്യൽ ഡമോക്രാററിക്ക് പാർട്ടിയും മററും കീഴ്ഘടകങ്ങളായിട്ടുള്ള ലോകസംഘടനയായ രണ്ടാം ഇൻറർനാഷനലിൻെറ തലമുതിർന്ന നേതാക്കൾ, ഫ്രഞ്ച് സോഷ്യലിസ്റ്റ് നേതാവിൻെറ വഞ്ചനയുടെ നേരെ കണ്ണടയ്ക്കാൻ ശ്രമിച്ചു പക്ഷേ, ഇളമുറക്കാരിയായ റോസലക്സംബർഗ് വിട്ടില്ല. 'ഫ്രാൻസിലെ സോഷ്യലിസ്റ്റ് കുഴപ്പം' എന്ന പൊതുശീർഷകത്തിൽ 1900–01 ൽ ഫ്രഞ്ച് ജർമ്മൻ ഭാഷകളിൽ റോസ എഴുതിയ ലേഖനപരമ്പര യൂറോപ്പിലാകെ കോളിളക്കമുണ്ടാക്കി

റോസലക്സംബർഗിൻെറ നിശിതമായ വിമർശനങ്ങൾക്ക് ക്രമേണ ഫ്രഞ്ച് സോഷ്യലിസ്റ്റ് പാർട്ടിയിൽ പ്രതികരണമുണ്ടായി. വർഷങ്ങൾക്ക് ശേഷമാണെങ്കിലും അലക്സാന്ദ്രെമില്ലറാണ്ടിനേയും, മന്ത്രിസഭ വികസിപ്പിച്ചപ്പോൾ അതിൽചേർന്ന സോഷ്യലിസ്റ്റ് നേതാക്കളായ ബ്രിയാണ്ടിനേയും വിവിയാനിയേയും 'മുതലാളിത്വത്തിന്നു ഉപയോഗിക്കാൻ സ്വയം വാടകക്ക് കൊടുത്തവർ' എന്നു വിശേഷിപ്പിച്ചുകൊണ്ട് ഫ്രഞ്ച് സോഷ്യലിസ്റ്റ് പാർട്ടിയിൽനിന്നു പുറം തള്ളുകയുണ്ടായി.

ബൂർഷ്വാ ഭരണകൂടത്തിൻെറ നടത്തിപ്പിൽ സോഷ്യലിസ്റ്റുകാരും കമ്മ്യൂണിസ്റ്റുകാരും പങ്കെടുക്കുകയെന്നതു സർവ്വസാധാരണയായിരിക്കുന്ന ഇന്ന്, റോസലക്സംബർഗിൻെറ 'ഫ്രാൻസിലെ സോഷ്യലിസ്റ്റ് കുഴപ്പം' [2] വായിക്കുമ്പോൾ എൺപതു കൊല്ലങ്ങൾക്കുശേഷവും അതിൽ പ്രകടിപ്പിച്ച അഭിപ്രായങ്ങൾക്ക് കാലഹരണം വന്നിട്ടില്ലെന്നും ബൂർഷ്വാ ഭരണകൂട

---

1 പാരീസ് കമ്മ്യൂണിൽ പങ്കെടുത്ത വിപ്ലവകാരികൾ

ത്തിൽ തൊഴിലാളിവർഗ്ഗ പാർട്ടികൾ പങ്കാളികളാകുന്ന ഏർപ്പാട് തുടരുന്ന കാലത്തോളം തൊഴിലാളിവർഗ്ഗപ്ര സ്ഥാനത്തിലെ മിതവാദിത്വത്തിന്നും തിരുത്തൽവാദ ത്തിന്നുമെതിരായ മൂർച്ചയേറിയ ഒരായുധമായി അതു നിലനില്ക്കുമെന്നും ബോദ്ധ്യമാകും.

മാർക്സിസം വരട്ടുതത്വവാദമാണെന്നും സ്വതന്ത്ര മായ സൃഷ്ട്യുന്മുഖതക്ക് അതിൽ സ്ഥാനമില്ലെന്നു മുള്ള ചിന്താഗതി ഇക്കാലത്തെന്നപോലെ, അന്നുമുണ്ടാ യിരുന്നു; ബുദ്ധിജീവികൾക്കിടയിൽ പ്രത്യേകിച്ചും. ഇതിനെ യുക്തിയുക്തമായി വിമർശിച്ചുകൊണ്ടും മാർക്സിസം ഒരു വളരുന്ന ശാസ്ത്രമാണെന്നു സ്ഥാപി ച്ചുകൊണ്ടും 'സ്റ്റാഗ്നേഷൻ ആൻറ് പ്രോഗ്രസ്സ് ഓഫ് മാർക്സിസം' (Stagnation and Progress of Marxism) എന്ന തലക്കെട്ടിൽ റോസ ഒരു ലഘുലേഖ എഴുതുകയു ണ്ടായി. കാറൽമാർക്സ് മരിച്ച് ഇരുപതുകൊല്ലങ്ങ ൾക്ക് ശേഷം 1903 ൽ ആണിത്. മാർക്സിനുശേഷം— ഏംഗൽസിൻേറതൊഴികെ — മാർക്സിസ്റ്റ് തിയറിയി ലേയ്ക്ക് പുതിയ മൗലികസംഭാവനകളൊന്നും ഉണ്ടാ കാത്തതു മാർക്സിസം കാലഹരണപ്പെട്ടതുകൊണ്ടോ, വികസനക്ഷമമല്ലാത്തതുകൊണ്ടോ അല്ലെന്നു സ്ഥാപി ച്ചശേഷം റോസ എഴുതി: 'നമ്മുടെ കാലഘട്ടത്തിലെ ആവശ്യങ്ങൾക്ക് മാർക്സ് മതിയാകുകയില്ല എന്നു പറയുന്നതു സത്യത്തിനു നിരക്കുകയില്ല. നേരെ മറി ച്ച്, മാർക്സിൻെറ നേട്ടങ്ങൾ പൂർണ്ണമായി ഉപയോ ഗപ്രദമാക്കാൻ മാത്രം നമ്മുടെ ആവശ്യങ്ങൾ അധികമാ യിട്ടില്ല എന്നുള്ളതാണ് വാസ്തവം.'

20-ാം നൂററാണ്ടിൻെറ ആദ്യത്തെ രണ്ട് ദശകങ്ങ ളിൽ 'കാലഘട്ടത്തിൻെറ ആവശ്യങ്ങൾ' വർദ്ധിച്ചപ്പോൾ ലോകത്തിലെ ആദ്യത്തെ വിജയകരമായ സോഷ്യലിസ്റ്റ്

---

[2] Socialist Crisis in France— ഇതു പിന്നീട് പുസ്തക രൂപത്തിൽ ഇംഗ്ലീഷുൾപ്പടെ വിവിധ ഭാഷകളിൽ പ്രസിദ്ധീ കരിച്ചിട്ടുണ്ട്.

വിപ്ലവം നയിക്കാൻ പര്യാപ്തമായ മൗലികതാത്ത്വിക സംഭാവനകൾ മാർക്സിസത്തിന്റെ ആവനാഴിയിലേയ്ക്ക് ലെനിന്റെയും മററും വകയായി ഉണ്ടായത് റോസലക്സംബർഗിന്റെ മുൻപറഞ്ഞ അഭിപ്രായത്തെ ശരിവെയ്ക്കുന്നു.

## പുരുഷവേഷത്തിൽ റഷ്യൻ വിപ്ലവത്തിലേക്ക്

ലെനിനും റോസലക്സംബർഗും തമ്മിൽ ആദ്യകാലത്ത് പലപ്രശ്നങ്ങളിലും അഭിപ്രായവ്യത്യാസങ്ങളുണ്ടായിരുന്നു; ദേശങ്ങളുടെ സ്വയം നിർണ്ണയാവകാശം, വിപ്ലവപാർടിയുടെ സംഘടനാരൂപം എന്നീ പ്രശ്നങ്ങളിൽ പ്രത്യേകിച്ചും.

റഷ്യൻ അധീന പോളണ്ടുകാരിയായ റോസ സ്വിററ്സർലണ്ടിലും ഫ്രാൻസിലും ജർമ്മനിയിലുമെല്ലാം താമസിക്കുമ്പോഴും, റഷ്യൻവിപ്ലവപ്രസ്ഥാനത്തിലെ എത്ര ചെറിയ ചലനത്തിലും അതീവശ്രദ്ധാലുവായിരുന്നു. അതുകൊണ്ടുതന്നെ ശരിയല്ലെന്നു തനിക്ക് പൂർണ്ണബോദ്ധ്യമുള്ള കാര്യങ്ങൾ ലെനിനോ മറേതെങ്കിലും വിപ്ലവകാരിയോ പറയുകയോ എഴുതുകയോ ചെയ്താൽ അതിനെ നിശിതമായി വിമർശിക്കാൻ റോസലക്സംബർഗ് മടിക്കാറില്ല. മൂർച്ചയേറിയ ശൈലി പലപ്പോഴും രൂക്ഷമായ പരിഹാസം ആകുകപോലും ചെയ്യാറുണ്ട്. ഇതവർ ലെനിൻെറ നേരെയും പ്രയോഗിച്ചിട്ടുണ്ട്. 'ഉരുളക്കുപ്പേരി'യെന്നോണം അതേ നാണയത്തിൽ ലെനിൻ മടക്കിക്കൊടുത്തിട്ടുമുണ്ട്. ഇതൊക്കെ എന്തായാലും ഇരുവരുടെയും ആത്മാർത്ഥതയേയും ആത്മനിഷ്ഠമായ സത്യസന്ധതയേയും റോസയും ലെനിനും അന്യോന്യം ഒരിക്കലെങ്കിലും ചോദ്യം ചെയ്യുകയോ സംശയിക്കുകയോ ചെയ്തിട്ടില്ല. അക്കാലത്ത് മാർക്സിസ്റ്റ് പ്രസ്ഥാനത്തിൽ 'തെററാവരമുള്ള അപ്രമാദിത്യക്കാർ' ആരും തന്നെ ഉണ്ടായിരുന്നില്ല.

ലെനിൻെറ 'എന്തു ചെയ്യണം?' എന്ന സുപ്രസിദ്ധ ഗ്രന്ഥത്തേയും 'ഒരടി മുമ്പോട്ട് രണ്ടടി പിമ്പോട്ട്' എന്ന ലഘുലേഖയേയും വിമർശിച്ചുകൊണ്ട് 'സോഷ്യൽ ഡമോക്രസിയുടെ സംഘടനാപ്രശ്നം' എന്ന പേരിൽ റോസലക്സംബർഗ് ഇസ്ക്രാ എന്ന റഷ്യൻ ഭാഷാ പത്രത്തിൽ ഒരു ലേഖനമെഴുതുകയുണ്ടായി. റഷ്യൻ സോഷ്യൽ ഡമോക്രാററിക്ക് ലേബർ പാർട്ടി[3] കേന്ദ്രകമ്മററിയുടെ നിയന്ത്രണത്തിലായിരുന്നു അക്കാലത്തു 'ഇസ്ക്രാ'. അന്നു പാർടികേന്ദ്രകമ്മററിയിൽ മെൻഷവിക്കുകൾക്കായിരുന്നു ഭൂരിപക്ഷം. റഷ്യൻപാർട്ടിയിലെ ചേരിപിരിവിൽ, റോസ മെൻഷവിക്ക് പക്ഷത്തായിരുന്നുവെന്നു ഇതുകൊണ്ട് ധരിക്കരുത്. പൊതുശത്രുവിനെതിരെ വിപ്ലവകാരികൾ ഒററക്കെട്ടായി നില്ക്കണമെന്നാഗ്രഹിച്ചിരുന്നതുകൊണ്ട്, അവർ ഏതെങ്കിലും ഒരു ഗ്രൂപ്പിനോട് ചേർന്നു നില്ക്കാൻ വിസമ്മതിച്ചു. പക്ഷേ, 1905—ൽ പൊട്ടിപ്പുറപ്പെട്ട റഷ്യൻ വിപ്ലവം മെൻഷെവിസത്തിൻെറ താത്വികവും രാഷ്ട്രീയവുമായ പൊള്ളത്തരം വെളിവാക്കിയപ്പോൾ, പരസ്യമായി ബോൾഷെവിക്ക് അനുകൂലനിലപാട് എടുത്തുകൊണ്ട് വിപ്ലവത്തിൻെറ താൽപര്യത്തിൽ കവിഞ്ഞു തനിക്ക് മററൊരു താൽപര്യവുമില്ലെന്ന് അവർ തെളിയിച്ചു.[4]

---

[3] ഈ പാർട്ടിയിലെ രണ്ടു ഗ്രൂപ്പുകളായിരുന്നു ആദ്യകാലത്തു മെൻഷെവിക്കുകളും ബോൾഷെവിക്കുകളും. പിന്നീട് സ്വതന്ത്രപാർട്ടിയായിത്തീർന്ന ബൊൾഷെവിക്കുകൾ ഒക്ടോബർ വിപ്ലവത്തിനുശേഷം കമ്മ്യൂണിസ്റ്റ് പാർട്ടി എന്ന പേർ സ്വീകരിച്ചു.

[4] ബോൾഷെവിക്ക് അനുകൂല നിലപാട് എടുത്തെങ്കിലും വിപ്ലവത്തിൻെറ ലക്ഷ്യം തൊഴിലാളികളുടേയും കൃഷിക്കാരുടേയും ജനാധിപത്യ സർവ്വാധിപത്യമാണെന്ന ബോൾഷെവിക്ക് ഗ്രൂപ്പിൻേറയും അതിൻെറ നേതാവായ ലെനിൻേറയും അഭിപ്രായത്തോട് റോസലക്സംബർഗ് യോജിച്ചില്ല. റഷ്യൻവിപ്ലവത്തിൻെറ ലക്ഷ്യം കർഷകരുടെ സഹായത്തോടെയുള്ള തൊഴിലാളിവർഗ്ഗ

റഷ്യൻവിപ്ലവ പ്രസ്ഥാനത്തിന്റെ ചരിത്രത്തിൽ 'രക്തരൂഷിത ഞായറാഴ്ച്ച'[5] എന്നറിയപ്പെടുന്ന കൂട്ടക്കശാപ്പിനെത്തുടർന്നു, സാർ ചക്രവർത്തിയുടെ സർക്കാർ പ്രതീക്ഷിച്ചതുപോലെ റഷ്യൻ തൊഴിലാളിവർഗ്ഗപ്രസ്ഥാനം തളരുകയല്ല ഉണ്ടായത്. ആ കൂട്ടക്കശാപ്പിൽനിന്നൊഴുകിയ രക്തത്തിൽ റഷ്യൻ വിപ്ലവത്തിന്റെ ജ്ഞാനസ്നാനം നടന്നുവെന്നു ആലങ്കാരികമായി പറയാം, ഓരോ ദിവസം കഴിയുന്തോറും കൂടുതൽ കൂടുതൽ തൊഴിലാളികൾ റഷ്യയിലുടനീളം പണിമുടക്കി സാർ ഗവർമെണ്ടിനെതിരെ തെരുവിലിറങ്ങി. ജനുവരി അവസാനമായപ്പോഴേക്കും പണിമുടക്കിയ തൊഴിലാളികളുടെ സംഖ്യ പത്തുലക്ഷത്തിലധികമായി. ചുരുക്കത്തിൽ, ഒന്നാം റഷ്യൻവിപ്ലവം ആരംഭിച്ചു.

റഷ്യൻവിപ്ലവത്തിൽ നേരിട്ട് പങ്കെടുക്കാൻ 'റഷ്യക്കാരി'യായ റോസലക്സംബർഗ് വെമ്പി. പക്ഷേ, രോഗംബാധിച്ചു കിടപ്പിലായിരുന്നതുകൊണ്ട് അതു ഉടനെ സാദ്ധ്യമായില്ല. രോഗവിമുക്തയായ ഉടൻ, ജർമ്മൻ സോഷ്യൽ ഡമോക്രാറ്റിക് പാർട്ടി തന്നെ ഏല്പിച്ച ചുമതലകളിൽ നിന്നൊഴിവാക്കി, റഷ്യൻ വിപ്ലവത്തിൽ നേരിട്ട് പങ്കെടുക്കാൻ അനുമതി നല്കാൻ അച്ചടക്കബോധമുള്ള പ്രവർത്തകയെന്ന നിലയിൽ

---

നർവാധിപത്യം ആയിരിക്കണമെന്നായിരുന്നു അവരുടെ അഭിപ്രായം.

[5] 1905 ജനവരി 22ാംനു ഞായറാഴ്ച്ച ഫാദർ ഗാപ്പൺ എന്ന പുരോഹിതന്റെ നേതൃത്വത്തിൽ രണ്ടുലക്ഷം റഷ്യൻ തൊഴിലാളികൾ സാർചക്രവർത്തിയുടെ പടങ്ങളും കുരിശ് അടയാളമുള്ള പതാകകളും വഹിച്ചുകൊണ്ട്, തങ്ങളുടെ സങ്കടങ്ങൾ പരിഹരിക്കാൻ അഭ്യർത്ഥിച്ചുകൊണ്ടുള്ള ഭീമഹരജിയുമായി സാറിന്റെ വസതിയായ വിൻറർ കൊട്ടാരത്തിലേയ്ക്ക് ചെന്നു. വെടിയുണ്ടകളാണവരെ സ്വാഗതം ചെയ്തത്. രണ്ടായിരത്തിലധികം പേർ മരിച്ചുവീണു. നാലായിരത്തിലേറെയാളുകൾക്ക് മാരകമായ പരിക്ക്പററി. ഈ സംഭവമാണ് രക്തരൂഷിത ഞായറാഴ്ച്ച (Bloody Sunday) എന്നറിയപ്പെടുന്നത്.

റോസ പാർട്ടി കേന്ദ്രകമ്മററിയോടഭ്യർത്ഥിച്ചു. പാർട്ടിനേതൃത്വം ആദ്യം വിസമ്മതിക്കുകയാണുണ്ടായത്. ഇതിനിടയിൽ റോസ ജർമ്മനിയിലുടനീളം സഞ്ചരിച്ച് റഷ്യൻ വിപ്ലവത്തിനനുകൂലമായ പ്രചാരവേല നടത്തി. പരിപൂർണ്ണവിശ്രമം വേണമെന്ന ഡോക്ടർമാരുടെ നിർദ്ദേശത്തെ അവഗണിക്കുകയായിരുന്നു അവർ. എങ്കിലും റഷ്യൻ വിപ്ലവം അവരിലുളവാക്കിയ മാനസികാനന്ദവും ഉഷാറും അവരുടെ രോഗപ്രതിരോധശക്തിയെ വർദ്ധിപ്പിക്കുകയും ഡോക്ടർമാരുടെ പ്രതീക്ഷക്ക് വിപരീതമായി, അതിവേഗം ആരോഗ്യം വീണ്ടുകിട്ടുകയും ചെയ്തു. ഇതു, വാസ്തവത്തിൽ അവരെ ചികിത്സിച്ചിരുന്ന ഡോക്ടർമാരെ അത്ഭുതപ്പെടുത്തുകതന്നെ ചെയ്തു.

ഇതിനുമുമ്പ്, രോഗശയ്യയിലായിരിക്കുമ്പോൾ വിപ്ലവത്തിൽ പങ്കെടുക്കാൻ ആഹ്വാനം ചെയ്തുകൊണ്ടുള്ള ലഘുലേഖകൾ പോളിഷ് ഭാഷയിലും വിപ്ലവത്തെ ന്യായീകരിക്കുകയും സഹായസഹകരണങ്ങൾ നല്കാൻ അഭ്യർത്ഥിക്കുകയും ചെയ്തുകൊണ്ടുള്ള ലേഖനങ്ങൾ ജർമ്മൻ-ഫ്രഞ്ച് ഭാഷകളിലും റോസ തുരുതുരെ എഴുതി. ഇക്കൂട്ടത്തിൽ മൈനർ ക്ലാസിക്ക് എന്നു ന്യായമായും വിശേഷിപ്പിക്കാവുന്ന ഒരു ലഘുലേഖയുണ്ട്: 'സോഷ്യലിസവും പള്ളിയും.' യേശുക്രിസ്തുവിന്റേയും ആദ്യകാല ക്രിസ്തുമതത്തിന്റേയും പുരോഗമന—വിപ്ലവസ്വഭാവങ്ങളെ വെളിവാക്കിക്കൊണ്ട് ആധുനിക ക്രൈസ്തവസഭകൾ ക്രിസ്തുവിന്റെ വചനങ്ങൾക്ക് കടകവിരുദ്ധമായി മർദ്ദകന്മാരുടെ ചട്ടുകമായി മാറിയിരിക്കുന്നുവെന്നു തെളിയിക്കുന്ന ഈ പുസ്തകം 'ജോസഫ് ചെമുറ' എന്ന തൂലികാനാമത്തിലാണ് റോസ എഴുതിയത്. ക്രാക്കോവിൽ നിന്ന് പോളിഷ് ഭാഷയിൽ പ്രസിദ്ധീകരിക്കപ്പെട്ട ഈ കൊച്ചുഗ്രന്ഥം കത്തോലിക്കാ ഭൂരിപക്ഷ നാടായ പോളണ്ടിൽ വിപ്ലവത്തിന്റെ നല്ലൊരു സംഘാടകനായി. കേവലയുക്തിവാദികളുടെ യാന്ത്രികസമീപന

ത്തിൽ നിന്നു വ്യത്യസ്തമായി, ചരിത്രപരമായ ഭൗതികവാദത്തിന്റെ രീതിയനുസരിച്ച് ആദ്യകാല ക്രിസ്തുമതത്തേയും സമകാലീന പൌരോഹിത്യത്തേയും റോസ ലക്സംബർഗ് വിശകലനം ചെയ്തതു കൊണ്ടാണിത് സംഭവിച്ചത്.

റഷ്യൻവിപ്ലവത്തിന്റെ സിരാകേന്ദ്രമായ സെൻറ് പീറ്റേഴ്സ്ബർഗ്ഗിൽ (ഇപ്പോഴത്തെ ലെനിൻ ഗ്രാഡ്) തൊഴിലാളികളുടെയും പട്ടാളക്കാരുടെയും സോവിയററ് ഭരണാധികാരം ഭാഗികമായി പിടിച്ചെടുത്തുവെന്ന വാർത്തകേട്ടതോടുകൂടി റോസയ്ക്ക് ഇരിക്കപ്പൊറുതിയില്ലാതായി. ജർമ്മൻ പാർട്ടിയിലെ ചുമതലകളിൽ നിന്നു തന്നെ ഒഴിവാക്കിയേ തീരു എന്നവർ ശാഠ്യം പിടിച്ചു. ഒടുവിൽ, പാർട്ടിനേതൃത്വം റോസയുടെ ആവശ്യം അംഗീകരിച്ചു.

ബർലിൻകാരിയായ അന്നമററ്സാചാക്കോ എന്ന വ്യാജപ്പേരിലുള്ള ഒരു പാസ്പോർട്ടുമായി 1905 ഡിസമ്പറിലെ ഒരു തണുത്തുറഞ്ഞദിവസം, ഉള്ളിൽ ആവേശാഗ്നി കത്തിജ്വലിക്കുന്ന ആ സാഹസിക റഷ്യൻ പോളണ്ടിന്റെ അതിർത്തിയിലെത്തി. പക്ഷേ, അവിടെ നിന്നു പോളണ്ടിനകത്തേയ്ക്കുള്ള എല്ലാ ഗതാഗതമാർഗ്ഗങ്ങളും മുടങ്ങിയിരിക്കുന്നു. അക്ഷമയായ ആ വിപ്ലവകാരി ജർമ്മൻ–പോളിഷ് അതിർത്തിയിലുടനീളം സഞ്ചരിച്ചുനോക്കി. യാത്രചെയ്യാൻ ഒരൊററ വഴിയെയുള്ളൂ കുതിരപ്പുറത്തു സഞ്ചരിക്കുക. കുതിരസ്സവാരി അറിയാമായിരുന്നെങ്കിലും അപകടകാരിയായ ഒരു വിപ്ലവപ്രവർത്തക എന്ന നിലയിൽ പോലീസിന്റെ നോട്ടപ്പുള്ളിയായ റോസലക്സംബർഗിനെ സംബന്ധിച്ചേടത്തോളം ആ വഴി സുരക്ഷിതമല്ല. എന്തുചെയ്യണമെന്നറിയാതെ, കൂട്ടിലടച്ച നരിയെപ്പോലെ അസ്വസ്ഥയായി കഴിയുമ്പോഴാണ് കേൾക്കുന്നത്, ഒരു പട്ടാളതീവണ്ടി പോളണ്ടിന്റെ തലസ്ഥാനമായ വാഴ്സയിലേക്ക് അന്നു രാത്രി പോകുന്നുണ്ടെന്ന്. ഉടനെ, വിപ്ലവാത്മ ഹൃദയം കൊണ്ട്

അനുകൂലിക്കുന്ന ഒരു പട്ടാളക്കാരന്റെ മിലിററി യൂനിഫോം സംഘടിപ്പിച്ച്, പുരുഷനായ പട്ടാളക്കാരൻ എന്ന ഭാവത്തിൽ വണ്ടി പുറപ്പെടാൻ നേരത്തു റോസ അതിൽ ഓടിക്കയറി. യൂറോപ്പിലെ അതികഠിന ശൈത്യകാലമായ ഡിസമ്പറിലായിട്ടുപോലും ആ തീവണ്ടിയിൽ തണുപ്പ് കുറയ്ക്കാനുള്ള യാതൊരു സംവിധാനവുമുണ്ടായിരുന്നില്ല. പട്ടാളക്കാർ സഞ്ചരിക്കുന്ന വണ്ടിയാണെന്നു വിപ്ലവകാരികൾ മനസ്സിലാക്കി റെയിൽ അട്ടിമറി നടത്തിയാലോ എന്ന ശങ്ക മൂലം കമ്പാർട്ടുമെൻറുകളിൽ വെളിച്ചവുമുണ്ടായിരുന്നില്ല. നിരവധി കമ്പാർട്ടുമെൻറുകളുള്ള ആ നീണ്ട തീവണ്ടിയിലെ ഏക സ്ത്രീയും സിവിലിയനും റോസലക്സംബർഗായിരുന്നു. പുരുഷനായ പട്ടാളക്കാരന്റെ വേഷത്തിലാണെന്നു മാത്രം. ഇതിനെല്ലാം പുറമെ വർഷങ്ങളായി സാറിസ്റ്റ് പോലീസിന്റെ പിടികിട്ടാപ്പുള്ളിയും. നാല്പത്തിയെട്ടു മണിക്കൂർ നീണ്ടുനിന്ന ഉൽക്കണ്ഠാജനകമായ ഈ സാഹസികയാത്രയെപ്പററി, ഒരു സുഹൃത്തിനു പിന്നീട് റോസലക്സംബർഗ് എഴുതി: 'പ്രാണൻ കൈയിൽ പിടിച്ചുകൊണ്ടുള്ള ഒരു യാത്ര'.

## ദമ്പതിമാർ സമരരംഗത്ത്

റോസലക്സംബർഗിനേയും വഹിച്ചുകൊണ്ടുള്ള പട്ടാളത്തീവണ്ടി വാർസയിലെത്തുന്നതിന്നു മുമ്പു തന്നെ, 'മാർഷൽലാ' പ്രഖ്യാപിച്ചിരുന്നതുകൊണ്ട് ആ നഗരമാകെ ശ്മശാനമൂകതയിലായിരുന്നു. കാവൽ ഡ്യൂട്ടിക്കാരായ സൈനികരുടെ കനത്തബൂട്ട്സുകൾ തറയിൽ പതിയുമ്പോഴുള്ള ശബ്ദംമാത്രമേ ആ നിശ്ശബ്ദതയെ ഭഞ്ജിച്ചിരുന്നുള്ളൂ. തൊഴിലാളികൾ അപ്പോഴും പൊതുപണിമുടക്കിലായിരുന്നെങ്കിലും, അതു പരാജയപ്പെടുമെന്ന് തീർച്ചയായിക്കഴിഞ്ഞിരുന്നു. മോസ്കോയിലെ കലാപത്തെ അടിച്ചമർത്തിക്കഴിഞ്ഞിരുന്നു. എങ്കിലും ഇതൊന്നും റോസയുടെ ആത്മവിശ്വാസത്തേയും ശുഭപ്രതീക്ഷയേയും ഒരുവിധത്തിലും ബാധിച്ചിരുന്നില്ല എന്നു 1906 ജനവരി 21–ാംനു- അവർ കൗട്സ്കിക്കയച്ച കത്തിൽനിന്നു മനസ്സിലാക്കാൻ കഴിയുന്നുണ്ട്.

പൊതുയോഗങ്ങൾ നിരോധിച്ചിരുന്നതുകൊണ്ട് തൊഴിലാളികൾ ഫാക്ടറികൾക്കകത്തുവെച്ച് യോഗങ്ങൾ നടത്തി. ഇതിൽ വേഷപ്രച്ഛന്നയായി റോസയും പങ്കെടുത്തിരുന്നു. അവരുടെ പത്രാധിപത്യത്തിൽ 'ചെങ്കൊടി' എന്നപേരിൽ ഒരു അണ്ടർഗ്രൗണ്ട് ദിനപത്രം പുറത്തുവരാൻ തുടങ്ങി. രഹസ്യമായി കമ്പോസ് ചെയ്തു രഹസ്യമായിത്തന്നെ അച്ചടിച്ചിരുന്ന ഈ പത്രത്തിൻെറ അച്ചടിയന്ത്രം സുരക്ഷിതത്വത്തിന്നുവേണ്ടി, രഹസ്യപ്പോലീസിൻേറയും പട്ടാളത്തിൻേറയും കണ്ണിൽപ്പെടാതെ സ്ഥലംമാററിക്കൊണ്ടിരുന്നു. തൻെറ ഭാര്യയുടെ വിപ്ളവപ്രവർത്തനങ്ങളിൽ പങ്കാളിയാകാൻ

വേണ്ടി അപ്പോഴേക്കും വാഴ്സയിലെത്തിയിരുന്ന, അണ്ടർഗ്രൗണ്ട് പ്രവർത്തനങ്ങളിൽ അതിസമർത്ഥനായിരുന്ന ലിയോജ്യോഗിച്ചായിരുന്നു ഇതിൻെറയെല്ലാം ചുക്കാൻ പിടിച്ചിരുന്നത്. ഓട്ടോ ഏംഗൽമാൻ എന്ന വ്യാജപ്പേരിലാണദ്ദേഹം ഇക്കാലത്ത് വാർസയിൽ കഴിഞ്ഞുകൂടിയിരുന്നത്.

ലിയോ ജ്യോഗിച്ചിൻെറ നേതൃത്വത്തിൽ ഒന്നിലേറെ തവണ, കമ്പോസ് ചെയ്തു അച്ചടിക്കാൻ പാകത്തിലാക്കിയ ഫോറങ്ങൾ സ്വകാര്യ മുതലാളിമാരുടെ പ്രസ്സുകളിലേയ്ക്ക് കൊണ്ടുപോയി, തോക്കു ചൂണ്ടി ഭീഷണിപ്പെടുത്തി അച്ചടിപ്പിച്ചെടുത്തിട്ടുണ്ട്. പോലീസിനേയും പട്ടാളക്കാരേയും കൂസാതെയും അവർക്ക് പിടികൊടുക്കാതേയും ഇന്നത്തെ ചെങ്കൊടി എന്നു വിളിച്ചു പറഞ്ഞുകൊണ്ടു വിപ്ലവകാരികൾ പരസ്യമായി വാഴ്സാതെരുവുകളിൽ രഹസ്യപത്രം വിററിരുന്നു. ഇതൊക്കെയായാലും വിപ്ലവം പരാജയപ്പെടുകയായിരുന്നു. വിപ്ളവകാരികളിൽ പലരും പോലീസിൻെറ പിടിയിൽപ്പെട്ടു. പുറത്തുള്ളവരിൽ വ്യാപകമായ തോതിൽ ആശയക്കുഴപ്പം പടർന്നുപിടിച്ചു. മാർക്സിസത്തിൻെറ അടിസ്ഥാനത്തിൽ സ്ഥിതിഗതികളെ ആകെ വിലയിരുത്തേണ്ടത് തൻെറ അടിയന്തിരകടമയായി റോസലക്സംബർഗ് കരുതി. ഇതിൻെറ ഫലമാണ് ''വിപ്ളവത്തിൻെറ ദിനങ്ങളിൽ നിന്ന്: ഇനിയെന്തു്?'' എന്നലഘുലേഖ. ഇതേ ശീർഷകത്തിൽ 1905 ഏപ്രിലിലും മേയിലും പോളിഷ് ഭാഷയിൽ ബർലിനിൽ വെച്ച് റോസ എഴുതിയ രണ്ടു ലഘുലേഖകളുടെ അനുബന്ധമാണിത്. ബഹുജനങ്ങളുടെ പങ്കാളിത്തമില്ലാത്ത ഭീകരപ്രവർത്തനങ്ങളെ വിപ്ളവപരമെന്നു പ്രകീർത്തിക്കുന്ന പ്രവണതയെ ശക്തിയായി അപലപിച്ചുകൊണ്ട്, അത്തരം വിഭാഗീയ വീരസാഹസിക പ്രവർത്തനങ്ങൾ വിപ്ളവപ്രസ്ഥാനത്തിന്ന് എങ്ങിനെ ദോഷകരമാകുമെന്ന് ഈ പുതിയ ലഘുലേഖയിൽ വിശദീകരിച്ചു. തൊഴിലാളിവർഗ്ഗത്തിൻെറ

വിമോചനത്തിനു വേണ്ടിയുള്ള പോരാട്ടത്തിൽ, രാഷ്ട്രീയപൊതുപണിമുടക്കിന്റെ പ്രാധാന്യം ഇപ്പോഴത്തെ വിപ്ലവത്തിൽ നിന്നു വ്യക്തമായി എന്നും രാഷ്ട്രീയ പൊതുപണിമുടക്കിന്റെ പ്രാധാന്യത്തെപ്പററി മനസ്സിലാക്കുക എന്നതാണ് ലോകമാസകലമുള്ള തൊഴിലാളികൾ ഈ വിപ്ലവത്തിൽ നിന്നു പഠിക്കേണ്ട പാഠമെന്നും റോസ ഊന്നിപ്രസ്താവിച്ചു.

## തൂക്കുമരത്തിന്റെ നിഴലിൽ

വിപ്ളവത്തെ നയിക്കാൻ റോസലക്സംബർഗും ഭർത്താവായ ലിയോജ്യോഗിച്ചും രഹസ്യമായി പോളണ്ടിലേയ്ക്ക് പോയിരിക്കുന്നുവെന്നു ജർമ്മനിയിലെ പിന്തിരിപ്പൻ പത്രങ്ങളിൽ വാർത്ത വന്നതുമുതൽ അവരെ പിടികൂടാൻ പോളണ്ടിലെ രഹസ്യപ്പോലീസ് പരക്കം പാഞ്ഞിരുന്നു. ഒടുവിൽ ചില ഒററുകാരുടെ സഹായത്തോടെ വിപ്ളവക്കാരായ ആ ദമ്പതികൾ 1906 മാർച്ച് 4 ന് അറസ്റ്റ് ചെയ്യപ്പെട്ടു. കൌണ്ടസ് വലിവ്സ്ക എന്ന ധനികയായ പാർട്ടി അനുഭാവിയുടെ വീട്ടിൽ അന്നാമററ് സാചക്കോ, ഓട്ടോ ഏംഗൽമാൻ എന്നീ പേരുകളിൽ താമസിക്കുകയായിരുന്നു റോസയും ലിയോവും. പോലീസിന്റെ പിടിയിൽപ്പെട്ടതിന ശേഷവും തങ്ങളുടെ വ്യാജപ്പേരുകളിൽ പുള്ളികൾ ഉറച്ചു നിന്നപ്പോൾ, തങ്ങൾ അറസ്റ്റ് ചെയ്തതു നിരപരാധികളായ ഏതോ ജർമ്മൻ ദമ്പതികളാണെന്നു പോലീസധികൃതർക്കും തോന്നിത്തുടങ്ങി. ഇതിന്റെ അടിസ്ഥാനത്തിൽ അവരെ വിട്ടയക്കാൻ ആലോചിച്ചു കൊണ്ടിരുന്നതിനിടയിലാണ്, റോസയുടെ സഹോദരിയുടെ വീട് പോലീസ് സർച്ച് ചെയ്തത്. അവിടെ നിന്ന് റോസലക്സംബർഗിന്റെ ഒരു ഫോട്ടോ അവർ കണ്ടെടുത്തു. അതോടുകൂടി തങ്ങൾ അറസ്റ്റ് ചെയ്തതു റോസയേയും ലിയോവിനേയുമാണെന്നു പോലീസധികൃതർക്ക് ബോദ്ധ്യമായി.

തുടർന്ന്, റോസലക്സംബർഗിനെ വാർസയിലെ ടൗൺ പോലീസ്സ്റ്റേഷനിലെ ലോക്കപ്പുമുറികളിലൊന്നിലേക്ക് മാററി. വളരെ ദയനീയവും ക്രൂരവു

രായ ജീവിതമായിരുന്നു അവിടെ. ഒരൊററ തടവുകാരനെ പാർപ്പിക്കാനുണ്ടാക്കിയിട്ടുള്ള ജനവാതിലുകളില്ലാത്ത ആ മുറിയിൽ പതിനഞ്ചു തടവുകാരുണ്ടായിരുന്നു. ഭാഗ്യവശാൽ, അവരെല്ലാം രാഷ്ട്രീയപ്രവർത്തകരായിരുന്നു. തൊട്ടടുത്ത മുറികളിൽ ക്രിമിനൽ പുള്ളികളേയും ഭ്രാന്തൻമാരേയും വേശ്യകളേയും ഒന്നിച്ചാണിട്ടിരുന്നത്. ഭ്രാന്തൻമാർ നിരന്തരമായി ബഹളംകൂട്ടിയിരുന്നതുകൊണ്ട്, റോസയ്ക്കും മററു തടവുകാർക്കും പലപ്പോഴും ശരിക്കുറങ്ങാൻ കഴിഞ്ഞിരുന്നില്ല. യൂറോപ്പിലെ ഏററവും ശൈത്യമുള്ള പ്രദേശമായിട്ടും കിടക്കയോ പുതപ്പോ തലയണയോ റോസയടക്കമുള്ള രാഷ്ട്രീയ തടവുകാർക്ക് നല്കിയിരുന്നില്ല. പകൽ സമയം ലോക്കപ്പ്മുറിയിൽനിന്ന്, ഇടനാഴികയിലേയ്ക്കിറങ്ങാൻ സമ്മതിച്ചിരുന്നു. വ്യഭിചാരകുററത്തിന്നു പിടികൂടിയിട്ടുള്ള സ്ഥിരം വേശ്യകളുടെ പുളിച്ചതെറികളും അശ്ലീലംകലർന്ന ഫലിതങ്ങളും തുറന്നുകിടക്കുന്ന കക്കൂസുകളുടെ അസഹ്യമായ നാററവും സഹിക്കേണ്ടിവരുമെന്നുമാത്രം.

ഈ സാഹചര്യങ്ങൾ റോസലക്സംബർഗിന്റെ ആരോഗ്യനിലയെ ആകെ താറുമാറാക്കി. ഇതിനിടയിൽ ജയിലിലെ അനീതിക്കെതിരായി നടത്തിയ നിരാഹാരസമരം അവരെ തികഞ്ഞ രോഗിയാക്കി. ഒടുവിൽ, കുറെക്കൂടി കാററും വെളിച്ചവും ലഭിക്കുന്ന വാർസാകോട്ടയിലേയ്ക്ക് അവരെ മാററി. അവിടേയും തടവുകാർക്കുള്ള ഏക ആയുധമായ നിരാഹാരവ്രതം എടുത്ത് അനീതിക്കെതിരായി അവർക്ക് പോരാടേണ്ടിവന്നു.

നൂററിനാല്പത്തിനാല് മണിക്കൂറുകൾ നീണ്ടുനിന്ന നിരാഹാരസമരം അവസാനിച്ച ഉടൻ റോസയെ കാണാൻ ചില സന്ദർശകരെത്തി. ഏകസഹോദരിയും ജ്യേഷ്ഠൻമാരും നീണ്ട പത്തുകൊല്ലങ്ങൾക്കുശേഷം തങ്ങളുടെ പൊന്നനുജത്തിയെ കാണാനെത്തിയതായിരുന്നു. അനാരോഗ്യവും നിരാഹാരസമരവും അവശയാ

ക്കിയിരുന്ന റോസയ്ക്ക് സന്ദർശകമുറിയിലേക്ക് നടന്നുപോകാൻ വയ്യായിരുന്നു. വാർസാകോട്ടയുടെ ചുമതല വഹിച്ചിരുന്ന മിലിട്ടറി ഓഫീസർ ആ തടവുകാരിയെ തന്റെ കൈകളിൽ കോരിയെടുത്തു സന്ദർശകമുറിയിൽ തടവുകാർക്ക് നില്ക്കാനുള്ള ഇരുമ്പഴികളിട്ട ഭാഗത്തു കൊണ്ടുവെച്ചു. കൊച്ചനുത്തിയുടെ മൃതപ്രായമായ ദേഹം കണ്ടു ഒരു ജ്യേഷ്ഠൻ വാവിട്ടു കരഞ്ഞു. മററുള്ളവരും കണ്ണീരൊഴുക്കി. പക്ഷേ, മനഃസാന്നിദ്ധ്യം നഷ്ടപ്പെടാത്ത ആ ധീരവിപ്ളവകാരി തന്റെ കൂടപ്പിറപ്പുകളെ ആശ്വസിപ്പിക്കാൻ ശ്രമിച്ചു. നിശ്ചിതസമയം കഴിഞ്ഞപ്പോഴ, വിതുമ്പിക്കരഞ്ഞുകൊണ്ടാണ് ആ സന്ദർകർ സ്ഥലം വിട്ടത്.

വാർസാകോട്ടയ്ക്കുള്ളിലെ മുററത്ത് തന്നെയാണ് കൊലമരങ്ങൾ സ്ഥാപിച്ചിരുന്നത്. യാതൊരു മുന്നറിയിപ്പും കൂടാതെ, ഏതെങ്കിലും തടവുകാരനെ വാഡർമാർ ജയിൽമുറിയിൽനിന്നു കണ്ണുകെട്ടി പുറത്തേയ്ക്ക് കൊണ്ടുപോകും. പിന്നീടയാൾ മടങ്ങിവരാറില്ല. കാരണം, അയാളെ തൂക്കികൊന്നിരിക്കും. വധശിക്ഷക്ക് മുമ്പായി വിചാരണയോ, തൂക്കികൊല്ലാൻ പോകുന്ന തടവുകാരനെ വിവരമറിയിക്കുകയോ ചെയ്യുന്ന ഏർപ്പാടില്ല ഇതുകാരണം, മരണക്കുറിയിലെ നറുക്ക് എപ്പോഴാണ് തനിക്ക് വീഴുന്നതെന്നോർത്തു സദാനേരവും ഓരോ തടവുകാരനും നടുങ്ങിക്കൊണ്ടിരിക്കും. ഒരു ദിവസം റോസലക്സംബർഗിന്റെ അന്ത്യദിവസം പിറന്നുവെന്നു അവരും മററു സഹതടവുകാരും കരുതി. പെട്ടൊന്നൊരു പ്രഭാതത്തിൽ റോസയെ, വാർഡർമാർ ജയിൽമുറിയിൽ നിന്നു പുറത്തിറക്കി, മററു തടവുകാർ നോക്കിനില്ക്കെ അവരുടെ കണ്ണുകൾ കറുത്ത ശീല കൊണ്ടുകെട്ടി. പക്ഷേ, അവരെ ആനയിച്ചതു കൊലമരത്തിലേയ്ക്കല്ല, പോലീസ് ഹെഡ്ക്വാർട്ടേഴ്സിലേക്കാണ്, ഉന്നതരായ പോലീസുദ്യോഗസ്ഥൻമാർക്ക് ചോദ്യംചെയ്യാൻവേണ്ടി. തടവുകാരെ കായികമായി പീഡിപ്പിക്കുന്നതുകൊണ്ട്

മാത്രം തൃപ്തിവരാത്ത സാഡിസ്റ്റുകളായ പോലീസ് അധികൃതർ മാനസികപീഡനത്തിന്നുവേണ്ടി നടത്തിയ ഒരു 'വിക്രിയ' ആയിരുന്നു റോസയുടെ കണ്ണുകെട്ടൽ.

ഈ പീഡാനുഭവങ്ങൾക്കിടയിലും പുറത്തുള്ള അണ്ടർഗ്രൗണ്ട് മെഷിനറിയുമായി ബന്ധപ്പെടാനുള്ള രഹസ്യസംവിധാനം റോസ സംഘടിപ്പിച്ചിരുന്നു. ആ സംവിധാനത്തിലൂടെ തന്റെ പാർട്ടിയുടെ പ്രവർത്തനങ്ങളെപ്പററി അവർ മനസ്സിലാക്കിക്കൊണ്ടിരുന്നു. പ്രവർത്തനങ്ങളെപ്പററിയുള്ള തന്റെ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും അപ്പോഴപ്പോൾ അവർ പുറത്തുള്ള തന്റെ സഖാക്കളെ അറിയിക്കുകയും ചെയ്തിരുന്നു. 'വടക്കൻ ധ്രുവ' [6] ത്തിൽനിന്നുള്ള വാർത്തകളും റോസയ്ക്ക് കിട്ടിക്കൊണ്ടിരുന്നു. പക്ഷേ, അവ അധികവും ആശയകുഴപ്പമുളവാക്കുന്നതും നിരാശാജനകവുമായിരുന്നു.

'ചെങ്കൊടി' പത്രത്തിന്ന് കൃത്യമായി ലേഖനങ്ങളെഴുതാനും ലഘുലേഖകൾ തയ്യാറാക്കാനും പററിയ സമയമായി റോസ കണ്ടതു രാത്രി 9 മണിമുതൽ പുലർച്ചെ രണ്ടുമണിവരെയായിരുന്നു. തത്സമയം എല്ലാ തടവുകാരും ഉറങ്ങുമെന്നതിനാൽ ജയിലിൽ പരിപൂർണ്ണ നിശ്ശബ്ദതയായിരിക്കും. പുലർച്ചെ 4 മണിമുതൽ തടവുകാരുടെയും ജയിലുദ്യോഗസ്ഥന്മാരുടേയും ബഹളം ആരംഭിച്ചിരിക്കും. ഇതിനർത്ഥം, രണ്ടേരണ്ടു മണിക്കൂറേ റോസ ഗാഢനിദ്രയ്ക്ക് ഉപയോഗിച്ചിരുന്നുള്ളുവെന്നാണ്: അവരുടെ ആരോഗ്യനില വഷളാക്കിയതിൽ ഈ ദിനചര്യക്ക് നല്ല പങ്കുണ്ട്.

---

6 റഷ്യയിലെ സെൻറ് പീറേറഴ്സ് ബർഗ്ഗ്, അണ്ടർഗ്രൗണ്ട് സാഹിത്യങ്ങളിൽ ഈ കോഡ്വാക്കിലാണറിയപ്പെട്ടിരുന്നത്.

## പത്തു കൊല്ലങ്ങൾക്കു് ശേഷം, സ്വന്തം വീട്ടിൽ

തങ്ങളുടെ കൊച്ചനുജത്തിയുടെ ദേഹസ്ഥിതി കണ്ടു് മനംനൊന്തു ജയിലിൽനിന്നിറങ്ങിപ്പോയ ലക്സംബർഗ് സഹോദരന്മാർ, അന്നുതൊട്ടു് റോസയുടെ മോചനത്തിനുവേണ്ടി പല വാതിലുകളും മുട്ടാൻതുടങ്ങി. റോസയ്ക്കു് ജർമ്മൻ പൗരത്വമുള്ളതുകൊണ്ടു്, അവരുടെ വിമോചനത്തിന്നുവേണ്ടി റഷ്യയിലെ സാർചക്രവർത്തിയോടാവശ്യപ്പെടാൻ ജർമ്മൻ ഗവർമെണ്ടിനെ നിർബന്ധിക്കാൻ ലക്സംബർഗ് സഹോദരന്മാർ ജർമ്മൻ സോഷ്യൽ ഡമോക്രാററിക്കു് പാർട്ടിയുടെ കേന്ദ്രകമ്മററിയോടഭ്യർത്ഥിച്ചു. ഈ വിവരം അറിഞ്ഞ ഉടൻ, ഈ അഭ്യർത്ഥനയോടു് തനിക്കുള്ള വിയോജിപ്പു്, റോസ ജർമ്മൻ പാർട്ടിയെ അറിയിച്ചു. തൊഴിലാളി വർഗ്ഗത്തിൻെറ ശത്രുവായ ജർമ്മൻ ഗവർമ്മണ്ടിൻെറ ഔദാര്യംമൂലം താൻ ജയിലിൽ നിന്നു വിട്ടയക്കപ്പെടുകയാണെങ്കിൽ, വിപ്ലവകാരി എന്ന നിലയിൽ വേണ്ടത്ര ശക്തിയായി ജർമ്മൻ ഗവർമ്മണ്ടിനെ തനിക്കു് എതിർക്കുവാൻ മനുഷ്യസാധാരണമായ ഉപകാരസ്മരണ തടസ്സം നിന്നാലോ എന്ന ശങ്കയായിരുന്നു റോസലക്സംബർഗിന്നു്.

റോസലക്സംബർഗിൻെറ ജർമ്മൻ പൗരത്വം റഷ്യൻ ഗവർമ്മണ്ടിന്നു് അല്ലെങ്കിൽത്തന്നെ തലവേദനയുണ്ടാക്കി. ഒരു ജർമ്മൻ പ്രജയെ, ആ ഗവർമ്മെണ്ടിൽ നിന്നു മുൻകൂട്ടി അനുവാദം വാങ്ങാതെ തടങ്ങലിൽ വെയ്ക്കുന്നതു സാർവ്വദേശീയക്കരാറുകളെ ലംഘിക്കലാകുമോ എന്ന ശങ്കയായിരുന്നു അവർക്കു്. റഷ്യൻ ഭരണാധികാരികൾ നിയമപണ്ഡിതന്മാരുടെ ഉപദേശം

തേടി. ല്യുബക്കുമായുള്ള റോസയുടെ വിവാഹം ജർമ്മനിയിൽ നിയമവിധേയമാണെങ്കിലും, ആ വിവാഹത്തിന്ന് ഒരു 'റബ്ബി' (ജൂതമത പുരോഹിതൻ) കാർമ്മികത്വം വഹിച്ചിട്ടില്ലാത്തതുകൊണ്ട് അതിന്ന് നിയമസാധുത്വമില്ലെന്നും, അക്കാരണത്താൽ റോസലക്സംബർഗ് ജർമ്മനിയിൽ ജർമ്മൻകാരിയാണെങ്കിലും റഷ്യയിൽ റഷ്യക്കാരി തന്നെയാണെന്നുമായിരുന്നു നിയമജ്ഞരുടെ കണ്ടുപിടിത്തം.

ജൂൺമാസമായപ്പോഴേക്കും റോസയുടെ ആരോഗ്യസ്ഥിതി കൂടുതൽ മോശമായി. അവരെ പരിശോധിച്ച ഡോക്ടർ, അവൾക്ക് രക്തക്കുറവും ഞരമ്പ്രോഗങ്ങളുടെ ലക്ഷണങ്ങളും ഉണ്ടെന്നു കണ്ടുപിടിച്ചു. മാത്രമല്ല, അവരുടെ കുടലും കരളും രോഗബാധിതമാണെന്നും, ശുചിയായ ചുറ്റുപാടിൽ പത്ഥ്യാഹാരത്തോടുകൂടിയ വിദഗ്ധചികിത്സ ആവശ്യമാണെന്നും ഡോക്ടർ റിപ്പോർട്ട് ചെയ്തു.

ഡോക്ടറുടെ ഈ രോഗനിർണ്ണയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ റോസലക്സംബർഗിനെ ജയിലിൽ നിന്നു വിട്ടയച്ചു; വാർസാ നഗരത്തിൽനിന്നു പുറത്തു പോകരുതെന്ന നിബന്ധനയോടെ. മൂവായിരം റൂബിൾ ജാമ്യമായി കെട്ടിവെക്കാനും അവരോടാവശ്യപ്പെട്ടു. ഈ വാർത്ത അറിഞ്ഞയുടൻ, ജാമ്യത്തുക ജർമ്മൻ സോഷ്യൽ ഡമോക്രാറ്റിക്ക് പാർട്ടി കേന്ദ്രകമ്മററി അയച്ചു കൊടുത്തു.[7]

ജർമ്മൻ പാർട്ടിയുടെ സാമ്പത്തിക സഹായമില്ലെങ്കിലും, സമ്പന്നരായ ലക്സംബർഗ് സഹോദരന്മാർ ജാമ്യത്തുക കെട്ടിവെക്കുമായിരുന്നു. വാസ്തവത്തിൽ തങ്ങളുടെ അനുജത്തിയുടെ മോചനത്തിന്നു

---

7 പില്ക്കാലത്തു ജർമ്മൻ പാർട്ടി നേതൃത്വത്തെ രാഷ്ട്രീയകാരണങ്ങളാൽ റോസ വിമർശിക്കാൻ തുടങ്ങിയപ്പോൾ, ഈ സഹായത്തിന്റെ പേരിൽ നന്ദികെട്ടവളായി റോസയെ ജർമ്മൻ സോഷ്യൽ ഡമോക്രട്ടിക്ക് നേതാക്കൾ ചിത്രീകരിച്ചിരുന്നു.

വേണ്ടി വൻതുകകൾ കൈക്കൂലിയായി ലക്സംബർഗ് സഹോദരന്മാർ അധികൃതർക്ക് നൽകിയിരുന്നു. തങ്ങളുടെ പ്രിയപ്പെട്ട നേതാവിന്റെ ജീവനു ഹാനി സംഭവിക്കുകയാണെങ്കിൽ, അതിനുത്തരവാദികളായ ഉദ്യോഗസ്ഥന്മാരെയും അവരുടെ കുടുംബാംഗങ്ങളെയും ഈ ഭൂമിയിൽ ജീവിച്ചിരിക്കാൻ അനുവദിക്കുകയില്ലെന്നു അണ്ടർഗ്രൗണ്ടിലുള്ള പാർട്ടി ഓരോ ഉദ്യോഗസ്ഥനേയും രേഖാമൂലം അറിയിച്ചിരുന്നു. ഈ ഭീഷണിക്കത്തുകളും വൻതുകയും ഒന്നിച്ചു കണ്ടപ്പോൾ, ഡോക്ടർമാരുടെ റിപ്പോർട്ടിന്റെ മറപിടിച്ചു റോസലക്സംബർഗിനെ വിട്ടയക്കുകയാണ് ബുദ്ധി എന്നു അധികൃതർ കരുതി. കൈക്കൂലി കൊടുത്ത വിവരം, ജയിലിൽ നിന്നിറങ്ങിയശേഷമാണ് റോസ അറിഞ്ഞത്. അപ്പോഴവർ, ഈ അവിഹിതകൃത്യത്തെ ചൊല്ലി തന്റെ ജ്യേഷ്ഠന്മാരോട് ദേഷ്യപ്പെട്ടു. തങ്ങളുടെ ഉദ്ദേശശുദ്ധിയോർത്ത് ക്ഷമിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ടവർ ഒഴിഞ്ഞുമാറി.

വളരെക്കാലത്തിന്നുശേഷം റോസ തന്റെ സ്വന്തം വീട്ടിൽ കടുംബാംഗങ്ങളോടൊന്നിച്ചു താമസമാക്കി. ഇതു വീട്ടിലാകെ ഉത്സാഹത്തിമർപ്പുണ്ടാക്കി. തങ്ങളുടെ റോസ്ലിപെങ്ങൾക്ക് ഇഷ്ടഭോജ്യങ്ങൾ നല്കി സൽക്കരിക്കാൻ സഹോദരന്മാർ കൊതിച്ചു. പക്ഷേ, വയററിലെ അസുഖംമൂലം റോസക്ക് കാര്യമായ ഭക്ഷണമൊന്നും കഴിക്കാൻ വയ്യ. എങ്ങിനെയെങ്കിലും രോഗം മാറിക്കിട്ടാൻ വേണ്ടി, പോളണ്ടിലെ ഒന്നാംകിട ഡോക്ടർമാരെക്കൊണ്ട് അവരെ പരിശോധിപ്പിച്ചു. അവരെല്ലാം വിദേശത്തുപോയി കൂടുതൽ മികച്ച ചികിത്സ ചെയ്താലേ രക്ഷയുള്ളുവെന്ന് വിധിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ വാർസ വിട്ടുപോകാനുള്ള അനുവാദം റോസക്ക് ജൂലായ് 31-ാം തീയതി ലഭിച്ചു. ഇതിനും ലക്സംബർഗ് സഹോദരന്മാർ നല്ലൊരു തുക കൈക്കൂലിയായി ചെലവഴിച്ചിരുന്നു.

വാർസയിൽനിന്നു റോസലക്സംബർഗ് നേരെ

റഷ്യയിലെ സെൻറ് പീറേറഴ്സ് ബർഗിലേയ്ക്ക് പോയി. അവിടെവെച്ചു മെൻഷവിക്ക് പാർട്ടി നേതാവായ ആക്സൽറോഡുമായി അനാരോഗ്യത്തെ അവഗണിച്ചുകൊണ്ട് വിപ്ലവത്തിന്റെ തന്ത്രങ്ങളെക്കുറിച്ച് കടുത്ത വാദപ്രതിവാദത്തിലേർപ്പെട്ടു. കുപ്രസിദ്ധമായ പീററർപോാംകോട്ടയിൽ തടങ്ങലിൽ വെച്ചിരുന്ന വിപ്ലവകാരികളായ പർവൂസിനേയും ലിയോഡൂഷ്ക്കിനേയും സന്ദർശിച്ചശേഷം റോസ, ഫിൻലണ്ടിലെ കുക്കോല എന്ന സുഖവാസകേന്ദ്രത്തിലേയ്ക്ക് പോയി. ഒരു മാസക്കാലം അവിടെ വിശ്രമവും മരുന്നുകളുമായി കഴിച്ചുകൂട്ടി. അതിന്നിടയിൽ, ബുദ്ധിപരമായ യാതൊരു പ്രവർത്തനങ്ങളിലും ഏർപ്പെടരുതെന്ന ഡോക്ടർമാരുടെ വിലക്ക് ലംഘിച്ചുകൊണ്ട്, 'പൊതുപണിമുടക്കം, പാർട്ടി, ട്രേഡ്യൂണിയനുകൾ' എന്ന ലഘുലേഖ എഴുതി. റഷ്യൻവിപ്ലവത്തിൽ നിന്നു പഠിക്കേണ്ട പാഠങ്ങളെന്തൊക്കെയാണെന്നു വിശദീകരിക്കുന്നതാണ് ആ പുസ്തകം,

ജർമ്മൻ സോഷ്യലിസ്റ്റ് പ്രസ്ഥാനത്തിലെ തിരുത്തൽവാദികൾക്കെതിരായി നടക്കുന്ന ആശയസമരത്തിൽ നേരിട്ടു പങ്കെടുക്കാൻ റോസയുടെ ഹൃദയം വെമ്പി. പോളണ്ടിലേയ്ക്ക് പോരുന്നതിന്നുമുമ്പ്, റഷ്യൻവിപ്ലവത്തെ അനുകൂലിച്ചുകൊണ്ട് ജർമ്മനിയിലെ വിവിധ തൊഴിലാളികേന്ദ്രങ്ങളിൽ 'റെഡ്റോസ' ചെയ്ത തീപ്പൊരിപ്രസംഗങ്ങൾ സോഷ്യലിസ്റ്റ് അണികളിൽ അവരുടെ 'ഇമേജ്' വളരെയധികം വർദ്ധിപ്പിച്ചിരുന്നു. പതിനഞ്ചു കൊല്ലക്കാലം സമരാത്മകമായ യാതൊരു പരിപാടികളിലും ഏർപ്പെടാതെ കഴിഞ്ഞുകൂടിയിരുന്ന റൂർ ജില്ലയിലെ ഖനിതൊഴിലാളികളുടെ വിപ്ളവമനസ്സാക്ഷിയെ വിളിച്ചുണർത്താൻ 'ചുകപ്പ്റോസ'യുടെ റഷ്യൻവിപ്ളവ പ്രസംഗങ്ങൾക്ക് കഴിഞ്ഞതും അവർ സുദീർഘമായി പണിമുടക്ക് നടത്തി പലതും നേടിയതും, തുടർന്നു പല ട്രേഡ് യൂനിയനുകളും റോസലക്സംബർഗിനെ

ക്ഷണിച്ചു പ്രസംഗിപ്പിച്ചതും ഇത്തരുണത്തിൽ പ്രസ്താവ്യമാണ്. (നാളതുവരെ ജർമ്മൻ ട്രേഡ്യൂനിയനുകളുടെ ശ്രീകോവിലുകളും അപകടകാരിയായ ചുകപ്പ് റോസയുടെ മുമ്പിൽ അടഞ്ഞുകിടക്കുകയായിരുന്നു) സ്ഥിതിഗതികളിങ്ങനെയിരിക്കെ, ജർമ്മനിയിൽ തൻെറ കായികമായ സാന്നിദ്ധ്യം റിവിഷനിസത്തിനെതിരായ സമരത്തിന്ന് കൂടുതൽ കരുത്ത് നല്കുമെന്ന് റോസയ്ക്ക് തോന്നി. പക്ഷേ, പോളണ്ടിലേയ്ക്ക് കടക്കുന്നതിന്നു തൊട്ട്മുമ്പ്, ജന എന്ന സ്ഥലത്ത്വെച്ചു നടന്ന ജർമ്മൻ സോഷ്യൽ ഡമോക്രാററിക്ക് പാർട്ടി കോൺഗ്രസ്സിൽ റോസ ചെയ്ത ഉജ്വലമായ പ്രസംഗത്തിൻെറ പേരിൽ ഒരു രാജ്യദ്രോഹകേസ് ചാർജ് ചെയ്തിരുന്നു. ജർമ്മൻ മണ്ണിൽ കാലുകുത്തിയാൽ ഈ കേസിലെ പ്രതിയെന്ന നിലയിൽ അറസ്റ്റ്ചെയ്യപ്പെടുമെന്നത് തീർച്ചയായിരുന്നു. അന്നത്തെ ആരോഗ്യനിലയുടെ അടിസ്ഥാനത്തിൽ അങ്ങിനെ സംഭവിക്കാനിടവരുന്നത് ആത്മഹത്യാപരമാണെന്നു സുഹൃത്തുക്കറം റോസയോട് പറഞ്ഞു. തന്നെ എങ്ങിനെയെങ്കിലും റഷ്യാ–ജർമ്മൻ അതിർത്തിയിലെത്തിച്ച് ജർമ്മൻ പോലീസിൻെറ പിടിയിൽപ്പെടുത്താൻ റഷ്യൻ പോലീസധികൃതർ ആലോചിക്കുന്നുവെന്നു ഇതിനിടയിൽ റോസ അറിഞ്ഞു. (അക്കാലത്ത് ഫിൻലണ്ട് റഷ്യയുടെ അധീനത്തിലായിരുന്നതുകൊണ്ട് ഇത് എളുപ്പമായിരുന്നു)

രണ്ടും കല്പിച്ചുകൊണ്ട് സപ്തംബറിലൊരു ദിവസം റോസലക്സംബർഗ് ഫിൻലണ്ടിൽനിന്നു മുങ്ങി. പൊങ്ങിയതു മാനർഹീം പട്ടണത്തിൽ നടന്നിരുന്ന ജർമ്മൻ സോഷ്യൽ ഡമോക്രാട്ടിക്ക് പാർട്ടി കോൺഗ്രസ്സിലും. സമ്മേളനത്തിന്നു ശേഷം, സുഹൃത്തുക്കളുടെ നിർബന്ധത്തിന്നു വഴങ്ങി അവർ ഒരു സുഖവാസകേന്ദ്രമായ മഡ്യൂർണോയിലേയ്ക്ക് പോയി, വിശ്രമത്തിന്നും ചികിത്സയ്ക്കും.

ഇക്കാലമത്രയും വാർസാകോട്ടയിൽ തടവുകാരനാ

യിരുന്ന ലിയോജ്യോഗിച്ചി (റോസയുടെ ഭർത്താവ്) നേയും ലക്സംബർഗിനെയും പ്രതികളാക്കിക്കൊണ്ട്, പോളണ്ട് ഭരിക്കുന്ന റഷ്യൻഗവർമെണ്ട് ഒരു രാജ്യദ്രോഹക്കേസ് ചാർജജ് ചെയ്തു. ഈ കേസ് വിചാരണ ചെയ്യാൻ 1906 നവംബർ 14 ന പട്ടാളക്കോടതിയെ ഏല്പിച്ചു. തങ്ങളുടെ മുമ്പാകെ ഹാജരാകാൻ ആ കോടതി റോസലക്സംബർഗിന്ന് ഫിൻലണ്ടിലേയ്ക്ക് സമൻസയച്ചു. അപ്പോഴേയ്ക്കും പ്രതി സ്ഥലം വിട്ടതുകൊണ്ട് സമൻസ് കൈപ്പററാതെ മടങ്ങിപ്പോയി. ഉടനെ ജർമ്മനിയിലെ റഷ്യൻ നയതന്ത്രകാര്യാലയം മുഖേന റോസക്ക് സമൻസ് നല്കി. അതർഹിക്കുന്ന അവജ്ഞയോടെ ആ വിപ്ലവകാരി അവഗണിച്ചു.

റോസലക്സംബർഗിനെ പിടികിട്ടാപ്പുള്ളിയായി പ്രഖ്യാപിച്ചുകൊണ്ട്, രാജ്യദ്രോഹക്കേസ് 1907 ജനവരി 10-ാംനു- പട്ടാളക്കോടതിയിൽ വിചാരണ തുടങ്ങി. ഈ കേസിൽ ലിയോ എട്ടുകൊല്ലത്തെ തടവിന്ന് ശിക്ഷിക്കപ്പെട്ടു. അക്കൊല്ലം ഏപ്രിൽ 5 ന ലിയോ ജയിൽ ചാടി. അനേകം ആഴ്ചകൾക്ക് ശേഷം, ലണ്ടനിൽ നടന്നിരുന്ന റഷ്യൻ സോഷ്യൽ ഡമോക്രാട്ടിക് ലേബർ പാർട്ടി കോൺഗ്രസ്സിൽ അദ്ദേഹം പ്രത്യക്ഷപ്പെട്ടു. പിന്നീട് ബർലിനിൽ എത്തി. 'സോഷ്യൽ ഡമോക്രാട്ടിക്ക് പാർട്ടി ഓഫ് പോളണ്ട് ആൻറ് ലിത്വാനിയ' യുടെ നേതൃഘടകത്തിൽ തനിക്കുള്ള സ്ഥാനം ഏറെറടുക്കുകയും ചെയ്തു.

ഈ കേസിൽ വിചാരണ ചെയ്യപ്പെട്ടിരുന്നുവെങ്കിൽ, റോസലക്സംബർഗിനു ചുരുങ്ങിയത് എട്ടു കൊല്ലത്തെ കഠിനതടവ് ശിക്ഷ ലഭിക്കുമെന്നതു തീർച്ചയാണ്. ആരോഗ്യസ്ഥിതിയാലോചിക്കുമ്പോൾ, അതു ഫലത്തിൽ വധശിക്ഷയാകുമായിരുന്നു.

പോളണ്ടിലെ വിപ്ലവപ്രസ്ഥാനത്തെ സംബന്ധിച്ചേടത്തോളം റോസലക്സംബർഗിൻേറയും ഭർത്താവായ ലിയോവിൻേറയും ത്യാഗങ്ങൾ വൃഥാവിലായില്ല. അവരുടെ നേതൃത്വത്തിൽ പ്രവർത്തിച്ചിരുന്ന സോഷ്യൽ

ഡമോക്രാററിക്ക് പാർട്ടി ഓഫ് പോളണ്ട് ആൻറ് ലിത്വാനിയ'യിൽ 1901—ൽ വെറും ആയിരത്തിൽ താഴെ അംഗങ്ങളേ ഉണ്ടായിരുന്നുള്ളു. 1905 ആകുമ്പോഴേക്കും അത് ഇരുപത്തയ്യായിരവും 1907—ൽ നാല്പതിനായിരവുമായി വർദ്ധിച്ചു. പോളിഷ്, റഷ്യൻ, സ്വീഡിഷ് എന്നീ ഭാഷകളിൽ സ്വന്തമായി പത്രങ്ങൾ പ്രസിദ്ധീകരിക്കാനും റഷ്യൻ ഭാഷയിൽ ലഘുലേഖകൾ അച്ചടിച്ചു റഷ്യൻ പട്ടാളക്കാർക്കിടയിൽ വിതരണം ചെയ്യാനുള്ള സംവിധാനം സംഘടിപ്പിക്കാനും കഴിഞ്ഞ ആ പാർടി വിപ്ളവകാലഘട്ടത്തിൽ യഥാർത്ഥ വിപ്ളവപാർട്ടിക്ക് അത്ഭുതകരമായ വളർച്ചയുണ്ടാകുമെന്നതിന്ന് ഒരു തെളിവുകൂടിയായിരുന്നു.

## അദ്ധ്യാപിക, ധനശാസ്ത്രജ്ഞ

1903–ൽ ജർമ്മൻ സോഷ്യൽഡമോക്രാററിക് പാർട്ടി, ബർലിനിൽ ഒരു കേന്ദ്രപാർട്ടി സ്ക്കൂൾ സ്ഥാപിച്ചു. ബഹുജനമുന്നണികളിലും പാർട്ടിസംഘടനാരംഗത്തും പ്രവർത്തിക്കുന്ന മുപ്പത് പാർടി അംഗങ്ങൾക്ക് ആറുമാസം നീണ്ടുനില്ക്കുന്ന പരിശീലനമായിരുന്നു ഈ പാർട്ടിസ്ക്കൂളിൽ നിന്ന് നല്കിയിരുന്നത്. ധനശാസ്ത്രം, സോഷ്യലിസ്റ്റ് പ്രസ്ഥാനത്തിൻെറ ചരിത്രം, ട്രേഡ്യൂണിയനിസത്തിൻെറ ചരിത്രം, പ്രക്ഷോഭണങ്ങളുടെ പ്രായോഗികപാഠങ്ങൾ തുടങ്ങിയവ അവിടെ പഠിപ്പിച്ചിരുന്നു.

ഈ സ്ക്കൂളിലെ അദ്ധ്യാപകൻമാരെ പാർട്ടികേന്ദ്രകമ്മററിയാണ് തിരഞ്ഞെടുത്തത്. റോസലക്സംബർഗിൻെറ പേരും അദ്ധ്യാപകലിസ്റ്റിൽ ഉണ്ടായിരുന്നു. പക്ഷേ, എന്തോ കാരണവശാൽ സ്ക്കൂൾ തുടങ്ങിയ ഉടൻ അവർ ചാർജെടുത്തില്ല. ജർമ്മൻ പൗരത്വമില്ലാത്ത ആസ്ത്രിയക്കാരനും ജർമ്മൻ സോഷ്യൽ ഡമോക്രാററിക്ക് പാർട്ടിയിലെ തീവ്രവാദികളിലൊരാളുമായ റുഡോൾഫ് ഹിൽഫെർഡിങ്ങ്, പാർട്ടി സ്ക്കൂളിലെ അദ്ധ്യാപകനായിത്തുടരുകയാണെങ്കിൽ നാടുകടത്തുമെന്ന് പോലീസധികൃതർ ഭീഷണിപ്പെടുത്തി. ഇതിനെത്തുടർന്ന് അദ്ദേഹം അധ്യാപനച്ചുമതലയിൽനിന്നൊഴിവായി. കാറൽ കൗട്സ്കി തുടങ്ങിയ നേതാക്കളുടെ നിർബന്ധത്തിന്നുവഴങ്ങി റോസലക്സംബർഗ്, റുഡോൾഫ് ഹിൽഫെർഡിങ്ങിന്നു പകരം പാർട്ടി സ്ക്കൂളിൽ ചാർജെടുത്തു.

ഒന്നാം ലോകമഹായുദ്ധം തുടങ്ങിയപ്പോൾ പാർട്ടി

സ്കൂളിന്റെ പ്രവർത്തനം ജർമ്മൻ ഗവൺമെന്റ് തടഞ്ഞു. അതുവരെ റോസ അവിടെ അദ്ധ്യാപികയായിരുന്നു.

ധനശാസ്ത്രമായിരുന്നു റോസ പഠിപ്പിച്ചിരുന്നത്. ബൂർഷ്വാധനശാസ്ത്രജ്ഞന്മാരുടെ സിദ്ധാന്തങ്ങൾ ആദ്യം വിവരിച്ചശേഷം, മാർക്സിയൻ ധനശാസ്ത്രത്തിന്റെ പ്രാഥമികതത്വങ്ങൾ പഠിപ്പിക്കുക; ബൂർഷ്വാ ധനശാസ്ത്രത്തിന്റെ പൊള്ളത്തരവും മാർക്സിയൻ ധനശാസ്ത്രത്തിന്റെ മേന്മയും ഇരു ശാസ്ത്രങ്ങളും താരതമ്യപ്പെടുത്തിക്കൊണ്ട് തെളിയിക്കുക— ഈ രീതിയിലായിരുന്നു അദ്ധ്യാപനം. കാറൽ മാർക്സിന്റെ സുപ്രസിദ്ധമെങ്കിലും മനസ്സിലാക്കാൻ വളരെ പ്രയാസമുള്ള 'ക്യാപ്പിററൽ' എന്ന ബൃഹദ് ഗ്രന്ഥത്തിനെ അടിസ്ഥാനപ്പെടുത്തിയാണ്, റോസ തന്റെ ക്ലാസുകളിലേക്കുള്ള പാഠ്യക്കുറിപ്പുകൾ തയ്യാറാക്കിയിരുന്നത്.

ക്ലാസിൽ കയറി വന്നു, തന്റെ മുന്നിലിരിക്കുന്ന ശിഷ്യരുടെ തലയിൽ വിജ്ഞാനം അടിച്ചേല്പിക്കുന്ന മട്ടുകാരിയായിരുന്നില്ല നമ്മുടെ മഹിളാ പ്രൊഫസർ. സരളമായ പ്രതിപാദനരീതികൊണ്ടും പ്രസാദാത്മകമായ ഭാഷകൊണ്ടും ഉപമകളും നുറുങ്ങുകഥകളും ഉപയോഗിച്ചും എത്ര തിരുമണ്ടനായ വിദ്യാർത്ഥിയേയും അയാളറിയാതെ തന്നെ വിഷയത്തിലേയ്ക്കാകർഷിക്കും. പുതിയ സംശയങ്ങളും ചോദ്യങ്ങളും വിദ്യാർത്ഥികളിൽ നാമ്പിടീക്കും. അതിനൊന്നും 'റെഡിമെയ്ഡ്' ഉത്തരങ്ങൾ നല്കാതെ, ഉത്തരങ്ങൾ സ്വയം കണ്ടുപിടിക്കാൻ വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുകയും ധൈര്യപ്പെടുത്തുകയും ചെയ്യും. ചുരുക്കത്തിൽ, വിപ്ലവത്തിന്റെ കണ്ടകാകീർണ്ണമായ മാർഗ്ഗം തിരഞ്ഞെടുക്കുന്നതിന്നു പകരം ഏതെങ്കിലും യൂനിവേഴ്സിററിയിലെ എക്കണോമിക്സ് ഫാക്കൽററിയിൽ അധ്യാപികയായി ചേർന്നിരുന്നുവെങ്കിൽ, ഡോക്ടർ റോസലക്സംബർഗ് ഒരൊന്നാംകിട എക്കണോമിക്സ് പ്രൊഫസറാകുമെന്നുപാർട്ടി സ്ക്കൂ

ളിലെ അദ്ധ്യാപനം തെളിയിച്ചു. തന്റെ ശിഷ്യന്മാരുടെ സ്നേഹവും ബഹുമാനവും റോസ നേടി. പാർട്ടി സ്ക്കൂളിലെ കോഴ്സ് പൂർത്തിയാക്കിയശേഷം, മിക്കവാറും എല്ലാ വിദ്യാർത്ഥികളും ഏതെങ്കിലും രംഗങ്ങളിൽ ശോഭിച്ചു. പില്ക്കാലത്തു, പാർട്ടി സ്ക്കൂളിലെ മുൻ വിദ്യാർത്ഥികളിൽ പലരും രാഷ്ട്രീയമായി 'ചുകപ്പ് റോസ'യുടെ എതിർ ചേരിയിലായി. എങ്കിലും, തങ്ങളുടെ 'ആശാട്ടി'യോടുള്ള സ്നേഹവും ബഹുമാനവും അവർ നിലനിർത്തി.

രാഷ്ട്രീയത്തിന്റെ പേരിൽ റോസലക്സംബർഗിനോടു കടുത്തവെറുപ്പുള്ള ചിലർ അവരെ കഴിയുന്നത്ര ശല്ല്യപ്പെടുത്തണമെന്ന തീരുമാനവുമായിട്ടാണ് പാർട്ടി സ്ക്കൂളിൽ ചേരുക. സൗമ്യവും അന്തസ്സുററതുമായ പെരുമാററംകൊണ്ടു അവരുടെ ഹൃദയങ്ങളെ കീഴടക്കാൻ ആ അധ്യാപികക്ക് അധികദിവസങ്ങൾ ആവശ്യമില്ലായിരുന്നു. ഇക്കൂട്ടത്തിൽപ്പെട്ട പല ശിഷ്യൻമാരും പിന്നീട് പരസ്യമായി പശ്ചാത്തപിച്ചിട്ടുണ്ട്.

പാർട്ടി സ്ക്കൂളിലെ പഠിപ്പിക്കലിൽ മുഴുകിയിരിക്കുമ്പോഴാണ് റഷ്യൻ സോഷ്യൽ ഡമോക്രാററിക് ലേബർ പാർട്ടിയുടെ കോൺഗ്രസ്സ് ലണ്ടനിൽ സമ്മേളിച്ചത്. 1905 ലെ വിപ്ലവം അടിച്ചമർത്തപ്പെട്ടതിനെത്തുടർന്നു നൈരാശ്യം ബാധിച്ച റഷ്യൻ വിപ്ളവപ്രസ്ഥാനത്തെ വീണ്ടും കർമ്മോന്മുഖമാക്കാനുള്ള പ്രവർത്തനങ്ങളിൽ പങ്കാളിയാകേണ്ടതു തന്റെ കടമയായി റോസലക്സംബർഗ് കരുതി. പോളിഷ് പാർട്ടിയുടെ പ്രതിനിധികളിലൊരാളായി അവർ ലണ്ടൻ സമ്മേളനത്തിൽ പങ്കെടുത്തു ലെനിനും മററുമായി അടുത്തു ബന്ധപ്പെടുന്നതിന്നും സൈദ്ധാന്തികവും പ്രായോഗികവുമായ പ്രശ്നങ്ങളെപ്പററി ചർച്ചകൾ നടത്താനും റോസ ഈ അവസരം ഉപയോഗിച്ചു. ചില പ്രശ്നനങ്ങളിൽ അവർക്ക് ഒരേ അഭിപ്രായക്കാരാകാൻ കഴിഞ്ഞില്ല. എങ്കിലും അവരുടെ വൈയക്തികമായ സുഹൃദ്ബന്ധം ഈ സമ്മേളനത്തോടുകൂടി കൂടു

തൽ സുദൃഢമായി.

പാർട്ടി സ്ക്കൂളിലെ ധനശാസ്ത്ര ക്ലാസുകളിലെ തന്റെ ലക്ചറുകളുടെ അടിസ്ഥാനത്തിൽ 'ധനശാസ്ത്രത്തിന്നൊരു മുഖവുര' എന്നപേരിൽ ഒരു ഗ്രന്ഥം രചിക്കാൻ റോസലക്സംബർഗ് തീരുമാനിച്ചു. തന്റെ സമയത്തിൽ നല്ലൊരുഭാഗം അവരിതിന്നുവേണ്ടി ചെലവഴിച്ചു. ഈ ഗ്രന്ഥരചനയിലേർപ്പെട്ടിരുന്ന കാലത്ത് പ്രസംഗങ്ങൾക്കും മററു പരിപാടികൾക്കുമുള്ള ക്ഷണം കഴിയുന്നതും അവർ സ്വീകരിച്ചിരുന്നില്ല.

എത്രകിണഞ്ഞു പരിശ്രമിച്ചട്ടും, ഒന്നാംലോക മഹായുദ്ധകാലത്തു ജയിലിൽ അടക്കപ്പെടുന്നതിന്നു മുമ്പ് തന്റെ ധനശാസ്ത്രഗ്രന്ഥം പൂർത്തിയാക്കാൻ റോസയ്ക്ക് സാധ്യമായില്ല. 1916 ജൂലായി 28 ന സ്ത്രീകളുടെ ജയിലിൽനിന്ന്, സോഷ്യൽ ഡമോക്രാററിക്ക് പാർട്ടിയുടെ ഔദ്യോഗിക പ്രസിദ്ധീകരണശാലക്ക്, അവരയച്ച ഒരു കത്തിൽ തന്റെ ധനശാസ്ത്രഗ്രന്ഥത്തിന്നു പത്തു അധ്യായങ്ങളുണ്ടായിരിക്കുമെന്നെഴുതിയിരുന്നു. അധികം താമസിയാതെ, രണ്ട് അധ്യായങ്ങൾ പ്രസാധകനടുത്തേക്കയച്ചു. ഇതിൽ ഒന്നാം അധ്യായം 'എന്താണ് ധനശാസ്ത്രം?' എന്ന ശീർഷകത്തിൽ പ്രസിദ്ധീകൃതമായി

നിർദ്ദിഷ്ട പുസ്തകത്തിന്റെ കൈയെഴുത്തു പ്രതി തയ്യാറായിക്കഴിഞ്ഞപ്പോൾ, ആ വിവരം റോസ പ്രസാധകനേയും സുഹൃത്തുക്കളേയും അറിയിച്ചിരുന്നു. പക്ഷേ, കൈയെഴുത്തു കോപ്പി ആരേയും ഏല്പിച്ചിരുന്നില്ല റോസലക്സംബർഗ് കൊല്ലപ്പെട്ടതിന്നുശേഷം, സഹപ്രവർത്തകർ പൂട്ടിക്കിടന്നിരുന്ന അവരുടെ ബർലിൻ വസതി തുറന്നു പരിശോധിച്ചപ്പോൾ ആ പുസ്തകത്തിന്റെ 1, 3, 6, 7, 10 എന്നീ അദ്ധ്യായങ്ങൾ മാത്രമാണ് ലഭിച്ചത്. 4, 5, 8, 9 അദ്ധ്യായങ്ങൾ എവിടെനിന്നും കണ്ടുകിട്ടിയില്ല. രണ്ടാം അദ്ധ്യായം മുമ്പ്തന്നെ പ്രസാധകന്റെ പക്കലുണ്ടായിരുന്നു. കിട്ടിയേടത്തോളം അദ്ധ്യായങ്ങൾ ഉൾപ്പെ

ടുത്തികൊണ്ട് 1925-ൽ പോാംലെവി[8] പുസ്തകരൂപത്തിൽ പ്രസിദ്ധീകരിച്ചു. അതിൽ തെററുകാം അനവധി. പുസ്തകത്തിൻെറ മൂലരൂപത്തിൽ തൻേറതായ ചില മാററങ്ങാം വരുത്തിയ പോാംലെവി, റോസലക്സംബർഗ് എഴുതിയ ചില പ്രധാന അടിക്കുറിപ്പുകാം ഉപേക്ഷിക്കുകയും ചെയ്തു[9].

ജർമ്മനിയിലേയും പോളണ്ടിലേയും റഷ്യയിലേയും വിപ്ലവപ്രസ്ഥാനങ്ങളിലേയും സോഷ്യലിസ്റ്റ് ഇൻറർനാഷനലിലേയും പ്രായോഗിക പ്രവർത്തനങ്ങാം, ആഭ്യന്തര പാർട്ടി സമരങ്ങാം, അറസ്റ്റ്, ജയിൽവാസം തുടങ്ങിയ നൂറായിരം നൂലാമാലകളിൽപ്പെട്ടതുകൊണ്ടാണ്, റോസലക്സംബർഗിന് 'ധനശാസ്ത്രത്തിനൊരു മുഖവുര' പൂർത്തിയാക്കാൻ അനേകം വർഷങ്ങാം വേണ്ടിവന്നത്.

ഇതിനിടയിൽ ''മൂലധനത്തിൻെറ സഞ്ചയം'' (അക്യുമുലേഷൻ ഓഫ് ക്യാപ്പിററൽ) എന്ന മറെറാരു ധനശാസ്ത്രഗ്രന്ഥവും അവർ രചിച്ചു. ഇതു സംബന്ധിച്ചു റോസ എഴുതി: ''മുതലാളിത്ത ഉല്പാദന പ്രക്രിയയാകെ വിശദമായി വർണ്ണിക്കാൻ എനിക്ക് സാദ്ധ്യമായില്ല. സൂക്ഷ്മമായി പരിശോധിച്ചപ്പോാം

---

8 അടിഭാഷകനും ജർമ്മൻ സോഷ്യൽഡമോക്രാററിക്ക് പാർട്ടിയിലെ ഇടതുപക്ഷ വിഭാഗത്തിലെ പ്രമുഖന്മാരിലൊരാളുമായിരുന്ന പോാംലെവി, റോസലക്സംബർഗിൻെറ ഉററ സുഹൃത്തുക്കളിലൊരാളായിരുന്നു. സ്പാർട്ടക്കസ് ലീഗിൻെറയും ജർമ്മൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെയും സ്ഥാപക കേന്ദ്രകമ്മററി അംഗമായിരുന്നു. 1922—ൽ കമ്യൂണിസ്റ്റ് പാർട്ടി വിട്ടു സോഷ്യലിസ്റ്റ് പാർട്ടിയിൽ ചേർന്നു. 30ൽ മരിച്ചു.

9 1951 ൽ കിഴക്കൻ ജർമ്മൻ ഗവൺമെൻറ് ഈ പുസ്തകത്തിൻെറ ഒരു പുതിയ പതിപ്പ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ജർമ്മൻ ഭാഷയിൽ റോസലക്സംബർഗ് എഴുതിയ യഥാർത്ഥ കൈയെഴുത്തുപ്രതിയാണ് തങ്ങളച്ചടിപ്പിച്ചതെന്നു കി. ജർമ്മൻ ഗവർമ്മണ്ടിൻെറ ഔദ്യോഗിക പ്രസിദ്ധീകരണശാല അവകാശപ്പെടുന്നുണ്ട്.

ഇതു വിശദമായ വർണ്ണനയുടെ മാത്രം പ്രശ്നമല്ലെന്നും മാർക്സിൻെറ മൂലധനം (ക്യാപ്പിററൽ) രണ്ടാം ഭാഗത്തിൻെറ താത്ത്വിക ഉള്ളടക്കവുമായി ബന്ധപ്പെട്ടതും അതേ സമയം ഇന്നത്തെ സാമ്രാജ്യത്വരാഷ്ട്രീയത്തിൻേറയും അതിൻെറ സാമ്പത്തിക മൂലങ്ങളുടേയും പ്രവർത്തനങ്ങളുമായി കൂട്ടിമുട്ടുന്നതാണെന്നും ബോധ്യപ്പെട്ടു. ഇതിൻെറ ഫലമാണ് 'ദി അക്യുമിലേഷൻ ഓഫ് ക്യാപ്പിററൽ' എന്ന പുസ്തകം. ഈ പുസ്തകരചനയിലേർപ്പെട്ടുകൊണ്ടിരിക്കുമ്പോഴ് താൻ അനുഭവിച്ച മാനസികാനന്ദത്തെപ്പററി റോസ ഒരു സുഹൃത്തിനയച്ച കത്തിലെഴുതി: 'അക്യുമുലേഷൻ' എഴുതിക്കൊണ്ടിരുന്ന കാലഘട്ടമാണ് എൻെറ ജീവിതത്തിലെ ഏററവും സംതൃപ്തമായനാളുകൾ. ആനന്ദലഹരിയുടേതായിരു ആ ദിവസങ്ങൾ രാവും പകലും ഈ പുസ്തകത്തെപ്പററിയല്ലാതെ എനിക്ക് മറെറാരു ചിന്തയുമുണ്ടായിരുന്നില്ല മുറിയിൽ സാവധാനത്തിൽ തലങ്ങും വിലങ്ങും നടന്നുകൊണ്ടു പുസ്തകത്തിലെഴുതേണ്ട വാചകങ്ങളെപ്പററി ചിന്തിക്കുന്നതോ, ചിന്തിച്ചുറപ്പിച്ച വാചകങ്ങൾ കടലാസിലേക്ക് പകർത്തുന്നതോ ഏതാണ് കൂടുതൽ ആഹ്ളാദം നല്കിയതെന്ന് എനിക്ക് പറയാനാവില്ല ''

ഈ പുസ്തകത്തിലെ ചില നിഗമനങ്ങൾ മാർക്സിയൻ വീക്ഷണമനുസരിച്ചു തികച്ചും ശരിയല്ലെന്നു വിമർശനങ്ങൾ ഉണ്ടായിട്ടുണ്ട്. റഷ്യൻ മാർക്സിയൻ ധനശാസ്ത്രജ്ഞനായിരുന്ന നിക്കാലൈബുഖാറിൻ [10]

[10] റഷ്യയിലെ ഒക്ടോബർ വിപ്ലവത്തിൻെറ നേതാക്കളിലൊരാളും ബോൾഷെവിക്ക് പാർട്ടി കേന്ദ്രകമ്മററി അംഗവുമായിരുന്ന ബുഖാറിൻ കമ്മ്യൂണിസ്റ്റ് ഇൻറർനാഷനലിൻെറ ആദ്യകാല തിയറിററിഷ്യന്മാരിലൊരാളും ലെനിൻെറ ഉററ സുഹൃത്തുക്കളിലൊരാളുമായിരുന്നു. ലെനിൻ റഷ്യൻ ഭരണകൂടത്തിൻെറ ചുക്കാൻ പിടിച്ചിരുന്ന കാലത്ത്, ബുഖാറിനും പ്രിയോബ്രിഷ്യൻസ്കി എന്ന ധനശാസ്ത്രജ്ഞനും കൂട്ടായി എഴുതിയ 'എ. ബി. സി. ഓഫ് കമ്മ്യൂണിസം' റഷ്യയിലെ പാർട്ടി സ്ക്കൂളുകളിൽ പാഠ്യപുസ്തകമായിരുന്നു.

ആണ് അത്തരം വിമർശകരിൽ പ്രധാനി. റോസലക്സംബർഗിന്റെ മരണാനന്തരമാണ് ബുഖാറിന്റെ വിമർശനങ്ങൾ പ്രസിദ്ധീകരിച്ചത്. ഈ വിമർശനങ്ങൾ ശരിയോ തെറ്റോ ആകട്ടെ, വിമർശനവിധേയമായ ഗ്രന്ഥത്തിന്റെ പിന്നിലുള്ള പ്രയത്നം, ഗ്രന്ഥകർത്രിയുടെ ആത്മാർത്ഥത, വിജ്ഞാനം, ആകർഷകമായ ശൈലി എന്നിവയെ ഏതു നിഷ്പക്ഷമതിയും അഭിനന്ദിക്കും. വിമർശിക്കുമ്പോൾത്തന്നെ ബുഖാറിനും അവയെ ഒക്കെ അഭിനന്ദിച്ചിട്ടുണ്ട്.

ജർമ്മൻ സോഷ്യൽ ഡമോക്രാററിക്ക് പാർട്ടിയിൽ റോസയോട് കടുത്ത എതിർപ്പും അവരുടെ അനിതരസാധാരണമായ ബുദ്ധിശക്തിയിൽ അസൂയയും ഉള്ളവർ ഗ്രന്ഥത്തേക്കാളേറെ ഗ്രന്ഥകർത്രിയെയാണ് വിമർശിച്ചത്.

1915 ൽ, ബർലിനിലെ വനിതാജയിലിലടക്കപ്പെട്ടപ്പോൾ ലഭിച്ച ഒഴിവുസമയം, തന്റെ ധനശാസ്ത്രത്തിലെ നിഗമനങ്ങൾക്കെതിരെ ഉയർന്നു വന്ന വിമർശനങ്ങൾക്ക് മറുപടി എഴുതാൻ റോസ വിനിയോഗിച്ചു. ഈ മറുപടി 'വിമർശനങ്ങൾക്കെതിരെ' എന്ന തലക്കെട്ടിൽ ഒരു ലഘു ഗ്രന്ഥമായി പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

## പാർട്ടിക്കുള്ളിലെ സമരങ്ങൾ

മനം മടുപ്പിക്കുന്ന, നിരാശാജനകമായ അനുഭവങ്ങളാണ് ഫിൻലണ്ടിൽ നിന്നു ജർമ്മനിയിലെത്തിയപ്പോൾ റോസലക്സംബർഗിനുണ്ടായത്. തന്റെ മനസ്സാക്ഷിയോടും ആദർശങ്ങളോടും നീതിപുലർത്തണമെങ്കിൽ, തന്നെ ഇഷ്ടപ്പെടുന്നവരും തനിക്ക് ഇഷ്ടപ്പെട്ടവരുമായ പല സോഷ്യൽ ഡമോക്രാററിക് നേതാക്കളേയും എതിർത്തേ തീരൂ എന്ന വേദനാജനകമായ സത്യം അവർക്ക് ബോദ്ധ്യപ്പെട്ടു. ജർമ്മൻ സോഷ്യലിസ്റ്റ് പ്രസ്ഥാനത്തെ വിപ്ലവപഥത്തിൽനിന്നകററി പാർലിമെൻററിസത്തിന്റെ വഴിത്താരയിലൂടെ നയിക്കാൻ പ്രതിജ്ഞാബദ്ധരായിരുന്നു റോസയുടെ സുഹൃത്തുക്കളായ മിക്ക നേതാക്കളും.

റീഷ്സ്റ്റാഗി (ജർമ്മൻ പാർലിമെൻറ്) ൽ ഇടക്കിടെ സോഷ്യൽ ഡമോക്രാററിക്ക് എം. പി. മാർ സാമ്രാജ്യത്വ വിരുദ്ധപ്രസംഗങ്ങൾ ചെയ്തിരുന്നുവെങ്കിലും ജർമ്മൻ സോഷ്യൽ ഡമോക്രാററിക്ക് പാർട്ടിയുടെ തന്ത്രങ്ങളും അടവുകളും ജർമ്മൻ സാമ്രാജ്യത്വത്തിന്റെ വിദേശനയത്തിന് അനുകൂലമായിരുന്നു. റോസ ഇതിനെ ശക്തിയായും നിർദ്ദയമായും വിമർശിച്ചു. പാർട്ടിയിലെ ഇടതുപക്ഷം അവരെ അനുകൂലിച്ചെങ്കിലും ഭൂരിപക്ഷം അവർക്കെതിരായിരുന്നു.

1907ൽ സ്റ്റുററ്ഗർട്ടിൽ വെച്ചു നടന്ന രണ്ടാം ഇന്റർനാഷനലിന്റെ കോൺഗ്രസ്സിൽ റഷ്യൻ സോഷ്യൽ ഡമോക്രാററിക്ക് ലേബർ പാർട്ടിയുടെ പ്രതിനിധികളിലൊരാളായി പങ്കെടുത്ത റോസലക്സംബർഗിനെ സാമ്രാജ്യത്വ യുദ്ധത്തോടുള്ള സോഷ്യലിസ്റ്റ് പാർട്ടി

കളുടെ നിലപാട് വിശദമാക്കുന്ന രേഖ തയ്യാറാക്കാനുള്ള കമ്മീഷനിലേയ്ക്ക് തിരഞ്ഞെടുത്തു. ലെനിനും റഷ്യൻ മെൻഷവിക്ക് നേതാവായ മാർട്ടോവും ജർമ്മൻകാരനായ ആഗസ്തുബെബലും ഈ കമ്മീഷനിലുണ്ടായിരുന്നു. ഈ കമ്മീഷന്നുവേണ്ടി റോസ തയ്യാറാക്കിയ രേഖയുടെ കരട്പ്രതി ഉജ്ജ്വലമായ യുദ്ധവിരുദ്ധപ്രഖ്യാപനമായിരുന്നു. ലെനിനും മാർട്ടോവും അതിനെ പൂർണ്ണമായി അനുകൂലിച്ചെങ്കിലും, ആഗസ്തുബെബലിൻെറ നിർബന്ധംമൂലം അതു വളരെയേറെ മയപ്പെടുത്തേണ്ടിവന്നു എങ്കിലും അതിൻെറ മൗലികമായ യുദ്ധവിരുദ്ധ സ്വഭാവത്തിൽമാററം വരുത്താൻ ലെനിനും റോസയും സമ്മതിച്ചില്ല.

ബൂർഷ്വാ നയതന്ത്രജ്ഞതയിലും ഭരണാധികാരികളുടെ സന്മനോഭാവത്തിലും അധിഷ്ഠിതമായി ലോകസമാധാനം സ്ഥാപിക്കാമെന്ന വലതുപക്ഷ സോഷ്യലിസ്റ്റ് നേതാക്കളുടെ വ്യാമോഹത്തെ നിശിതമായി വിമർശിച്ചുകൊണ്ട് 1911 മേയ് 6-ാംനു റോസ ലക്സംബർഗ് ഒരു സോഷ്യലിസ്റ്റ് ദിനപത്രത്തിൽ എഴുതി. പിന്നീട് 'പീസ് ഉട്ടോപ്പിയ' (Peace Utopia) എന്ന തലക്കെട്ടിൽ ലഘുലേഖയായി പ്രസിദ്ധപ്പെടുത്തിയ ആ ലേഖനം പശ്ചിമയൂറോപ്പിലാകെ വലിയ ഒച്ചപ്പാടിന്നിടയാക്കി,

ഇതിനിടയിലാണ് 'എല്ലാവർക്കും തുല്യവോട്ടവകാശം' എന്ന മുദ്രാവാക്യത്തിൻെറ അടിസ്ഥാനത്തിൽ ജർമ്മനിയാകെ ഒരു ജനകീയ പ്രക്ഷോഭണം വളർന്നുവന്നത്. എററവും ആധുനികമായ മുതലാളിത്തരാഷ്ട്രമായിട്ടും, ബൂർഷ്വാ ജനാധിപത്യത്തിൻെറ സ്പിരിററിന്നു നിരക്കാത്ത, നികുതിയുടെ അടിസ്ഥാനത്തിൽ പൗരൻമാരെ മൂന്നായി തരം തിരിക്കുന്ന, വോട്ടവകാശ സമ്പ്രദായമായിരുന്നു ജർമ്മനിയിലുണ്ടായിരുന്നത്.[11]

---

11 ഈ വോട്ടവകാശസമ്പ്രദായത്തിൻെറ ഫലമായി 1908ലെ

ദൈനംദിനം മോശമായിക്കൊണ്ടിരിക്കുന്ന തന്റെ ആരോഗ്യത്തെപ്പററി തെല്ലും ചിന്തിക്കാതെ റോസ ലക്സംബർഗ് ഈ ജനാധിപത്യാവകാശപ്രക്ഷോഭണത്തിലേയ്ക്ക് എടുത്തുചാടി. തന്റെ നാവും പേനയും വിശ്രമമില്ലാതെ അവരുപയോഗിച്ചു. ഇതു ജനസഹസ്രങ്ങൾക്ക് ആവേശം പകർന്നു; പ്രക്ഷോഭണം ദൈനംദിനം ശക്തിപ്പെട്ടു. പലപ്പോഴും തെരുവുകളിൽ വെച്ചു ജനക്കൂട്ടം പോലീസുമായും പട്ടാളവുമായും ഏററുമുട്ടി. ഇതിനിടയിലാണ് രണ്ടുലക്ഷത്തിലധികം വരുന്ന കെട്ടിട നിർമ്മാണ തൊഴിലാളികൾ പണിമുടക്കി തെരുവിലിറങ്ങിയത്. റൂർജില്ലയിലെ കൽക്കരി ഖനിതൊഴിലാളികളും തങ്ങളുടെ അടിയന്തിരാവശ്യങ്ങൾ നേടാൻ തയ്യാറെടുത്തു. ഈയവസരത്തിൽ ഒരഖിലജർമ്മൻ രാഷ്ട്രീയ പൊതുപണിമുടക്കം നടത്തുന്നതു വോട്ടവകാശപ്രക്ഷോഭണം വിജയിപ്പിക്കാനും തൊഴിലാളികളുടെ രാഷ്ട്രീയ ബോധത്തിന്റെ നിലവാരമുയർത്താനും വളരെയേറെ സഹായകരമാകുമെന്നു റോസ അഭിപ്രായപ്പെട്ടു. സോഷ്യൽ ഡമോക്രാററിക്ക് പാർട്ടിയുടെ അനവധി കീഴ്ഘടകങ്ങൾ ഈ അഭിപ്രായത്തോട് യോജിച്ചു. 1905ൽ ജന എന്ന സ്ഥലത്തുവെച്ചു നടന്ന സോഷ്യൽ ഡമോക്രാററിക്ക് പാർട്ടികോൺഗ്രസ്സ് അംഗീകരിച്ച രാഷ്ട്രീയപ്രമേയത്തിൽ ചില പ്രത്യേക രാഷ്ട്രീയ പരിതഃസ്ഥിതികളിൽ ജർമ്മൻ തൊഴിലാളിവർഗ്ഗത്തിന്നു പൊതുപണിമുടക്കത്തിന്റെ മാർഗ്ഗം സ്വീകരിക്കാവുന്നതാണെന്നു പ്രസ്താവിച്ചിട്ടുള്ളതു ചൂണ്ടിക്കാണിച്ചുകൊണ്ട് ഇപ്പോഴത്തെ പ്രത്യേക പരിതഃസ്ഥിതിയിൽ പൊതുപണിമുടക്കിന്നു ആഹ്വാ

---

പൊതുതിരഞ്ഞെടുപ്പിൽ സോഷ്യൽ ഡമോക്രാററിക്ക് പാർട്ടിക്ക് റീഷ്സ്റ്റാഗിൽ വെറും ആറു സീററുകളേ ലഭിച്ചുള്ളു. അതേസമയം അവർക്ക് ആറു ലക്ഷം വോട്ടുകൾ കിട്ടി. നാലേകാൽ ലക്ഷം വോട്ടുകൾ ലഭിച്ച ബൂർഷ്വാ പാർട്ടിക്ക് 212 എം. പി.മാരുണ്ടായി.

നം നല്കണമെന്നായിരുന്നു റോസയും കൂട്ടുകാരും ആവശ്യപ്പെട്ടത്. ജന.പാർട്ടികോൺഗ്രസ്സ് പൊതുപണിമുടക്കത്തിന്നു അനുകൂലമായ തീരുമാനമെടുത്തതു റോസയുടെ അശ്രാന്തപരിശ്രമം മൂലമാണെന്നു ഇത്തരുണത്തിൽ പ്രസ്താവ്യമാണ്.

പൊതുപണിമുടക്കിനെപ്പററി ട്രേഡ്‌യൂണിയനുകളുടെ കേന്ദ്രസംഘടനയുടെ നേതാക്കളുമായി ചർച്ച നടത്താൻ പാർട്ടികേന്ദ്രകമ്മററി നിർബന്ധിതരായി. എങ്കിലും ഇതിൻെറ ഫലം നിഷേധാത്മകമായിരുന്നു. പൊതുപണിമുടക്ക് ആവശ്യമില്ലെന്നായിരുന്നു ഇരു സംഘടനകളുടെയും നേതാക്കളുടെ സംയുക്ത തീരുമാനം.

'സാമ്രാജ്വത്വത്തിന്നുപകരം സോഷ്യലിസം 'എന്നതായിരുന്നു ജർമ്മൻ സോഷ്യലിസ്റ്റ് പ്രസ്ഥാനത്തിലെ തീവ്രവാദികളുടെ കേന്ദ്രമുദ്രാവാക്യം. ഇതു തികച്ചും ശരിയാണെങ്കിലും ഇതിനേക്കാളും ജനങ്ങരംക്ക് ദഹിക്കുകയും ആകർഷകമാകുകയും ചെയ്യുന്ന മറെറാരു മുദ്രാവാക്യം അന്തരാളഘട്ടത്തിൽ ആവശ്യമാണെന്നു റോസലക്സംബർഗിന്നു ബോധ്യപ്പെട്ടു. കൈസർ ചക്രവർത്തിയും അയാളുടെ 13 സാമന്തരാജാക്കന്മാരുമില്ലാത്ത ജർമ്മൻ റിപ്പബ്ലിക്ക് എന്ന മുദ്രാവാക്യം അവർ ഉയർത്തി. ബൂർഷ്വാജനാധിപത്യ വിപ്ലവത്തിൻേറതായ ഈ മുദ്രാവാക്യം പ്രാവർത്തികമാക്കാനുള്ള സമരം സ്വാഭാവികമായും വിപ്ളവത്തിൻെറ സോഷ്യലിസ്റ്റ് ഘട്ടത്തിലേയ്ക്ക് അനുസ്യൂതം മുന്നേറുമെന്നു അവർ വിശദീകരിച്ചു.

ജനാധിപത്യവിപ്ലവത്തിൻെറ പൂർത്തീകരിക്കപ്പെടാത്ത കടമകരം നിറവേററാൻ, സോഷ്യലിസ്റ്റ്‌വിപ്ലവം എന്ന കാഴ്ച്ചപ്പാടോടുകൂടി നടത്തുന്ന സമരങ്ങളുടെ ആവശ്യകതയും അതിൽ തൊഴിലാളിവർഗ്ഗത്തിൻെറ രാഷ്ട്രീയ പൊതുപണിമുടക്കിനുള്ള സ്ഥാനത്തേയും വിശദീകരിച്ചുകൊണ്ട് റോസലക്സംബർഗ് ഒരു ലേഖനം തയ്യാറാക്കി. സോഷ്യൽ ഡമോക്രാററിക്ക്

പാർട്ടിയുടെ കേന്ദ്രകമ്മററിയുടെ മുഖപത്രമായ 'വോർവാട്സി'ന്നു അതയച്ചുകൊടുത്തു, പ്രസിദ്ധീകരണാർത്ഥം. രാഷ്ട്രീയ പൊതുപണിമുടക്കിന്ന് അനുകൂലമായി ഒന്നുംതന്നെ പ്രസിദ്ധീകരിക്കാൻ പാടില്ലെന്നു പാർട്ടിനേതൃത്വം നിർദ്ദേശിച്ചിട്ടുണ്ടെന്ന കുറിപ്പോടുകൂടി വോർവാട്സ് ആ ലേഖനം തിരിച്ചയച്ചു. ഉടനെ താനപ്പോഴും ഡെപ്യൂട്ടി എഡിററർ സ്ഥാനം വഹിക്കുന്ന താത്ത്വികമാസികയിൽ പ്രസിദ്ധീകരിക്കാൻ അതിൻെറ ചീഫ് എഡിറററായ കാറൽ കൗട്സ്കിയുടെ പക്കൽ റോസതന്നെ നേരിട്ടേല്പിച്ചു. 'അതിമനോഹരം, വളരെ പ്രധാനം,' എന്നെല്ലാം കൗട്സ്കി ഭംഗിവാക്കുകൾ പറഞ്ഞെങ്കിലും ലേഖനം വെളിച്ചം കണ്ടില്ല. തൻെറ ഉററസുഹൃത്തായി കരുതപ്പെട്ടിരുന്ന കൗട്സ്കിയിൽനിന്നു ഇത്തരം പെരുമാററം റോസ ഒരിക്കലും പ്രതീക്ഷിച്ചിരുന്നില്ല. ജർമ്മനിയിലേയും മററു യൂറോപ്പ്യൻ രാജ്യങ്ങളിലേയും തൊഴിലാളിവർഗ്ഗ പാർട്ടികളിലെ ഇടതുപക്ഷവിഭാഗങ്ങൾക്കിടയിൽ അക്കാലത്തു കാറൽകൗട്സ്കിയെപ്പററി നല്ല മതിപ്പായിരുന്നു. ഇതിന്നു പ്രധാനകാരണം, റോസലക്സംബർഗുമായി കൂട്ടുചേർന്നു അദ്ദേഹം നടത്തിയിരുന്ന സൈദ്ധാന്തിക പ്രവർത്തനങ്ങളായിരുന്നുവെന്നതു ഇത്തരുണത്തിൽ പ്രസ്താവ്യമാണ്.

വിവാദവിഷയമായ ലേഖനം പലഭാഗങ്ങളായി മുറിച്ച്, വിവിധ ജർമ്മൻ പട്ടണങ്ങളിൽ നിന്നിറങ്ങുന്ന സോഷ്യലിസ്റ്റ് ദിനപത്രങ്ങളിൽ പിന്നീട് പ്രസിദ്ധീകരിക്കുകയുണ്ടായി. ഇതിനെത്തുടർന്ന്, റോസലക്സംബർഗിൻെറ ലേഖനത്തെ നിശിതമായി വിമർശിച്ചുകൊണ്ട്, കൗട്സ്കി തൻെറ മാസികയിലെഴുതി. കൗട്സ്കിതന്നെ മുമ്പെഴുതിയ 'സാമൂഹ്യവിപ്ളവം, അധികാരത്തിലേയ്ക്കുള്ള മാർഗ്ഗം' എന്നീ പുസ്തകങ്ങളിലെ ചിന്താഗതിക്ക് കടകവിരുദ്ധമായ അഭിപ്രായങ്ങളാണ് കൗട്സ്കി ഇപ്പോൾ പ്രകടിപ്പിച്ചത്. ഇതിന്നു റോസ എഴുതിയ മറുപടി പ്രസിദ്ധപ്പെ

ടുത്താൻ കൗട്സ്കി ആദ്യം വിസമ്മതിച്ചു, പിന്നീട് ഇരുവരുടെയും പൊതുസുഹൃത്തുക്കളുടെ സമ്മർദ്ദത്തിന്ന് അദ്ദേഹം വഴങ്ങി! എങ്കിലും തുടർന്നുള്ള ചർച്ചകളിൽ റോസക്കെതിരായി വ്യാജാരോപണങ്ങൾ കൊണ്ടുവരാനും തരംതാണ നിലവാരത്തിലേയ്ക്ക് ആശയസമരത്തെ അധഃപതിപ്പിക്കാനും കൗട്സ്കി ശ്രമിച്ചു.

1910 മാർച്ച് മുതൽ ആഗസ്റ്റ് വരെ നീണ്ടുനിന്ന ഈ തൂലികാസമരം, ബുദ്ധികൂർമ്മ പ്രകടിതമാകും വിധം അന്തസ്സുററ ഭാഷയിൽ വാദപ്രതിവാദം നടത്താൻ റോസലക്സംബർഗിനുള്ള കഴിവ് വ്യക്തമാക്കി. ഈ വാദപ്രതിവാദത്തിൽ വിജയിച്ചതു റോസയാണെന്നു നിഷ്പക്ഷമതികളെല്ലാം സമ്മതിച്ചു. പക്ഷേ, തൻെറ വിജയത്തിലുള്ള ആഹ്ളാദത്തേക്കാൾ, കൗട്സ്കിയുമായി ഇടയേണ്ടി വന്നല്ലോ എന്ന നൊമ്പരമായിരുന്നു വിജയിയുടെ മനസ്സിൽ. ഈ സംഭവത്തോടുകൂടി കൗട്സ്കിയും റോസയുമായുള്ള വ്യക്തിപരമായ ബന്ധം പോലും തകർന്നു. എങ്കിലും അദ്ദേഹത്തിൻെറ ഭാര്യ ലൂസിയായുമായുള്ള സ്നേഹബന്ധം തൻെറ അന്ത്യം വരെ റോസ നിലനിർത്തി. ലൂസിയാക്കും റോസയോടുള്ള സ്നേഹത്തിന്നു ഒരു കുറവും സംഭവിച്ചില്ല പില്ക്കാലത്ത് ജയിലിൽനിന്നു ലൂസിയായയ്ക്കയച്ച കത്തുകളിൽ, കൗട്സ്കിയെ രൂക്ഷമായി പരിഹസിക്കുകയും വിമർശിക്കുകയും ചെയ്യാറുണ്ടായിരുന്നു. എങ്കിലും റോസലക്സംബർഗ് രക്തസാക്ഷിയായ ശേഷം, അവരെപ്പററിയുള്ള സ്മരണകൾ ഒരു പുസ്തകമായെഴുതി ലൂസിയാ തൻെറ സ്നേഹാദരങ്ങൾ പ്രകടമാക്കുകയുണ്ടായി.

തലമുതിർന്ന ജർമ്മൻ സോഷ്യലിസ്റ്റ് നേതാക്കളിൽ ഫ്രാൻസ് മെഹറിങ്ങ് മാത്രമേ, ഈ വാദപ്രതിവാദത്തിൽ പരസ്യമായി റോസലക്സംബർഗിൻെറ കൂടെ നിന്നുള്ളൂ. പില്ക്കാലത്ത് 'വഞ്ചകനായ കൗട്സ്കിയും തൊഴിലാളിവർഗ്ഗവിപ്ലവവും' എന്ന പുസ്തക

[illegible]

## റോസക്കെതിരായി സാമ്പത്തിക ഉപരോധം

കഴിഞ്ഞ അധ്യായത്തിൽ പരാമർശിച്ച വാദപ്രതിവാദത്തെത്തുടർന്നു ജർമ്മൻ സോഷ്യൽ ഡമോക്രാററിക്ക് പാർട്ടിയിൽ മൂന്നു ചേരികളുണ്ടായി. എഡ്വേർഡ് ബേൺസ്റ്റീനെ അനുകൂലിക്കുന്ന അതിവലതുപക്ഷ വിഭാഗം, ഫലത്തിൽ വലതുപക്ഷത്തെ അനുകൂലിക്കുന്ന കൗട്സ്കിപക്ഷം, റോസലക്സംബർഗിന്റെ നേതൃത്വത്തിലുള്ളതും ഇടതുപക്ഷ തീവ്രവാദികൾ എന്നറിയപ്പെടുന്നതുമായ വിപ്ലവവിഭാഗം. ഫ്രാൻസ് മെഹറിങ്ങിന്നു പുറമേ ക്ലാര സെട്കിൻ, കാറൽ ലിബ്ക്നെററ്, ആൻറൺ പനോക്ക്, കാറൽ റാഡക്ക്[12] എന്നിവരായിരുന്നു വിപ്ലവവിഭാഗത്തിലെ പ്രമുഖർ.

1911 ലെ ഗ്രീഷ്മകാലത്ത്, മൊറോക്കോവിലെ ജർമ്മൻ താൽപര്യങ്ങൾ സംരക്ഷിക്കാനെന്നപേരിൽ, ജർമ്മൻ വിദേശകാര്യമന്ത്രി ഒരു പടക്കപ്പൽ അങ്ങോട്ടയച്ചു. ഈ നടപടി യൂറോപ്പിനെ ഒരു യുദ്ധത്തിലേയ്ക്ക് വലിച്ചിഴക്കാൻ പോരുന്നതായിരുന്നു. ഇതിനെതിരെ, എല്ലാരാജ്യങ്ങളിലേയും ജനങ്ങളെ അണിനിരത്താൻ പ്രതിഷേധപ്രകടനങ്ങളും റാലികളും നടത്താൻ രണ്ടാം ഇൻറർനാഷനലിന്റെ ബ്യൂറോ, ഘടകപാർട്ടികളെ ആഹ്വാനം ചെയ്തു. പക്ഷേ, ജർമ്മൻ സോഷ്യൽ ഡമോക്രാററിക്ക് പാർട്ടി ആ ആഹ്വാനം നിരസിച്ചു.

---

12 ഒക്ടോബർ വിപ്ലവത്തെതുടർന്നു സോവിയററ് റഷ്യയിലേയ്ക്ക്പോയ കാറൽ റാഡക്ക് കമ്യൂണിസ്റ്റ് ഇൻറർനേഷലിന്റെ ആദ്യകാല നേതാക്കളിലൊരാളായിരുന്നു. ഇദ്ദേഹം പിന്നീട് മോസ്ക്കോ വിചാരണയിൽ പ്രതിയായി.

ഇതറിഞ്ഞപ്പോൾ, റോസലക്സംബർഗും സഖാക്കളും ഒച്ചപ്പാടുണ്ടാക്കിയതിനെത്തുടർന്നാണ് നാമമാത്രപ്രതിഷേധം സംഘടിപ്പിക്കാനെങ്കിലും പാർട്ടിനേതൃത്വം ഒരുങ്ങിയത്.

1912 ലെ ജർമ്മൻ പൊതുതിരഞ്ഞെടുപ്പിന്റെ ഒന്നാംഘട്ടത്തിൽ സോഷ്യൽ ഡമോക്രാററുകൾ നല്ല വിജയംനേടി. നാല്പത്തിമൂന്നു സീററുകൾ നൂററിപത്തായി വർദ്ധിച്ചു. പക്ഷേ, ഇതു സോഷ്യലിസ്റ്റ് പാതയിലൂടെ മുന്നേറുന്നതിനല്ല അവരെ പ്രേരിപ്പിച്ചത്, അവസരവാദപരമായ കൂട്ടുകെട്ടുണ്ടാക്കുന്നതിന്നാണ്.

മാത്രമല്ല, റീഷ്സ്റ്റാഗിൽ സോഷ്യൽ ഡമോക്രാററിക്ക് എം. പി. മാർ ജർമ്മൻ വിദേശനയത്തെ പുകഴ്ത്തുകയും ചെയ്തു. സോഷ്യലിസത്തിന്റെ സാർവ്വദേശീയസ്പിരിററിനു കടകവിരുദ്ധമായ രീതിയിൽ, ബ്രിട്ടനും റഷ്യക്കും എതിരായി സങ്കുചിത ദേശീയത്വവിദ്വേഷം ഉളവാക്കുന്ന പ്രചരണങ്ങൾ സോഷ്യൽഡമോക്രാററിക്ക് പത്രങ്ങൾ നടത്താനും തുടങ്ങി. ഇതിനെയെല്ലാം അപ്പോഴപ്പോൾ എതിർക്കാനും തുറന്നുകാട്ടാനും റോസയും സഖാക്കളും ശ്രമിച്ചപ്പോൾ അവരെ 'അരാജകവാദികൾ', 'റഷ്യനേജണ്ടുമാർ', 'വിപ്ളവഗുസ്തിക്കാർ' എന്നെല്ലാം പരിഹാസപ്പേരുകൾ വിളിച്ചു കളിയാക്കാൻ കൗട്സ്കിയും കൂട്ടരും ശ്രമിച്ചു.

സോഷ്യൽ ഡമോക്രാററിക്ക് പത്രങ്ങളിലെ എഡിറേറാറിയൽ വിഭാഗങ്ങളിൽ പ്രവർത്തിക്കുന്നവരുടെ ഒരു സമ്മേളനം 1913 മാർച്ചിൽ പാർട്ടി കേന്ദ്രകമ്മററി വിളിച്ചുകൂട്ടി. ബർലിൻ നഗരത്തിൽ വെച്ചുചേർന്ന ആ സമ്മേളനം, പാർട്ടി നേതൃത്വത്തെ വിമർശിക്കുന്ന ലേഖനങ്ങൾ പാർട്ടിപത്രങ്ങളിൽ പ്രസിദ്ധീകരിക്കരുതെന്നു തീരുമാനിച്ചു. റോസലക്സംബർഗിന്റെ നേതൃത്വത്തിലുള്ള ഇടതുപക്ഷത്തിന്റെ വായ മൂടിക്കെട്ടുകയായിരുന്നു ഇതിന്റെ ഉദ്ദേശം. ഇതു മനസ്സിലാക്കിയ ഇടതുപക്ഷം, റോസയുടെ പത്രാധിപത്യത്തിൽ

'സോഷ്യൽ ഡമോക്രാററിക്ക് കറസ്പോണ്ടൻസ്' എന്നൊരു പ്രസിദ്ധീകരണമാരംഭിച്ചു. ഫ്രാൻസ് മെഹറിങ്ങും കാർസ്കിയുമായിരുന്നു പത്രാധിപസമിതിയിലെ മററംഗങ്ങൾ. 1913 ഡിസമ്പറിൽ ഇതിൻെറ ഒന്നാംലക്കമിറങ്ങി. 1914 ൽ ഒന്നാം ലോകമഹായുദ്ധം ആരംഭിച്ചപ്പോഴും ഇതിൻെറ പ്രസിദ്ധീകരണം തുടർന്നു. പക്ഷേ, കർശനമായ പട്ടാളസെൻസറിങ്ങിന്നു വിധേയമാകേണ്ടി വന്നു. ഒരു നിസ്സാരകാര്യത്തെച്ചൊല്ലി സെബേർൺ എന്ന പട്ടണത്തിൽ പട്ടാള അധികൃതർ 'മാർഷൽ ലാ' പ്രഖ്യാപിച്ചപ്പോൾ, 'സോഷ്യൽ ഡമോക്രാററിക്ക് കരസ്പോണ്ടൻസി'ലൂടെ റോസ, അതിന്നെതിരെ പ്രതിഷേധത്തിൻെറ കൊടുങ്കാററ് വീശിച്ചു. ഇതു പട്ടാളമേധാവികളെ വല്ലാതെ ചൊടിപ്പിച്ചു.

സോഷ്യൽ ഡമോക്രാററിക്ക് പാർട്ടിപത്രങ്ങൾ, റോസലക്സംബർഗിൻെറ ലേഖനങ്ങൾ പ്രസിദ്ധീകരിക്കുകയില്ലെന്നു തീരുമാനിച്ചത്, അവരെ സാമ്പത്തികമായി ഞെരുക്കാൻ കൂടിയായിരുന്നു. ജർമ്മനിയിൽ, റോസ ജീവിതച്ചെലവിന്നാവശ്യമായ കാശ് ഉണ്ടാക്കിയിരുന്നത് ലേഖനമെഴുത്തിലൂടെയാണെന്നു പാർട്ടിനേതാക്കൾക്കറിയാമായിരുന്നു. ഈ സാമ്പത്തിക ഉപരോധം മൂലം വല്ലാതെ വിഷമിച്ചെങ്കിലും 'ചുകപ്പ് റോസ'യെ മാനസികമായി തളർത്താൻ അത് പര്യാപ്തമായില്ല. റോസയുടെ സാമ്പത്തികവിഷമം മനസ്സിലാക്കിയ, അവരുടെ മുൻ ഭർത്താവ് ലിയോജ്യോഗിച്ച് സുഹൃത്തും സഖാവുമെന്ന നിലയിൽ സഹായഹസ്തം നീട്ടിയെങ്കിലും അതവർ സ്വീകരിച്ചില്ല.

ഈ കാലത്തൊരു ദിവസം, തൻെറ പഴയ സുഹൃത്തും സഖാവുമായിരുന്ന പർവൂസ്, റോസലക്സംബർഗിൻെറ വീട്ടിൽ വന്നു. കുശലപ്രശ്നങ്ങൾക്ക് ശേഷം പർവൂസ് പറഞ്ഞു: ''വിപ്ലവരാഷ്ട്രീയത്തോട് എനിക്കിന്ന് അശേഷം യോജിപ്പില്ല. പക്ഷേ, അത് നമ്മുടെ വ്യക്തിപരമായ സുഹൃത്ബന്ധത്തെ ബാധിക്കരുതെന്ന് എനിക്കതിയായ ആഗ്രഹമുണ്ട്.

റോസയുടെ ഇന്നത്തെ വിഷമസ്ഥിതിയെ നേരിടാൻ തക്ക ധനസഹായം നല്കാനുള്ള സാമ്പത്തികകഴിവ് ഇന്നെനിക്കുണ്ട്. യാതൊരു മാനസികപ്രയാസവും കൂടാതെ എന്റെ സഹായം താങ്കൾ സ്വീകരിക്കണം.'' ഇതിന്നു മറുപടിയായി തീപ്പാറുന്ന ഒരു നോട്ടംനോക്കിക്കൊണ്ട് പർവൂസിനോട് തന്റെ വീട്ടിൽ നിന്ന് കടന്ന് പുറത്തുപോകാൻ നിർദാക്ഷിണ്യം റോസ കല്പിച്ചു.

പോളണ്ടിൽ, വൻ വാണിജ്യസ്ഥാപനങ്ങൾ നടത്തിയിരുന്ന തന്റെ ജ്യേഷ്ഠസഹോദരൻമാരുടെ ഔദാര്യമാണ് ഈ പ്രതിസന്ധി തരണം ചെയ്യാൻ റോസലക്സംബർഗിനെ സഹായിച്ചത്.

## യുദ്ധത്തിൻെറ കരിനിഴലിൽ വിപ്ലവ പ്രവർത്തനം, അറസ്റ്റുകൾ, ശിക്ഷകൾ

1905–ൽ റഷ്യൻവിപ്ലവത്തിൽ പങ്കെടുക്കാൻ പോകുന്നതിന്ന്മുമ്പ്, 'ജന' നഗരത്തിൽ ചേർന്ന ജർമ്മൻ സോഷ്യൽ ഡമോക്രാററിക്ക് പാർട്ടികോൺഗ്രസ്സിൽ, സമരഭീരുക്കളായ പാർട്ടി നേതാക്കളെ വിമർശിച്ചുകൊണ്ടും ജർമ്മൻ ഗവൺമെൻറിൻെറ ജനാധിപത്യ ധ്വംസനത്തെ അപലപിച്ചുകൊണ്ടും റോസലക്സംബർഗ് ഒരു തീപ്പൊരിപ്രസംഗം ചെയ്യുകയുണ്ടായി. അതിന്നുശേഷം പ്രസംഗമഞ്ചത്തിൽ കയറിയ ആഗസ്ത് ബെബൽ വാത്സല്യവും പരിഹാസവും കലർന്ന സ്വരത്തിൽ പറഞ്ഞു: എൻെറ പ്രിയപ്പെട്ട കൊച്ചനുജത്തി റോസയുടെ പ്രസംഗം കേട്ടുകൊണ്ടിരിക്കുമ്പോൾ, ഒന്നിലേറെതവണ ഞാൻ എൻെറ കാലിന്നടിയിലേക്ക് നോക്കിപ്പോയി, രക്തം തളംകെട്ടിനില്ക്കുന്ന തറയിലാണ് എൻെറ കാലടികൾ വെച്ചിരിക്കുന്നതെന്നു എനിക്ക് തോന്നിപ്പോയതുകൊണ്ട്.'

പിന്നീട്, ഒരു കൊല്ലം കഴിഞ്ഞ് ഈ പ്രസംഗത്തിൻെറ പേരിൽ, റോസയുടെമേൽ കേസ് ചാർജ്ജ്ചെയ്തപ്പോൾ, ആഗസ്ത് ബെബലിൻെറ മുൻപറഞ്ഞ വാക്കുകൾ പോലീസിൻെറ ചാർജ്ജ്ഷീററിൽ ഉദ്ധരിച്ചിരുന്നു. റോസലക്സംബർഗിൻെറ അസാന്നിധ്യത്തിൽ വിചാരണചെയ്ത ഈ കേസ്സിൽ അവർക്ക് രണ്ടുമാസത്തെ ജയിൽശിക്ഷ വിധിച്ചു. പോളണ്ടിലെ ജയിലിൽനിന്നു ആരോഗ്യം നശിച്ച്, ജർമ്മനിയിൽ തിരിച്ചെത്തിയ ശേഷമാണ്, ഈ ശിക്ഷയനുഭവിക്കാൻ അവരെ അറസ്റ്റ് ചെയ്തത്.

പട്ടാളക്കാരെ അച്ചടക്കലംഘനത്തിന്നു പ്രേരിപ്പിച്ചു എന്ന കുററംചുമത്തി, 1914 ഫെബ്രുവരി 20 ന കോടതിയിൽ ഹാജരാകാൻ റോസ്‌ലക്സംബർഗിന് സമൻസ് വന്നു. 1913 സപ്തംബറിൽ ഫ്രാങ്ക്ഫർട്ടിൽ വെച്ചുചെയ്ത ഒരു പ്രസംഗത്തിൽ അവർ പ്രസ്താവിച്ചിരുന്നുവത്രേ: ''ഫ്രാൻസിലേയും മററു നാടുകളിലേയും നമ്മുടെ സഹോദരന്മാരുടെ മാറുകളിലേയ്ക്ക്, തോക്കിന്റെ കാഞ്ചിവലിക്കാൻ നമ്മളോട് കല്പിച്ചാൽ നമുക്കവരോട് പറയണം 'ഇല്ല, അതു സാധ്യമല്ല' എന്ന്'' ഈ വാചകങ്ങളാണ് റോസയുടെ പേരിൽ ഇത്തവണ കേസ് ചാർജജ് ചെയ്തത്. ഉടനെ, അവരെ അറസ്റ്റ്ചെയ്യാനും ഒരു കൊല്ലത്തെ കഠിനതടവിന്നു ശിക്ഷിക്കാനും വിധിയുണ്ടാകണമെന്നു പബ്ലിക്ക് പ്രോസിക്യൂട്ടർ കോടതിയോടപേക്ഷിച്ചു. പോൾലെവിയായിരുന്നു പ്രതിഭാഗം വക്കീൽ. അദ്ദേഹം സമർത്ഥമായി കേസ് നടത്തി. പ്രതിയുടെ മൊഴി രേഖപ്പെടുത്തേണ്ട ഘട്ടം വന്നപ്പോൾ റോസ ഒരു ഉശിരൻ പ്രസംഗം ചെയ്തു. അതിൽ, മിലിററിസത്തെ ശക്തിയായി വിമർശിച്ചതിനോടൊപ്പം പബ്ലിക്ക് പ്രോസിക്യൂട്ടറെ രൂക്ഷമായി പരിഹസിക്കുകയും ചെയ്തു ഈ കേസിൽ പ്രതിക്ക് ഒരുകൊല്ലത്തെ കഠിനതടവ് വിധിച്ചെങ്കിലും, ഉടനെ അറസ്റ്റ് ചെയ്യണമെന്ന പ്രോസിക്യൂഷന്റെ അപേക്ഷ സ്വീകരിക്കപ്പെട്ടില്ല

ജയിലിൽ ഹാജരാകാൻ സമയം അനുവദിച്ചുകിട്ടിയ റോസ, കോടതിയിൽനിന്നു നേരെ പോയത് അപ്പോൾ നടന്നുകൊണ്ടിരിക്കുന്ന ഒരു പൊതുയോഗത്തിലേയ്ക്കാണ് 'ചുകപ്പ് റോസ' എന്നാർത്തു വിളിച്ചുകൊണ്ട് സദസ്യർ അവരെ സ്വാഗതം ചെയ്തു. ഒരു ജേതാവിനെപ്പോലെ, പ്രസംഗവേദിയിൽ കയറിയ 'ചുകപ്പ് റോസ' യുദ്ധങ്ങൾക്കും ക്ഷാമത്തിന്നും ജന്മം നല്കുന്ന മുതലാളിത്ത സാമൂഹ്യ വ്യവസ്ഥയേയും അതിനെ താങ്ങി നിർത്തുന്ന പട്ടാള

മേധാവികളെയും നിശിതമായി വിമർശിച്ചുകൊണ്ടു ഒരു ഉശിരൻ പ്രസംഗം ചെയ്തു. വാസ്തവത്തിൽ, ഒരു കൊല്ലത്തെ തടവ്ശിക്ഷ നേടിക്കൊടുത്ത 1913 സപ്തംബറിലെ പ്രസംഗത്തെക്കാം രാജദ്രോഹകരമായിരുന്നു ആ പ്രസംഗം. എങ്കിലും അതിൻെറ പേരിൽ കേസ് ചാർജ്ചെയ്തില്ല.

സാധാരണക്കാരായ പട്ടാളക്കാരോട്, ജർമ്മൻ പട്ടാളമേധാവികാം കണ്ണിൽച്ചോരയില്ലാതെ ക്രൂരമായി പെരുമാറുന്നതുമൂലം മിലിററിബാരക്കുകളിൽ പെരുകിവരുന്ന ആത്മഹത്യകളെപ്പററി ഒരു പാർലമെൻറംഗം, റീഷ്സ്റ്റാഗിൽ ചോദിച്ചപ്പോാം, അത്തരം ചോദ്യങ്ങാം ചോദിക്കാൻ എം പി മാർക്ക് അധികാരമില്ല എന്ന ഉത്തരമാണ് ലഭിച്ചത്. ഈ മറുപടിയെ വിമർശിച്ചുകൊണ്ട് മൂർച്ചയേറിയ ശൈലിയിൽ 1914 മേയിൽ, 'സോഷ്യൽഡമോക്രാററിക്ക് കരസ്പോണ്ടൻസ്'ൽ റോസ ഒരു ലേഖനമെഴുതി. ഇതിനേക്കാളും കടുത്തഭാഷയിൽ അടുത്തദിവസം ഒരു പൊതുയോഗത്തിൽ പ്രസംഗിക്കുകയും ചെയ്തു. ഇതെല്ലാം ജർമ്മൻ യുദ്ധകാര്യമന്ത്രിയെ കോപാകുലനാക്കി. തുടർന്നു, ജർമ്മൻ സായുധസേനയെ ആകെ അപമാനിച്ചുവെന്ന കുററംചുമത്തി റോസലക്സംബർഗിൻെറ പേരിൽ കേസെടുത്തു. ഈ കേസ് നടത്താൻ ഒരു ഡിഫൻസ് കമ്മിററി രൂപീകരിക്കപ്പെട്ടു. മിലിററി അധികൃതരുടെ ക്രൂരമായപെരുമാററത്തിന്നിരയായവരോട് പ്രതിഭാഗംസാക്ഷികളായി ഹാജരാകാൻ പേര് നല്കണമെന്നു ഡിഫൻസ് കമ്മിററി അഭ്യർത്ഥിച്ചു. അപ്പോാം ജർമ്മനിയുടെ വിവിധ ഭാഗങ്ങളിൽനിന്ന് മുപ്പതിനായിരത്തിലധികം പേർ, പ്രതിഭാഗം സാക്ഷിപട്ടികയിൽ തങ്ങളുടെ പേരുകാം ഉാംപ്പെടുത്തണമെന്ന് കോടതിയോടും ഡിഫൻസ്കമ്മററിയോടും അഭ്യർത്ഥിച്ചു. ഇത് കണ്ട് അന്തംവിട്ട പ്രോസിക്യൂഷൻഭാഗം, കേസ് വിചാരണ ഓരോ പ്രാവശ്യവും നീട്ടിവെപ്പിച്ചുകൊണ്ടിരുന്നു. ഒടുവിൽ ആ കേസ്നെപ്പററി ഒന്നും കോംക്കാ

തെയായി.

അക്കൊല്ലം ജൂണിൽ നടന്ന ബർലിനിലെ സോഷ്യൽ ഡമോക്രാററിക്ക് പാർട്ടി ജില്ലാസമ്മേളനത്തിൽ, രാഷ്ട്രീയ പൊതുപണിമുടക്കം ഒരു സമരായുധമായി അംഗീകരിക്കുന്നുവെന്നു പ്രഖ്യാപിക്കുന്ന ഒരു പ്രമേയം റോസലക്സംബർഗ് അവതരിപ്പിക്കുകയുണ്ടായി. ആരോഗ്യനില വളരെ മോശമാണെങ്കിലും തൻെറ മേൽ ചാർജജ്ചെയ്യപ്പെട്ട കേസുകളെല്ലാം റോസലക്സംബർഗിൻെറ മാനസികോന്മേഷത്തെ വർദ്ധിപ്പിക്കുകയാണുണ്ടായത്. തൻെറ കടമ, താൻ ശരിക്കും നിർവഹിച്ചു എന്നതിന്നുള്ള തെളിവുകളായിട്ടാണ് ഓരോ കേസിനേയും ആ വിപ്ലവകാരി കണ്ടത്.

ജർമ്മനിയിൽ ഫെർഡിനാണ്ട്ലാസ്സാലി[13] നല്ലാതെ, മററാരു രാഷ്ട്രീയപ്രവർത്തകന്നും റോസലക്സംബർഗ്ഗിനെപ്പോലെ തുടർച്ചയായി പ്രോസിക്യൂഷൻ നേരിടേണ്ടി വന്നിട്ടില്ല

1914 ജൂലായ് 25–ാംനു- ആസ്ത്രിയ, ജർമ്മനിയുടെ പ്രേരണയോടുകൂടി, സെർബിയക്കെതിരെ യുദ്ധം പ്രഖ്യാപിച്ചു. അതിനെപ്പററിയും, ലോകാടിസ്ഥാനത്തിൽ ശക്തിപ്പെട്ടുവരുന്ന യുദ്ധവിപത്തിനെപ്പററിയും ആലോചിക്കാൻ രണ്ടാം ഇൻറർനാഷനലിൻെറ ബ്യൂറോ ജൂലായ് 29, 30 തിയ്യതികളിൽ ബൽജിയത്തിലെ ബ്രസ്സൽസ്സിൽ സമ്മേളിച്ചു. പോളിഷ് സോഷ്യൽ ഡമോക്രാററിക് പാർട്ടിയുടെ പ്രതിനിധിയെന്ന നിലയിൽ റോസലക്സംബർഗും ആ യോഗത്തിൽ പങ്കെടുത്തിരുന്നു. ആസ്ത്രിയൻ മാർക്സിസ്റ്റ് നേതാവായ വിക്ടർആഡ്

18 ലോകത്തിലെ ആദ്യകാല സോഷ്യലിസ്റ്റ് നേതാക്കളിലൊരാളായിരുന്ന ഫെർഡിനാണ്ട്ലാസ്സൽ ജനറൽ യൂണിയൻ ഓഫ് ജർമ്മൻ വർക്കേഴ്സ് എന്ന സോഷ്യലിസ്റ്റ് സംഘടന–1863ൽ–സ്ഥാപിച്ചു. പിന്നീട്, ഈ സംഘടനയിൽപ്പെട്ടവരും മാർക സിയൻ അനുയായികളും ഒന്നിച്ചു ചേർന്നു ജർമ്മൻ സോഷ്യൽ ഡമോക്രാററിക്ക് പാർട്ടിയുണ്ടാക്കി.

ലർ, ആ യോഗത്തിൽ ചെയ്ത നിരാശാദ്യോതകമായ പ്രസംഗം, സാർവ്വദേശീയ സോഷ്യലിസ്റ്റ് പ്രസ്ഥാനത്തിൻെറ ഭാവിയെപ്പററി ആശങ്ക ജനിപ്പിക്കാൻ പര്യാപ്തമായിരുന്നു. യുദ്ധകാലഘട്ടത്തിൽ, സോഷ്യലിസ്റ്റ് പാർട്ടികളുടെ കടമകളെന്തൊക്കെയാണെന്ന് നിർവ്വചിക്കണമെന്ന് റോസ ആ യോഗത്തിൽ ആവശ്യപ്പെട്ടെങ്കിലും അത് വനരോദനമായിക്കലാശിച്ചു.

ബൽജിയൻ സോഷ്യലിസ്റ്റ് പാർട്ടി ജൂലായ് 30ന്ന് ബ്രസ്സൽസിൽ ഒരു വമ്പിച്ച റാലി സംഘടിപ്പിച്ചിരുന്നു. റോസലക്സംബർഗ് അടക്കമുള്ള രണ്ടാം ഇൻറർനാഷനൽ നേതാക്കൾ റാലിയിൽ പ്രസംഗിക്കുമെന്ന് പ്രചാരണം നടത്തിയിരുന്നു. റാലിയെ അഭിസംബോധന ചെയ്തുകൊണ്ടുള്ള പ്രസംഗങ്ങൾ ആരംഭിച്ചു കുറെ കഴിഞ്ഞ ശേഷമാണ്, റോസ, യോഗസ്ഥലത്തെത്തിയത്. പതിവിന്ന് വിപരീതമായി, മ്ളാനവദനയായിരുന്ന അവർ പ്ലാററ്ഫോമിൻെറ ഒരു മൂലയിൽ തലകുനിച്ചിരുന്നു. ആ യോഗത്തിൽ തീപ്പൊരിപ്രസംഗം ചെയ്ത ഫ്രഞ്ച് സോഷ്യലിസ്റ്റ് പാർട്ടിയുടെ ഒരു നേതാവ് തൻെറ പ്രസംഗം സമാപിച്ചത് ഇങ്ങിനെയാണ്: ''സ്വന്തം ആദർശങ്ങളുടെ തീജ്വാല, ജർമ്മൻ തൊഴിലാളികളുടെ ഹൃദയത്തിൽ നിറച്ച, റോസലക്സംബർഗ് എന്ന ധീരവനിതയെ അഭിവാദ്യം ചെയ്തുകൊണ്ട് ഞാൻ എൻെറ പ്രസംഗം അവസാനിപ്പിക്കുന്നു.'' തുടർന്ന് 'ചുകപ്പ് റോസ നീണാൾ വാഴട്ടെ' എന്ന മുദ്രാവാക്യം ദിഗന്തം ഭേദിക്കുമാറ് അവിടെ വളരെ നേരം മുഴങ്ങി. ഇതിന്നുശേഷം, പ്രസംഗിക്കുവാൻ റോസ ക്ഷണിക്കപ്പെട്ടു. പക്ഷേ, അവർ ഇരുന്നേടത്തുനിന്ന് എഴുന്നേല്ക്കാതെ, നിഷേധാർത്ഥത്തിൽ തലയാട്ടിക്കൊണ്ട് 'ഇല്ല' എന്നു മാത്രം പറഞ്ഞു. പല നേതാക്കളും റോസയുടെ അരികത്തു പോയി പ്രസംഗിക്കാൻ അഭ്യർത്ഥിച്ചെങ്കിലും അവർ കൂട്ടാക്കിയില്ല. ഒരു യഥാർത്ഥ സോഷ്യലിസ്റ്റ് സംഘടനക്കനുസൃതമായ, യുദ്ധവിരുദ്ധ നിലപാട്

ഇൻറർനാഷലിൻെറ ബ്യൂറോ എടുക്കാതിരുന്നതുമൂലം മാനസികമായി ആകെ തളർന്നിരുന്നതുകൊണ്ട്, പ്രസംഗവേദിയിൽ എഴുന്നേററ് നില്ക്കാൻപോലും തത്സമയം താൻ അശക്തയായിരുന്നുവെന്ന് പിന്നീടവർ പറയുകയുണ്ടായി.

കുറച്ചു ദിവസങ്ങൾക്ക്ശേഷം, പാരീസിൽ വെച്ചു രണ്ടാം ഇൻറർനാഷനലിൻെറ സമ്പൂർണ്ണ സമ്മേളനം നടന്നു. അതിലും റോസലക്സംബർഗ് പങ്കെടുക്കുകയും യുദ്ധവിരുദ്ധലൈനിന്നുവേണ്ടി വീറോടെ പോരാടുകയും ചെയ്തു. പക്ഷേ, ഫലമുണ്ടായില്ല.

യുദ്ധച്ചെലവിലേയ്ക്കുള്ള ധനാഭ്യർത്ഥന വരുമ്പോൾ എന്തു നിലപാട് എടുക്കണമെന്നു തീരുമാനിക്കാൻ ജർമ്മൻ പാർലിമെൻറിലെ സോഷ്യൽ ഡമോക്രാററിക് പാർലിമെൻററി പാർട്ടിയുടെ യോഗം ആഗസ്ത് മൂന്നിനു ചേർന്നു. ആകെയുള്ള നൂററിപ്പതിനഞ്ച് സോഷ്യലിസ്റ്റ് എം. പി. മാരിൽ വെറും പതിനഞ്ചുപേരാണ് ധനാഭ്യർത്ഥനയെ എതിർക്കണമെന്നഭിപ്രായപ്പെട്ടത്. പിറേറന്നു പാർലിമെൻറ് സമ്മേളിച്ചപ്പോൾ, അച്ചടക്കമാകുന്ന ഖഡ്ഗം ചുഴററി, ഈ 15 പേരെക്കൊണ്ടുകൂടി യുദ്ധബഡ്ജററിന്ന് അനുകൂലമായി വോട്ടുചെയ്യിച്ചു.

ജർമ്മൻ പാർലിമെൻറിലെ സോഷ്യലിസ്റ്റ് അംഗങ്ങൾ ഒന്നടങ്കം യുദ്ധധനാഭ്യർത്ഥനയ്ക്ക് അനുകൂലമായി വോട്ടുചെയ്തുവെന്ന വാർത്ത, പിറേറന്നത്തെ പ്രഭാതപത്രങ്ങളിൽ വൻ തലക്കെട്ടിൽ പ്രത്യക്ഷപ്പെട്ടു. ലെനിൻ അടക്കം റഷ്യയിലേയും മററു യൂറോപ്പ്യൻ രാജ്യങ്ങളിലേയും പല സോഷ്യലിസ്റ്റ് നേതാക്കളും ആദ്യം ഈ വാർത്ത വിശ്വസിക്കാൻ കൂട്ടാക്കിയില്ല. ബൂർഷ്വാസിയുടെ നുണപ്രചരണം എന്നാണവർ കരുതിയത്.

റോസലക്സംബർഗിന്ന്, ഇതു സഹിക്കാവുന്നതിലെത്രയോ കൂടുതലായിരുന്നു. ആഗസ്ത് 4-ാം തിയ്യതി രാത്രിതന്നെ തൻെറ വീട്ടിൽ അവരൊരു

യോഗം വിളിച്ചുകൂട്ടി. വയോധികനായ ഫ്രാൻസ് മെഹറിങ്ങ് അടക്കം വളരെ കുറച്ച്പേർമാത്രം പങ്കെടുത്ത ആ യോഗത്തിൽ ''ഇന്നുമുതൽ ജർമ്മൻ സോഷ്യൽ ഡമോക്രസി ഒരു ചീഞ്ഞുനാറുന്ന ശവമായിക്കഴിഞ്ഞിരിക്കുന്നു'' എന്ന് റോസ പ്രസ്താവിച്ചു സോഷ്യൽ ഡമോക്രാററിക് പാർട്ടിക്കുള്ളിൽ നേതൃത്വത്തിന്റെ വഞ്ചനക്കെതിരായി പോരാടാനും യുദ്ധവിരുദ്ധപ്രവർത്തനങ്ങൾ നടത്താനും പ്രസ്തുതയോഗം തീരുമാനിച്ചു. അധികം താമസിയാതെ കാറൽ ലിബ്ക്നെററും സ്റ്റുററ്ഗർട്ടിൽനിന്നു ക്ലാരസെട്കിനും ഇക്കൂട്ടത്തിൽ കൂടി. ഒരു മാസത്തിന്നു ശേഷം—സപ്തംബർ 10ന്ന്—സ്വിററ്സർലണ്ടിലെ രണ്ട് ജർമ്മൻ ദിനപത്രങ്ങളിൽ ഒരു പരസ്യം പ്രസിദ്ധീകൃതമായി. ജർമ്മൻ സോഷ്യൽ ഡമോക്രാററിക് പാർട്ടി നേതൃത്വത്തിന്റെ വഞ്ചനയെ എതിർത്തുകൊണ്ടുള്ള ഈ പരസ്യത്തിൽ ഫ്രാൻസ് മെഹറിങ്ങ്, കാറൽ ലിബ്ക്നെററ്, ക്ലാരസെട്കിൻ, റോസലക്സംബർഗ് എന്നിവരാണ് ഒപ്പ് വെച്ചിരുന്നത്. ഇതിനെത്തുടർന്ന് ജർമ്മനിയുടെ പല ഭാഗങ്ങളിൽ നിന്നും സോഷ്യലിസത്തോടു കൂറുള്ളവർ റോസയുമായി ബന്ധപ്പെടാൻ തുടങ്ങി. ഇതെല്ലാം ആവേശജനകമായിരുന്നെങ്കിലും, യഥാർത്ഥ സോഷ്യലിസത്തിന്റെ സ്പിരിററിനെ അതേവരെ മാർക്സിസത്തിന്റേയും തീവ്രവാദത്തിന്റേയും മേലങ്കികളണിഞ്ഞ പല വമ്പന്മാരും കയ്യൊഴിച്ചുകൊണ്ടിരിക്കുന്ന ദുഃഖവാർത്തകളും ദൈനംദിനം അവർക്ക് കേരംക്കേണ്ടി വന്നു.

പാർട്ടി നേതൃത്വത്തിന്റെ മാർക്സിസ്റ്റ് വിരുദ്ധ-യുദ്ധ അനുകൂല നിലപാടിനെതിരായി 'ചുകപ്പ്റോസ' ബർലിൻ ജില്ലയിൽ കേന്ദ്രീകരിച്ചു പ്രവർത്തിച്ചു. ഇതിന്നു നല്ല ഫലവുമുണ്ടായി. സാധാരണ പാർട്ടി മെമ്പർമാരിലും താഴെക്കിട പ്രവർത്തകരിലും നല്ലൊരു ഭാഗം നേതൃത്വത്തെ എതിർക്കാൻ തുടങ്ങി. നീഡർ ബാർണിം എന്ന വലിയ നിയോജകമണ്ഡലത്തിലെ

ബഹുഭൂരിപക്ഷം പാർട്ടി മെമ്പർമാരും ഇടതുപക്ഷത്തിന്റെ അനുകൂലികളായി.

സർക്കാറിന്റേയും പാർട്ടി നേതൃത്വത്തിന്റേയും ഇരട്ട സെൻസറിങ്ങ്മൂലം തങ്ങളുടെ അഭിപ്രായങ്ങൾ മററു ജർമ്മൻ പ്രവിശ്യകളിലെത്തിക്കാൻ റോസലക്സംബർഗും സഹപ്രവർത്തകരും വളരെ പ്രയാസപ്പെട്ടു. സ്വന്തമായൊരു പത്രം പ്രസിദ്ധപ്പെടുത്തുക മാത്രമേ ഇതിനൊരു പോംവഴിയുണ്ടായിരുന്നുള്ളൂ. 'സോഷ്യൽ ഡമോക്രാററിക് കരസ്പോണ്ടൻസി'ന്റെ പ്രസിദ്ധീകരണം നേരത്തെ നിന്നുപോയിരുന്നു.

ഡസ്സൽഡോർഫിലെ പാർടിപ്രസ്സിന്റെ നിയന്ത്രണം ഇടതുപക്ഷത്തിൽപ്പെട്ടവർക്ക് ലഭിച്ചപ്പോൾ, അവിടെനിന്ന് 'ദ ഇൻറർനാഷനൽ' എന്നൊരു പത്രം ആരംഭിക്കുവാൻ തീരുമാനിച്ചു; ഫ്രാൻസ്മെഹറിങ്ങിന്റേയും റോസലക്സംബർഗിന്റെയും സംയുക്ത പത്രാധിപത്യത്തിൽ.

'ദ ഇൻറർനാഷനലി'ന്റെ ഉദ്ഘാടനപ്പതിപ്പ് തയ്യാറാക്കിക്കൊണ്ടിരിക്കുന്നതിനിടയിൽ 1915ഫെബ്രുവരിയിൽ—റോസ ജയിലിലടക്കപ്പെട്ടു. മുമ്പത്തെ പ്രസംഗകേസിൽ വിധിച്ച ഒരു കൊല്ലത്തെ ശിക്ഷയനുഭവിക്കാൻ. ഉദ്ഘാടനപ്പതിപ്പിൽ റോസ രണ്ടു സുദീർഘ ലേഖനങ്ങളെഴുതി. ഒന്ന് സ്വന്തംപേരിലും മറേറത് മോർട്ടിമർ എന്ന തൂലികാനാമത്തിലും. 'ഇൻറർനാഷനലിന്റെ പുനഃസംഘടന' എന്ന തലക്കെട്ടിൽ സ്വന്തം പേര് വെച്ചെഴുതിയ ലേഖനത്തിൽ ആഗസ്ത് നാലിലെ വഞ്ചനക്ക് പ്രേരകമായ വസ്തുതകൾ വിശകലനം ചെയ്തശേഷം യുദ്ധകാലത്തും സമാധാനകാലത്തും സങ്കുചിത ദേശീയത്വ ചിന്താഗതിക്ക് കീഴ്വഴങ്ങാത്ത, സോഷ്യലിസത്തിന്റെ അഥവാ മാർക്സിസത്തിന്റെ സ്പിരിററ് ഉൾക്കൊള്ളുന്ന ഒരു ഇൻറർനാഷനലിന്റെ ആവശ്യകത ഊന്നിപ്പറഞ്ഞിരുന്നു. ജർമ്മൻ സോഷ്യൽ ഡമോക്രാററിക് പാർട്ടിയെ കഴിച്ചാൽ സോഷ്യലിസ്റ്റ് ഇൻറർനാഷനലിലെ രണ്ടു

വലിയകക്ഷികളായ ബ്രിട്ടീഷ് ലേബർപാർട്ടിയും ഫ്രഞ്ച് സോഷ്യലിസ്റ്റ്പാർട്ടിയും യുദ്ധപ്രശ്നത്തിൽ അതാതു ബൂർഷ്വാ ഗവണ്മെൻറുകളെ പിന്താങ്ങിയിരുന്നുവെന്നത് ഇത്തരുണത്തിൽ സ്മരണീയമാണ്. രണ്ടാമത്തെ ലേഖനം കാറൽകൗട്സ്കി ആയിടക്ക് എഴുതിയ ഒരു പുസ്തകത്തെപ്പററിയുള്ള വിമർശനമായിരുന്നു. തൻെറ ലേഖനത്തിൽ റോസ, കൗട്സ്കിയെ 'കൊന്നു കൈയിൽ കൊടുത്തു'വെന്നു ആലങ്കാരികമായിപ്പറയാം. ഏതായാലും 1915 ഏപ്രിലിൽ പുറത്തുവന്ന 'ദ ഇൻറർനാഷനൽ'ൻെറ ഉദ്ഘാടനപ്പതിപ്പ് തന്നെ അതിൻെറ സമാപനപ്പതിപ്പുമായിത്തീർന്നു. പത്രം പുറത്തിറങ്ങിയ ഉടൻതന്നെ അത് നിരോധിക്കപ്പെട്ടു.

ഒററ ലക്കം കൊണ്ട്, പത്രലോകത്തിൽ ശാശ്വതപ്രതിഷ്ഠ നേടിയ പത്രങ്ങൾ ലോകചരിത്രത്തിൽ കാണാൻ പ്രയാസമാണ്, റോസലക്സംബർഗിൻെറ 'ദ ഇൻറർനാഷണൽ' ഒഴികെ. ജർമ്മനിയിൽ പലപ്പോഴും —ഹിററ്ലർ ഭരണകാലത്തുപോലും—ദ ഇൻറർനാഷനലിൻെറ ഒന്നാം ലക്കത്തിൻെറ പുതിയ പതിപ്പുകൾ രഹസ്യമായി പ്രസിദ്ധീകൃതമായിട്ടുണ്ട്.

'ദ ഇൻറർനാഷനൽ' നിരോധിക്കപ്പെട്ടതിനെത്തുടന്ന്, റോസലക്സംബർഗ് ഗ്രൂപ്പ് 'സ്പാർട്ടക്കസ് ലെ‌ററെഴ്സ്' എന്ന പേരിൽ ഒരു അണ്ടർഗ്രൗണ്ട് പത്രം ആരംഭിച്ചു. ഇത് ആദ്യം കല്ലച്ചിലാണ് അടിച്ചിരുന്നത്. പിന്നീട് രഹസ്യമായി അച്ചടിച്ചിറക്കാൻ തുടങ്ങി, സ്പാർട്ടക്കസ് ലെ‌റെഴ്സിൻെറ പ്രസിദ്ധീകരണം തടയാൻ, പോലീസ് പതിനെട്ടടവും പയററിയെങ്കിലും വിജയിച്ചിച്ചില്ല. യുദ്ധകാലം മുഴുവൻ അതു കൃത്യമായി പുറത്തു വന്നുകൊണ്ടിരുന്നു.

ഒരു കൊല്ലത്തെ തടവ് ശിക്ഷ അനുഭവിക്കാൻ വേണ്ടി ജയിലിൽ ഹാജരാകാൻ 1915 മാർച്ച് ഒന്നാം തീയതി വരെ റോസലക്സംബർഗിന്ന് കോടതി സമയം നല്കിയിരുന്നു, രോഗിണിയാണെന്ന കാരണത്തി

ന്മേൽ. അതിന്നിടയിലാണ്, ഒരു സാർവ്വദേശീയ മഹിളാ സമ്മേളനത്തിൽ പങ്കെടുക്കാൻ ക്ലാരസെററ്കിനോടൊപ്പം റോസയും ഹോളണ്ടിലേയ്ക്ക് പോകാനുദ്ദേശിക്കുന്നുണ്ടെന്ന വിവരം പോലീസധികൃതരുടെ ചെവിയിലെത്തിയത്. ഉടനെ—ഫെബ്രുവരി 19 ാംനു—റോസ അറസ്റ്റു ചെയ്യപ്പെട്ടു. അടച്ചു മൂടിയ പോലീസ്‌വണ്ടിയിൽ സ്ത്രീകളുടെ ജയിലിലേയ്ക്കാണ് അവരെ കൊണ്ടുപോയത്. ആദ്യത്തെ ദിവസം തലമുടി ചീകാനോ. രാത്രിവസ്ത്രം മാറാനോ അവരെ അനുവദിച്ചില്ല. എങ്കിലും, പിറേറന്നുമുതൽ രാഷ്ട്രീയതടവുകാരിയെന്ന നിലയിൽ അവർക്കു കുറച്ചു സൗകര്യങ്ങൾ അനുവദിക്കപ്പെട്ടു. ഈ തക്കം ഉപയോഗിച്ചാണ് 'ജൂനിയസ് ലഘുലേഖകൾ' എന്നു പില്ക്കാലത്തു വിഖ്യാതി നേടിയതിൽ ആദ്യത്തേത് എഴുതിയത്. ഏപ്രിൽ ആകുമ്പോഴേയ്ക്കും ഈ ലഘുലേഖ പുറത്തുള്ള തന്റെ സഹപ്രവർത്തകന്മാരുടെ പക്കൽ സുരക്ഷിതമായി എത്തിക്കാൻ പര്യാപ്തമായ തരത്തിലുള്ള രഹസ്യസംവിധാനവും ജയിലിൽ അവർ സംഘടിപ്പിച്ചു കഴിഞ്ഞിരുന്നു.

ഒരു ദിവസം തടവുമുറിയിൽ കയറിവന്ന ഒരു രഹസ്യപോലീസുദ്യോഗസ്ഥൻ റോസയോട് മര്യാദരഹിതമായി പെരുമാറി. അപ്പോൾ ക്ഷുഭിതയായി, കയ്യിൽകിട്ടിയ എന്തോ സാധനം കൊണ്ടു ആ പോലീസാഫീസറുടെ തലക്കെറിഞ്ഞു. അയാളുടെ തലപൊട്ടി ചോരയൊലിച്ചു. ആ ക്രിമിനൽകുററത്തിന്, ആ രാഷ്ട്രീയതടവുകാരിക്ക് പത്തു ദിവസത്തെ ജയിൽ ശിക്ഷയും ഒരു മാസക്കാലത്തെ ഏകാന്ത തടവും (പഴയ ശിക്ഷയുടെ കൂടെ) വിധിക്കപ്പെട്ടു. ഇതോടു കൂടി ആദ്യം അനുവദിക്കപ്പെട്ട സൗകര്യങ്ങൾ പലതും നിഷേധിക്കപ്പെട്ടു.

പുറത്ത്നിന്നു ജയിലിലെത്തിയിരുന്ന വാർത്തകൾ വളരെയേറെ നിരാശജനകമായിരുന്നു. സോഷ്യൽ ഡമോക്രാററിക്ക് പാർട്ടി നേതൃത്വത്തിനെതിരെ,

തന്റെ സഖാക്കൾ നടത്തിയിരുന്ന ആശയസമരം വളരെ ഓജസ്സ് കുറഞ്ഞതും ദുർബ്ബലവുമായിട്ടുണ്ട്, വല്ലപ്പോഴും ജയിലിലെത്തിയിരുന്ന 'സ്പാട്ടക്കസ് ലെറേറഴ്സി'ൽ നിന്നു അവർക്കനുഭവപ്പെട്ടത്. അമർഷവും ദുഃഖവും നിരാശയും ഉള്ളിലൊതുക്കികൊണ്ട്, കൂട്ടിലിട്ടപെൺപുലിയെപ്പോലെ ജയിൽമുറിയിൽ തലങ്ങും വിലങ്ങും, അവർ നടന്നു. മാനസികമായ സമനില തെററിപ്പോകാതിരിക്കാനും ആത്മവിശ്വാസം നിലനിർത്താനും ബുദ്ധിപരമായ പ്രവർത്തനങ്ങളെ ആശ്രയിക്കുക എന്ന ഒരു മാർഗ്ഗം മാത്രമേ അവരുടെ മുന്നിലുണ്ടായിരുന്നുള്ളൂ. ആദ്യം, തന്റെ ധനശാസ്ത്രഗ്രന്ഥത്തെപ്പററിയുള്ള വിമർശനങ്ങളെ ഖണ്ഡിച്ചുകൊണ്ട് ഒരു ചെറിയ പുസ്തകമെഴുതി പിന്നീട്, 'ധനശാസ്ത്രത്തിന്ന് ഒരു മുഖവുര' എന്ന ഗ്രന്ഥം പൂർത്തിയാക്കാനുള്ള ശ്രമത്തിലായി. ഒരു വൈവിധ്യത്തിന്നുവേണ്ടി വ്ളഡിമീർ കൊറീലങ്കോ [14] വിന്റെ ആത്മകഥാപരമായ സ്മരണകൾ റഷ്യൻഭാഷയിൽനിന്ന് ജർമ്മൻ ഭാഷയിലേയ്ക്ക് വിവർത്തനം ചെയ്തുകൊണ്ടിരുന്നു.

1915 നവമ്പർ–ഡിസമ്പർ ആയപ്പോഴേയ്ക്കും, ജയിലധികൃതർ റോസയുടെ മേൽ ചുമത്തിയ നിയന്ത്രണങ്ങൾക്ക് കുറേ അയവു വരുത്തി ഉടനേ അവർ കാറൽ ലിബ്ക്നെററുമായി കത്തുകളിലൂടെ രഹസ്യ ചർച്ചകൾ ആരംഭിച്ചു. തങ്ങളുടെ പ്രവർത്തനങ്ങൾ മുമ്പോട്ടുകൊണ്ടുപോകാൻ അതുവരെയുണ്ടായിരുന്ന അയഞ്ഞ ചട്ടക്കൂടുള്ള പ്രസ്ഥാനം പോരെന്നും കൂടുതൽ കെട്ടുറപ്പും അച്ചടക്കവുമുള്ള ഒരു സംഘടനാ

---

[14] 19–ാം നൂററാണ്ടിൽ ജനിച്ച ഒരു റഷ്യൻ സാഹിത്യകാരനാണ് വ്ളഡിമീർ കൊറീലങ്കോ. 'മക്കാരിന്റെ സ്വപ്നങ്ങൾ,' 'അന്ധനായകൻ,' ചീത്തകൂട്ട്കെട്ട്,' 'ഘാതകൻ,' തുടങ്ങിയവയാണ് അദ്ദേഹത്തിന്റെ പ്രധാന നോവലുകൾ. ഒക്ടോബർ വിപ്ലവത്തിന്റെ വിജയത്തിനുശേഷം, നാല്കൊല്ലം കഴിഞ്ഞാണ് 1921 ൽ കൊറലെങ്കോ മരിച്ചത്.

യന്ത്രം വേണമെന്നും റോസ അഭിപ്രായപ്പെട്ടു. ഈ അഭിപ്രായത്തെപ്പററി കാറൽ ലിബ്ക്നെററും സഹപ്രവർത്തകരും വിശദമായി ചർച്ചകൾ നടത്തി. ഒടുവിൽ റോസലക്സംബർഗിൻെറ അഭിപ്രായം എല്ലാവരും അംഗീകരിച്ചു.

പുതിയ സംഘടനാരൂപം അംഗീകരിക്കാൻ ഒരഖില ജർമ്മൻ സമ്മേളനം രഹസ്യമായി ഉടനടി വിളിച്ചുകൂട്ടണമെന്ന റോസലക്സംബർഗിൻെറ നിർദ്ദേശവും സ്വീകരിക്കപ്പെട്ടു. 1916 ജനവരി ഒന്നിനു കാററൽ ലീബ്ക്നെററിൻെറ വക്കീലാഫീസിൽ വെച്ച് രഹസ്യമായിച്ചേർന്ന ആ യോഗത്തിൽ ജയിലിലായിരുന്നതുകൊണ്ട് റോസക്ക് പങ്കെടുക്കാനൊത്തില്ല. എങ്കിലും, ആ സമ്മേളനം അംഗീകരിച്ച മാനിഫെസ്റ്റോ, അവർ തടവുമുറിയിൽ വെച്ച് എഴുതി ജയിലധികൃതരുടെ കണ്ണുവെട്ടിച്ച് പുറത്തേക്ക് കടത്തിയതായിരുന്നു.

1915–ൽ സ്വിററ്സർലണ്ടിൽ വെച്ചുചേർന്ന സോഷ്യലിസ്റ്റുകാരുടെ സാർവ്വദേശീയ യുദ്ധവിരുദ്ധ സമ്മേളനത്തിൽ അവതരിപ്പിക്കാൻ തയ്യാറാക്കിയതായിരുന്നു ഈ മാനിഫെസ്റ്റോ. പക്ഷേ, ആ സമ്മേളനം നടക്കുമ്പോൾ അതവിടെ എത്തിക്കാൻ റോസയുടെ സഹപ്രവർത്തകർക്ക് സാദ്ധ്യമായില്ല

1916 ഫെബ്രുവരി രണ്ടാം വാരത്തിൽ റോസ സ്വതന്ത്രയായി. ജയിലിൽ നിന്നിറങ്ങിയ ദിവസം അവരെ കാണാനെത്തിയ സുഹൃത്തുക്കളുടെയും ആരാധകരുടെയും കുശലംപറച്ചിൽ കായികമായി അവരെ വളരെയധികം തളർത്തി. അന്ന് വളരെ പ്രയാസപ്പെട്ടിട്ടാണ് അവർ സംഭാഷണം നടത്തിയിരുന്നത്. രാത്രി അവർ അവശയായി കിടക്കയിൽ വീഴുകയാണുണ്ടായത്. എങ്കിലും പിറേറന്ന് നേരം പുലരുമ്പോഴേയ്ക്കും തൻെറ ഉന്മേഷം അവർ വീണ്ടെടുത്തുകഴിഞ്ഞിരുന്നു.

ഏകദേശം ഒരുകൊല്ലം മുമ്പ് താൻ ജയിൽമുറിയിൽ വെച്ചെഴുതിയതും രഹസ്യമായി പുറത്തേയ്ക്ക

യച്ച്യ കൊടുത്തതുമായ 'സോഷ്യൽ ഡമോക്രസിയുടെ കുഴപ്പം' എന്ന ലഘുലേഖയുടെ കയ്യെഴുത്തുപ്രതി അതേപടി തന്റെ വീട്ടിലെ മേശപ്പുറത്ത് ഇരിക്കുന്നത് റോസ കണ്ടു. പ്രതികൂലസാഹചര്യങ്ങൾ മൂലം അതു പ്രസിദ്ധപ്പെടുത്താൻ കഴിഞ്ഞിരുന്നില്ല. അതച്ചടിപ്പിക്കാനുള്ള എല്ലാ ഏർപ്പാടുകളും റോസ തന്നെ ചെയ്തു. ലഘുലേഖകർത്താവ് താൻ തന്നെയാണെന്ന് അച്ചടിക്കുവാനാണ് അവർ തീരുമാനിച്ചത്. ഇതറിഞ്ഞ ചില സുഹൃത്തുക്കൾ, അന്നത്തെ പരിതഃസ്ഥിതിയിൽ അതു ആത്മഹത്യാപരമായ വീരസാഹസികതയാണെന്നു പറഞ്ഞ് അവരെ വിലക്കി. അപ്പോഴാണ് 'ജൂനിയസ്'' എന്ന തൂലികാനാമം സ്വീകരിച്ചത്. ഈ തൂലികാനാമത്തിൽ റോസലക്സംബർഗ് എഴുതിയതും ജൂനിയസ് ലഘുലേഖകൾ എന്ന പേരിൽ പ്രസിദ്ധമായതുമായ ചെറുഗ്രന്ഥങ്ങൾ മാർക്സിയൻ വിജ്ഞാനഭണ്ഡാഗാരത്തിലെ വില പിടിപ്പുള്ള മുതൽക്കൂട്ടുകളായിട്ടാണ് ഇന്നും കരുതപ്പെടുന്നത്.

ആദ്യത്തെ ജൂനിയസ് ലഘുലേഖയായ സോഷ്യൽ ഡമോക്രസിയുടെ കുഴപ്പ'ത്തിന്റെ അച്ചടിയും വിതരണവും രഹസ്യമായിട്ടായിരുന്നു. എന്നിട്ടും അതിന്നു അനേകം പതിപ്പുകൾ വേണ്ടിവന്നു, അക്കാലത്തു തന്നെ.

മാർച്ച് രണ്ടാം വാരത്തിൽ, ഇൻറർനാഷണൽ ഗ്രൂപ്പിന്റെ പ്രതിനിധി സമ്മേളനം ചേർന്നു. ജർമ്മനിയിലെ വിവിധ വ്യവസായ കേന്ദ്രങ്ങളിൽ നിന്നുള്ള തൊഴിലാളിവർഗ പ്രതിനിധികളും സോഷ്യലിസ്റ്റ് യുവജനസംഘടനാപ്രവർത്തകരും ആരോഗ്യം ക്ഷയിച്ച റോസലക്സംബർഗിന് നവോന്മേഷം പ്രദാനം ചെയ്തു. അതോടൊപ്പം അവരുടെ ജോലിഭാരവും കൂടി. കത്തിടപാടുകൾക്കും ചർച്ചകൾക്കും സ്റ്റഡി ക്ലാസുകൾക്കും രഹസ്യയോഗങ്ങൾക്കും ലേഖനമെഴുത്തിനും യാത്രകൾക്കും മററുമായി ദിവസത്തിലെ ഇരുപത്തിനാലു മണിക്കൂറുകൾ തികയാതെയായി!

തങ്ങളുടെ വളർച്ചയെ അളക്കുവാൻ ഒരു ശക്തി പ്രകടനം ആവശ്യമാണെന്നു ഇൻറർനാഷനൽ ഗ്രൂപ്പ് നേതാക്കൾക്ക് തോന്നി. അതിനവർ അക്കൊല്ലത്തെ മേയ് ദിനമാണ് തിരഞ്ഞെടുത്തത്. മേയ് ഒന്നാം തീയതി രാവിലെ പത്തുമണിയാകുമ്പോഴേയ്ക്കും ബർലിൻ നഗരത്തിലെ വിവിധ ഭാഗങ്ങളിൽ നിന്നു വന്ന പതിനായിരത്തിലധികം ഫാക്ടറി തൊഴിലാളികൾ ഘോഷയാത്രയായി നഗരത്തിൻെറ ഹൃദയഭാഗത്തുള്ള മൈതാനത്തിലെത്തിച്ചേർന്നു. നിലവിലുള്ള നിരോധനാജ്ഞയെ അവഗണിച്ചുകൊണ്ടുള്ള യുദ്ധവിരുദ്ധ മുദ്രാവാക്യങ്ങൾ വിളിച്ചു പറഞ്ഞുനീങ്ങിയ ആ ഘോഷയാത്രയുടെ മുന്നിൽ പട്ടാളവേഷം ധരിച്ച കാറൽ ലിബ്ക്നെററും [15] റോസലക്സംബർഗും നടന്നിരുന്നു.

മൈതാനത്തു എത്തിയശേഷം 'യുദ്ധത്തെ എതിർക്കുക', 'സാമ്രാജ്യത്വ ഗവണ്മെൻറ് നശിക്കട്ടെ' എന്നീ മുദ്രാവാക്യങ്ങൾ വിളിച്ചുപറഞ്ഞുകൊണ്ട് പ്രസംഗമാരംഭിച്ച കാറൽ ലിബക്ക്നററിനെ അറസ്റ്റ് ചെയ്യാൻ സ്ഥലത്തു നേരത്തെതന്നെ എത്തിച്ചേർന്നിരുന്ന പോലീസുദ്യോഗസ്ഥൻമാർ ശ്രമിച്ചു. അപ്പോൾ കാറലിനെ തൻെറ പിന്നിലേക്ക് മാററിനിർത്തി മറയ്ക്കാൻ മുതിർന്ന റോസയെ പോലീസുകാർ തട്ടി താഴെയിട്ടു. തുടർന്ന്, ജനങ്ങളും പോലീസുകാരും തമ്മിൽ പൊരിഞ്ഞ അടി നടന്നു. അപ്പോഴേയ്ക്കും കുതിരപ്പട്ടാളം സ്ഥലത്തെത്തിയതുകൊണ്ട് മാത്രമാണ് കാറൽ ലിബ്ക്നെററിനെ കസ്റ്റഡിയിലെടുത്ത് പോലീസ് സ്റ്റേഷനിലേയ്ക്ക് കൊണ്ടുപോകാൻ പററിയത്. തുടർന്ന്, യുദ്ധവിരുദ്ധ മുദ്രാവാക്യങ്ങൾ വിളിച്ചുപ

---

[15] ജർമ്മനിയിൽ അക്കാലത്ത് നിലവിലിരുന്ന നിർബന്ധ പട്ടാളസേവന നിയമമനുസരിച്ച് കാറൽ ലീബ്ക്നെററ് അന്നു മിലിററിയിലായിരുന്നു. മിലിററിക്യാമ്പിൽ നിന്നാണദ്ദേഹം മേയ് ദിനപ്രകടനത്തിൽ പങ്കെടുക്കാനെത്തിയത്.

ഞ്ഞുകൊണ്ട് തൊഴിലാളികൾ ബെർലിനിലെ തെരുവുകളിൽ പ്രകടനം നടത്തി. രണ്ടു മണിക്കൂറിലധികം നീണ്ടുനിന്ന ഈ പ്രകടനസമയത്ത് പലയിടങ്ങളിലും വെച്ച് പോലീസുമായി ചെറിയ സംഘട്ടനങ്ങൾ നടന്നു.

ഒന്നാം ലോകമഹായുദ്ധം ആരംഭിച്ചശേഷം നടന്ന ആദ്യത്തെ യുദ്ധവിരുദ്ധ പ്രകടനമായിരുന്നു ഇത്. തണുത്തുറഞ്ഞ രാഷ്ട്രീയ അന്തരീക്ഷത്തെ ചൂട്പിടിപ്പിക്കാൻ ഇത് ഉപകരിച്ചു.

ഇതിന്നുശേഷം, സോഷ്യൽ ഡമോക്രാററിക്ക് പാർട്ടിയുമായുള്ള എല്ലാ ബന്ധങ്ങളും വിടുർത്തി, ഒരു സ്വതന്ത്രഗ്രൂപ്പായി പ്രവർത്തിക്കണമെന്ന് ഇൻറർനാഷനൽ ഗ്രൂപ്പിലെ പല സഖാക്കളും അഭിപ്രായപ്പെടാൻ തുടങ്ങി. ഈ അഭിപ്രായത്തെ റോസ ശക്തിയായി എതിർത്തു. നല്ല ബഹുജനാടിസ്ഥാനമുള്ള സോഷ്യൽ ഡമോക്രാററിക്ക് പാർടിക്കകത്തുനിന്നു പ്രവർത്തിക്കാൻ സാധ്യതയുള്ള കാലത്തോളം അതിൽനിന്നു വിട്ടുനില്ക്കാൻ പാടില്ലെന്നും, വിട്ടുനിന്നാൽ ജനങ്ങളിൽനിന്നും സംഘടിത തൊഴിലാളിവർഗ്ഗത്തിൽനിന്നും ഒററപ്പെടാനിടയാകുമെന്നുമായിരുന്നു അവരുടെ അഭിപ്രായം. പില്ക്കാലത്തു, വളരെയധികം വിമർശനത്തിന്നിടയാക്കിയതാണ് ഈ അഭിപ്രായം. റഷ്യയിൽ ലെനിൻ ചെയ്തതുപോലെ, തക്കസമയത്തു മാതൃസംഘടനയുമായുള്ള ബന്ധം വിടുർത്തി, സ്വതന്ത്രവിപ്ലവപാർട്ടി കെട്ടിപ്പടുക്കാൻ ശ്രമിച്ചിരുന്നെങ്കിൽ ജർമ്മനിയുടേയും ഒരു പക്ഷെ ലോകത്തിന്റെ തന്നെയും ചരിത്രത്തിന്റെ ഗതി മാറിയേനേ എന്ന് വിമർശകർ പറയുന്നു. പക്ഷേ, വിമർശകരിലധികം പേരും റോസ ലക്സംബർഗിന്റെ ആത്മാർത്ഥതയേയും വിപ്ലവത്തോടുള്ള കൂറിനേയും സംശയിക്കുകപോലും ചെയ്യാത്തവരായിരുന്നു.

**1916 ജൂലായി 10-ാം** തിയ്യതി റോസലക്സംബർഗ് വീണ്ടും അറസ്റ്റ് ചെയ്യപ്പെട്ടു. ഒരു സോഷ്യൽ

ഡമോക്രാററിക്ക് എം. പി. തന്നോട് നേരിട്ടാവശ്യപ്പെട്ടതനുസരിച്ചാണ് താൻ റോസയെ അറസ്റ്റ്ചെയ്തതെന്ന് പട്ടാളത്തലവനായ ഏർണസ്റ്റ് വോൺപ്രിസ്ബർഗ് പിന്നീടൊരിക്കൽ ഒരു കോടതിമുമ്പാകെ ബോധിപ്പിക്കുകയുണ്ടായി.

റോസയെ അറസ്റ്റ് ചെയ്തതിൻെറ പിറേറന്ന് 74 വയസ്സായ ഫ്രാൻസ് മെഹറിങ്ങും, ആയിടയ്ക്ക് ജയിൽ വിമോചിതനായ ഏർണസ്റ്റ് മേയറും തടവിലാക്കപ്പെട്ടു. ഇതിനെല്ലാം മുമ്പ് കാറൽ ലീബ്ക്നെററ് ജയിലിലായിക്കഴിഞ്ഞിരുന്നു പക്ഷേ, ഇതുകൊണ്ടൊന്നും ഇൻററർനാഷനൽ ഗ്രൂപ്പിൻെറ പ്രവർത്തനങ്ങൾ നിലച്ചില്ലെന്നു മാത്രമല്ല, പൂർവ്വാധികം ശക്തമാകുകയും ചെയ്തു. സൈക്ലോസ്റ്റയിൽ മെഷ്യനിൽ തയ്യാറാക്കി പ്രസിദ്ധീകരിച്ചിരുന്ന 'സ്പാർട്ടക്കസ് കത്തുകൾ' അച്ചടിച്ചു കൃത്യമായി പുറത്തുവരാൻ തുടങ്ങി. അത് ഒരു വാർത്താബുള്ളററിൻ എന്നതിലുപരി വിപ്ലവപ്രസ്ഥാനത്തിൻെറ നാവും സംഘാടകനുമായിത്തീർന്നു. അണ്ടർഗ്രൗണ്ട് പ്രവർത്തനങ്ങളുടെ ആശാനായിത്തീർന്ന ലിയോജ്യോഗിച്ച്, ഇൻറർനാഷനൽ ഗ്രൂപ്പിൻെറ നേതൃത്വമേറെറടുത്തതാണ് ഇതിന്നു കാരണം.

ഏതെങ്കിലും പ്രത്യേകകുററത്തിന്നു ശിക്ഷിക്കപ്പെട്ടവൾ എന്ന നിലയിലല്ല, കരുതൽ തടങ്ങൽ തടവുകാരി എന്ന നിലയിലാണ് ഇത്തവണ റോസലക്സംബർഗിനെ സ്ത്രീകൾക്കുള്ള മിലിററി ജയിലിൽ പാർപ്പിച്ചിരുന്നത്. 'സ്പാർട്ടക്കസ് ലെറേറഴ്സി'ൻെറ ഓരോ ലക്കത്തിലേയ്ക്കുമുള്ള മാററർ തയ്യാറാക്കാൻ തൻെറ സമയത്തിൽ നല്ലപങ്ക് അവരുപയോഗിച്ചു. ചില ലക്കങ്ങളുടെ മുഴുവൻ പേജുകളിലേയ്ക്കും അവർ തന്നെയാണ് എഴുതിയിരുന്നത്. ഇത് പുറത്തുള്ള സഖാക്കൾക്കെത്തിക്കാനുള്ള സംവിധാനം ലിയോജ്യാഗിച്ച് ഉണ്ടാക്കിയിരുന്നു.

പുറത്തുള്ള വിപ്ലവകാരികളുമായി റോസ ബന്ധപ്പെടുന്നുവെന്നു സംശയംതോന്നിയ അധികൃതർ അവരെ

ബർലിനിലെ ടൗൺ പോലീസ് സ്റ്റേഷനിലെ ലോക്കപ്പ് മുറികളിലൊന്നിലേയ്ക്ക് മാററി. പതിനൊന്ന് ക്യൂബിക്ക് മീററർ മാത്രം വിസ്താരമുള്ള, പൊടിയും മാറാലയും നിറഞ്ഞ, ഉറുമ്പ് തുടങ്ങിയ ചെറുപ്രാണികൾ അരിച്ചുനടന്നിരുന്ന ഈ തടവുമുറിയിൽ വിളക്കുണ്ടായിരുന്നില്ല. വൈകുന്നേരം 6 മണി ആകുമ്പോഴേയ്ക്കും ഇരുട്ടാകും. ലോക്കപ്പ് മുറികൾക്ക് മുമ്പിലുള്ള ഇടനാഴിയിലൂടെ, തോക്കും പിടിച്ചുനടക്കുന്ന കാവൽക്കാരുടെ കനത്ത ബൂട്സിൻെറ ശബ്ദവും മററു ലോക്കപ്പ് മുറികൾ തുറക്കുമ്പോഴും പൂട്ടുമ്പോഴുമുള്ള താക്കോൽക്കൂട്ടത്തിൻെറ കിലുക്കവും രാത്രിമുഴുവൻ ശല്യപ്പെടുത്തിക്കൊണ്ടിരിക്കും. ടൗൺ പോലീസ് സ്റ്റേഷൻ റയിൽവെപ്പാതയുടെ തൊട്ടരികിലായിരുന്നതുകൊണ്ട് തീവണ്ടി ഓടുമ്പോഴുള്ള കുലുക്കവും ശബ്ദവും ഇതിനെല്ലാം പുറമെയായിരുന്നു.

'നരകം' എന്നു റോസ ഒരു കത്തിൽ വിശേഷിപ്പിച്ച ഈ ലോക്കപ്പ്മുറിയിൽ ഒന്നരമാസക്കാലമാണ് അവരെ പാർപ്പിച്ചത്. ആ ചുരുങ്ങിയ കാലത്തിനുള്ളിൽ അവർ കായികമായി തികച്ചും അവശയായിക്കഴിഞ്ഞിരുന്നു

ബർലിനിൽനിന്നു വളരെ അകലെയുള്ള പോസ്ൻ സംസ്ഥാനത്തിലെ വ്രോങ്ക് കോട്ടയിലേയ്ക്കാണ് പിന്നീട് അവരെ മാററിയത്. നാട്ടിൻപുറത്ത് സ്ഥിതി ചെയ്യുന്ന ഈ തടങ്ങൽ ക്യാമ്പിൽ സ്ഥിതിഗതികൾ താരതമ്യേന ഭേദമായിരുന്നു. പകൽ സമയം ലോക്കപ്പ് ചെയ്യാത്തതുകൊണ്ട് ജയിൽമുററത്ത് തൻെറ വകയായി ഒരു കൊച്ചു പൂന്തോട്ടമുണ്ടാക്കാനും ആകാശനീലിമ ആസ്വദിക്കാനും കിളികളുടെ കളകൂജനം കേൾക്കാനും അവർക്ക് സൗകര്യപ്പെട്ടിരുന്നു. ഇതിനിടയിലാണ്, റഷ്യയിൽ ഫെബ്രുവരി വിപ്ലവം വിജയിച്ചുവെന്ന വാർത്ത കേട്ടത്. ഇതെല്ലാം റോസലക്സംബർഗിൻെറ മാനസികോന്മേഷത്തേയും കായികാരോഗ്യത്തേയും വീണ്ടെടുക്കാൻ കുറേയേറെ സഹാ

യിച്ചു.

റഷ്യൻ ജനത സാർ ചക്രവർത്തിയുടെ ഭരണത്തെ തൂത്തെറിഞ്ഞുവെന്നു കേട്ടയുടൻ, ഒരു റഷ്യൻ പ്രജയായ തന്നെ റഷ്യയിലേയ്ക്ക് പോകാൻ അനുവദിക്കണമെന്നു ജർമ്മൻ ഗവൺമെൻറിനോടപേക്ഷിക്കാൻ റോസ ആലോചിച്ചു. എങ്ങിനെയെങ്കിലും 'ചുകപ്പ് റോസ'യുടെ ശല്യം ഒഴിവായിക്കിട്ടിയാൽ മതിയെന്നു കരുതി. ഈ അപേക്ഷ ജർമ്മൻ ഭരണാധികാരികൾ അനുവദിക്കുമായിരുന്നു ആത്മാർത്ഥമായിട്ടല്ലെങ്കിലും, ലോകരെ ബോധ്യപ്പെടുത്താൻവേണ്ടി ആ വിപ്ലവകാരിയെ റഷ്യയിലെ കെറൻസ്കി ഗവൺമെൻറ് സ്വാഗതം ചെയ്യുമായിരുന്നു

എന്നാൽ തന്നെ വിശ്വസിച്ച്, എല്ലാം ത്യജിച്ചു പോരാടാൻ തയ്യാറായവരെ സമരാങ്കണത്തിൽ വിട്ടു പോകുന്നത് വിപ്ലവകരമായ മാന്യതക്ക് ചേർന്നതല്ലെന്നു തോന്നിയതിനാൽ മുൻപറഞ്ഞ അപേക്ഷ സമർപ്പിക്കയുണ്ടായില്ല

1916 ജൂലായിൽ റോസയെ ബ്രഡ്ലോവ് എന്ന സ്ഥലത്തെ ജയിലിലേയ്ക്ക് മാററി. ഇതു ശരിക്കും കാരാഗൃഹം തന്നെയായിരുന്നു. രാവിലേയും വൈകുന്നേരവും കുറച്ച് സമയം മാത്രം ഇടുങ്ങിയ ജയിൽമുററത്തു നടക്കാം. ബാക്കിസമയം മുഴുവൻ പൂട്ടിയിട്ട സെല്ലിൽ കഴിച്ചു കൂട്ടണം. ജയിലിലെ ഏകാന്തത ഒഴിവാക്കാൻ പുസ്തകങ്ങളായിരുന്നു കൂട്ടുകാർ. 'അപകടകരമായ വിപ്ലവസാഹിത്യം' എന്നു ജയിലധികൃതർക്ക് തോന്നാത്തതെന്തും വായിക്കാൻ അവരെ അനുവദിച്ചുരുന്നു. ഇംഗ്ലീഷ്-ഫ്രഞ്ച്-റഷ്യൻ-പോളിഷ്-ജർമ്മൻ ഭാഷകളിലെ ക്ലാസിക്കുകളും സമകാലീന സാഹിത്യസൃഷ്ടികളും അവർ വായിച്ചു കൊണ്ടിരുന്നു കൂട്ടത്തിൽ ഭൂഗർഭശാസ്ത്രഗ്രന്ഥങ്ങളും. നാച്ചറൽ സയൻസിലുണ്ടായിരുന്ന പഴയ കമ്പം അവരിലുണർന്നു. പല തരം പക്ഷികളുടെ കളകൂജനങ്ങൾ കേൾക്കുന്നതിലും ഉറുമ്പുകൾ ചുമരിൻമേൽ ചാലിടു

ന്നതു ശ്രദ്ധിയ്ക്കുന്നതിലുമെല്ലാം അവർ ആനന്ദം കണ്ടെത്തി. പുറത്തുള്ള സുഹൃത്തുക്കൾക്ക് കത്തുകളെഴുതൽ അവരുടെ മറെറാരു ഹോബിയായിരുന്നു. ഓരോരുത്തരോടും അവരുടെ വ്യക്തിപരമായ കാര്യങ്ങളെപ്പററി നേരിട്ടു സംസാരിക്കുന്ന വിധത്തിലുള്ള ഹൃദയസ്പർശിയായ കത്തുകളാണ് അവരെഴുതിയിരുന്നത്.

നുകളിൽപ്പറഞ്ഞതെല്ലാം തന്റെ ഒഴിവ്സമയ വിനോദങ്ങളായിട്ടാണ് ആ തടവുകാരി കണ്ടത്. താത്വികപ്രവർത്തനങ്ങളെയാണ് തന്റെ ജോലിയായി അവർ കരുതിയത് 'ധനശാസ്ത്രത്തിനൊരു മുഖവുര' എന്ന ഗ്രന്ഥം പൂർത്തിയാക്കുന്നതിൽ അവർ മുഴുകി. വൈവിധ്യത്തിന്നുവേണ്ടി, കൊറലെങ്കോവിന്റെ നോവലുകളുടെ വിവർത്തനത്തിലും പോളണ്ടിന്റെ ചരിത്രമെഴുത്തിലും ഏർപ്പെട്ടു.

ഇതിനിടയിലാണ്. റഷ്യയിൽ സോഷ്യലിസ്റ്റ് വിപ്ലവം വിജയിച്ചു എന്ന വാർത്ത ജയിലിലെത്തിയത്. ആഹ്ലാദഭരിതയായ റോസലക്സംബർഗ് ഒക്ടോബർ വിപ്ലവത്തെ പ്രകീർത്തിച്ചും വിശകലനം ചെയ്തും കൊണ്ടുള്ള ലേഖനങ്ങൾ എഴുതാൻ ആരംഭിച്ചു. അവരെഴുതി: ''ചരിത്രത്തിന്റെ നിർണ്ണായക മുഹൂർത്തത്തിൽ ഒരു വിപ്ലവപാർട്ടിക്കുണ്ടാകേണ്ട ധൈര്യം, ഉത്സാഹത്തിമർപ്പ്, വിപ്ലവപരമായ ദീർഘദൃഷ്ടി, സ്ഥിരത— ഇവയെല്ലാം ധാരാളമായി ലെനിനും സഖാക്കളും നേടി പടിഞ്ഞാറൻ നാടുകളിലെ സോഷ്യൽ ഡമോക്രസിക്കില്ലാത്ത എല്ലാ വിപ്ലവപരമായ മാന്യതയും പ്രവർത്തിക്കാനുള്ള കഴിവും ബോൾഷെവിക്കുകൾക്കുണ്ട്. വാസ്തവത്തിൽ ഒക്ടോബർ കലാപം റഷ്യൻ വിപ്ലവത്തെ മാത്രമല്ല രക്ഷിച്ചത്; സാർവ്വദേശീയ സോഷ്യലിസത്തിന്റെ അഭിമാനത്തേയും അതു രക്ഷിച്ചു.'' [16]

---

16 'റഷ്യൻ റവലൂഷൻ — എ ക്രിട്ടിക്കൽ അപ്രിസിയേഷൻ' റോസലക്സംബർഗ് പേപ്പേഴ്സിൽനിന്ന്.

ബോൾഷെവിക്ക് ഗവർമെണ്ടിന്റെ ചില ചെയ്തികളോട് റോസക്ക് വിയോജിപ്പുണ്ടായിരുന്നു. അതു തുറന്നുപറയാതിരിക്കുന്നതു ബുദ്ധിപരമായ സത്യസന്ധതയല്ലെന്നു അവർ കരുതി. വിമർശനം കുറെ കൂടിപ്പോയി എന്നു പത്രാധിപസമിതിക്ക് തോന്നിയ ഒരു ലേഖനം 'സ്പാർട്ടക്കസ് ലെറേറഴ്സ്' പ്രസിദ്ധീകരിച്ചില്ല. ഇത്തരം ലേഖനങ്ങൾ ഈയവസരത്തിൽ ഉദ്ദേശത്തിലല്ലെങ്കിലും ഫലത്തിൽ വിപ്ലവത്തിന്റെ ശത്രുക്കൾക്ക് സഹായകരമാകുമെന്നു റോസയെ ബോദ്ധ്യപ്പെടുത്തി കൊടുക്കാൻവേണ്ടി, പോൾലെവി ബ്രോസ്‌ലൗ ജയിലിൽ ചെന്നു അവരെ സന്ദർശിച്ചു. പോൾലെവിയുടെ അഭിപ്രായങ്ങൾ സശ്രദ്ധം കേട്ടശേഷം ബോൾഷെവിക്ക് ഗവൺമെന്റിനെ വിമർശിക്കുന്ന തന്റെ ലേഖനം പ്രസിദ്ധീകരിക്കേണ്ട എന്നു റോസ പറഞ്ഞു. തന്റെ അഹന്തയെക്കാളും വ്യക്തിനിഷ്ഠമായ അഭിപ്രായങ്ങളെക്കാളും ഉപരിയായി, വിപ്ലവത്തിന്റെ താൽപര്യങ്ങൾക്കാണ് 'ചുകപ്പ് റോസ' പ്രാധാന്യം നല്കിയിരുന്നത് എന്നതിനു ഒരു തെളിവ് കൂടിയാണിത്.

പോൾലെവി മടങ്ങിപ്പോയതിനുശേഷം റോസലക്സംബർഗ് റഷ്യൻ വിപ്ലവത്തെപ്പററി ഒരു സുദീർഘ ലേഖനമെഴുതി. ആ കയ്യെഴുത്തുപ്രതിയോടൊപ്പം പോൾലെവിക്കയച്ച കത്തിൽ ഇങ്ങനെ എഴുതി: ''ഞാൻ ഈ ലേഖനം നിങ്ങൾക്കുവേണ്ടി മാത്രമാണ് എഴുതിയിട്ടുള്ളത്. താങ്കളെ ബോദ്ധ്യപ്പെടുത്താൻ കഴിഞ്ഞാൽ, എന്റെ പ്രയത്നം വൃഥാവിലായില്ലെന്ന് എനിക്ക് സമാധാനിക്കാം'' തന്റെ മരണംവരെ ഈ ലേഖനം പ്രസിദ്ധപ്പെടുത്താൻ റോസ സ്വയം ശ്രമിക്കുകയോ ആരോടെങ്കിലും അതിനാവശ്യപ്പെടുകയോ ചെയ്തിട്ടില്ല. പക്ഷേ, 1922–ൽ ജർമ്മൻ കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ നിന്നും കമ്മ്യൂണിസ്റ്റ് ഇൻറർനാഷനലിൽ നിന്നും പുറന്തള്ളപ്പെട്ടതിന്നുശേഷം റോസലക്സംബർഗിന്റെ ഈ ലേഖനം ഒരു ലഘുലേഖയായി പോൾ

ലെവി പ്രസിദ്ധീകരിച്ചു.

ജയിൽ വിമുക്തയായശേഷം ബോൾഷെവിക്ക് ഗവൺമെൻറിന്റെ ചെയ്തികളെപ്പററി വിശദമായും വസ്തുനിഷ്ഠമായും മനസ്സിലാക്കാൻ കഴിഞ്ഞപ്പോൾ, തന്റെ വിമർശനങ്ങളിൽ പലതും നിലനില്ക്കത്തക്കതല്ലെന്ന് റോസലക്സംബർഗിന് ബോദ്ധ്യപ്പെട്ടതായി പറയപ്പെടുന്നു. എങ്കിലും ദേശങ്ങളുടെ സ്വയം നിർണ്ണയാവകാശ പ്രശ്നത്തിൽ ലെനിന്റെയും ബോൾഷെവിക്ക് പാർട്ടിയുടെയും അഭിപ്രായങ്ങൾ ശരിയല്ലെന്ന നിലപാടിൽ അന്ത്യംവരെയും റോസ ഉറച്ചു നിന്നു.

റഷ്യൻ വിപ്ലവത്തെപ്പററി റോസലക്സംബർഗ് പോൾലെവിക്ക് എഴുതി അയച്ച ലേഖനം, അവരുടെ മരണശേഷമാണ് ലിയോജ്യോഗിച്ച് വായിച്ചത്. അത് പ്രസിദ്ധീകരിക്കരുതെന്നും തീയിട്ട് ചുടുകയാണ് വേണ്ടതെന്നും അദ്ദേഹം തന്നോട് പറഞ്ഞതായി പ്രസ്തുതലഘുലേഖയുടെ മുഖവുരയിൽ പോൾലെവി തന്നെ പ്രസ്താവിച്ചിട്ടുണ്ട്. ബോൾഷെവിക്ക് ഭരണകൂടത്തിന്റെ ചില നടപടികളെപ്പററി ആദ്യമുണ്ടായിരുന്ന എതിരഭിപ്രായങ്ങളിൽ നിന്ന് റോസ മാറിയെന്ന സത്യം അറിയാവുന്നതുകൊണ്ടാണ് ലിയോജ്യോഗിച്ച് ഇങ്ങനെ പറഞ്ഞതെന്ന് 'റഷ്യൻ വിപ്ലവത്തോടുള്ള റോസലക്സംബർഗിന്റെ നിലപാടിനെപ്പററി' എന്ന ശീർഷകത്തിൽ ക്ലാരാസെട്കിൻ രചിച്ച പുസ്തകത്തിൽ എഴുതിയിട്ടുള്ളത് ഇത്തരുണത്തിൽ പ്രസ്താവ്യമാണ്.

റഷ്യൻ വിപ്ലവത്തെപ്പററി ഒരു ബൃഹദ്ഗ്രന്ഥം തന്നെ രചിക്കാൻ റോസലക്സംബർഗിനു പ്ലാനുണ്ടായിരുന്നുവെന്ന് ലിയോജ്യോഗിച്ച് എഴുതിയ ചരമക്കുറിപ്പിലും ക്ലാരാസെട്കിന്റെ മുൻപറഞ്ഞ പുസ്തകത്തിലും പ്രസ്താവിച്ചിട്ടുണ്ട്.

റഷ്യൻവിപ്ലവത്തിന്റെ വിജയംമൂലം ആഹ്ലാദത്തിന്റെ പാരമ്യത്തിലായിരുന്ന റോസയെ ദുഃഖസാഗരത്തിലാഴ്ത്തിയ ഒരു വാർത്ത ജയിലിലെത്തി;

തന്റെ ഏററവും അടുത്തസുഹൃത്തായിരുന്ന ഡോക്ടർ ഡീഫൻബോച്ച് യുദ്ധരംഗത്തുവെച്ച് മരണപ്പെട്ടുവെന്ന്. ഈ വാർത്ത ആ ധീരവനിതയുടെ ഹൃദയത്തിലുണ്ടാക്കിയ മുറിവ് പിന്നീടൊരിക്കലും ഉണങ്ങിയില്ല.

1918 പിറന്നപ്പോഴേയ്ക്കും റോസലക്സംബർഗിന്റെ ജയിൽജീവിതം കൂടുതൽ ദുരിതമായി. അവരുടെ കത്തിടപാടുകളിലെ സെൻസറിങ്ങ് കൂടുതൽ കർശനമായി. ഉററസുഹൃത്തിന്റെ മരണമുണ്ടാക്കിയ വ്യഥയും തുടർച്ചയായ ഏകാന്തതടവും അവരെ രോഗശയ്യയിലാക്കി. ചികിത്സക്ക്വേണ്ടി തനിക്ക് പരോൾ അനുവദിക്കണമെന്ന അവരുടെ അപേക്ഷ നിഷ്കരുണം തള്ളപ്പെട്ടു. അതുസംബന്ധിച്ച്, കാറൽലിബ്ക്നെററിന്റെ ഭാര്യയും തന്റെ സ്നേഹിതയുമായ സോനജക്ക് മാർച്ച മാസത്തിൽ റോസ എഴുതി: 'ലോകത്തെ മുഴുവൻ നമ്മാം പരാജയപ്പെടുത്തുന്നതുവരെ എനിക്കിവിടെ കഴിയേണ്ടിവരുമെന്ന് തോന്നുന്നു.'

'ആങ്ങ്സൈററിന്യൂറോസിസ്' എന്ന് മനഃശാസ്ത്രജ്ഞന്മാർ പറയുന്ന തരത്തിലുള്ള ഒരസുഖം ആ വിപ്ലവകാരിയെ ബാധിച്ചു. തനിക്ക് ഏററവും ഇഷ്ടപ്പെട്ടവരിൽ ആർക്കെങ്കിലും ആപത്തുസംഭവിച്ചു എന്ന് സദാ തോന്നുക—ഇതായിരുന്നു ആ രോഗത്തിന്റെ സ്വഭാവം. ക്ലാരാസെട്കിന്റെ കത്ത് കിട്ടാൻ വൈകിയതിനെത്തുടർന്ന്. യുദ്ധരംഗത്തേക്ക് പോയ അവരുടെ ആൺമക്കാൾക്ക് എന്തെങ്കിലും ആപത്ത് സംഭവിച്ചുവോ എന്ന് പരിഭ്രാന്തയായ റോസ ജൂലായ് 25 ന് ലൂസിയാകൗട്സ്കിക്ക് എഴുതി: ''എനിക്കെന്തുസംഭവിച്ചാലും അത് നേരിടാൻ വേണ്ടത്ര ധൈര്യം എന്നിലുണ്ട്. പക്ഷേ, മററുള്ളവരുടെ—ക്ലാരയുടെയും മററും ദുഃഖങ്ങൾ കൂടിപ്പേറാനുള്ള ശക്തിയും ധൈര്യവും എനിക്കില്ല.''

## ജനകീയമുന്നേററം

ദൈനംദിനം മോശമായി വരുന്ന തങ്ങളുടെ ജീവിതനിലയിൽ പ്രതിഷേധിച്ചും ജനാധിപത്യപരിഷ്കാരങ്ങൾ നടപ്പിലാക്കാനാവശ്യപ്പെട്ടുകൊണ്ടും ജർമ്മനിയിലെ 20 നഗരങ്ങളിലെ തൊഴിലാളികൾ 1918 ജനവരി അവസാനവാരത്തിൽ പണിമുടക്ക് ആരംഭിച്ചു. ബർലിൻ നഗരത്തിൽ അഞ്ചുലക്ഷം തൊഴിലാളികളാണ് പണിമുടക്കിയത്. ഇതിനെ മർദ്ദനത്തിൻെറ സ്റ്റീം റോളർ ഉരുട്ടിക്കൊണ്ടാണ് ഭരണാധികാരികൾ നേരിട്ടത്. സ്പാർട്ടക്കസ് ലീഗിൻെറ പല പ്രധാനപ്രവർത്തകരും ഇരുമ്പഴിക്കുള്ളിലായി. മാർച്ച് മാസത്തിൽ പ്രധാനസംഘാടകനായ ലിയോജ്യോഗിച്ച് അറസ്റ്റ് ചെയ്യപ്പെട്ടു. ഇതോടുകൂടി സ്പാർട്ടക്കസ് ലീഗിൻെറ ദേശീയനേതൃത്വത്തിലെ ഒന്നു രണ്ടു പേർ മാത്രമേ പുറത്ത് അവശേഷിച്ചുള്ളൂ. ഭരണകൂടത്തിന്നെതിരായ എതിർപ്പ് നിലച്ചുവെന്ന നിലയായി.

ഈ സംഭവവികാസങ്ങൾ റോസലക്സംബർഗിനെ വല്ലാതെ ദുഃഖിപ്പിച്ചു. ജർമ്മനിയിൽ വിപ്ലവം നടക്കുകയില്ല എന്നതിലുപരി, അതു നടക്കാതിരുന്നാൽ ഒക്ടോബർ വിപ്ലവത്തിൻെറ നേട്ടങ്ങൾ നിലനിർത്താൻ റഷ്യയിലെ ബോൾഷെവിക്ക് സർക്കാരിനു കഴിയുകയില്ലല്ലോ എന്ന ചിന്തയാണ് അവരുടെ മനസ്സിനെ മഥിച്ചത്.

ജർമ്മൻ ജനതയുടെ നിഷ്ക്രിയത്വം കൊടുങ്കാററിന്നു മുന്നിലെ ശാന്തതയായിരുന്നുവെന്നു അധികം താമസിയാതെ തെളിഞ്ഞു. ഫാക്ടറികളും പട്ടാള ബാരക്കുകളും രഹസ്യപ്രവർത്തനങ്ങളുടെ കേന്ദ്രങ്ങളായി.

തീവ്രവാദികൾ വിപ്ലവാശയങ്ങൾ ജനങ്ങൾക്കിടയിൽ പ്രചരിപ്പിച്ചു. ആയിരകണക്കിനാളുകൾ പട്ടാളത്തിൽ നിന്നു ഒളിച്ചോടി. തീവ്രവാദികൾ വിപ്ലവാശയങ്ങൾ ജനങ്ങൾക്കിടയിൽ രഹസ്യമായി പ്രചരിപ്പിച്ചു. ഈ ഘട്ടത്തിലാണ് ഒരു സംയുക്ത ദേശീയസമ്മേളനം രഹസ്യമായി ചേർന്നത്. 'സ്പാർട്ടക്കസ് ലീഗി'ന്നു പുറമേ, അവരുമായി സഹകരിച്ചിരുന്ന 'വർക്കേഴ്സ് പൊളിട്ടിക്സ്' എന്ന തീവ്രവാദിഗ്രൂപ്പുമായിരുന്നു ഒക്ടോബർ ഒന്നിനു നടന്ന ഈ സമ്മേളനത്തിൽ പങ്കെടുത്തത്. വരാൻ പോകുന്ന ജർമ്മൻ വിപ്ലവത്തിൻെറ യുദ്ധ കൗൺസിൽ ആയിരുന്നു അത്. പ്രവർത്തനങ്ങൾക്കുള്ള പരിപാടിയുടെ കാര്യത്തിൽ ഈ സമ്മേളനത്തിൽ പങ്കെടുത്തവർ യോജിപ്പിലെത്തി. പട്ടാളക്കാർക്കിടയിൽ രാഷ്ട്രീയപ്രവർത്തനം വ്യാപകമാക്കാനും തൊഴിലാളികളുടേയും പട്ടാളക്കാരുടേയും കൗൺസിലുകൾ (റഷ്യയിലെ സോവ്യററുകൾക്ക് തുല്യമായത്) എല്ലായിടത്തും സ്ഥാപിക്കാനും സമ്മേളനം തീരുമാനിച്ചു.

ഇതിനിടയിൽ ഭരണാധികാരികളുടെ ഇടയിലുള്ള കുഴപ്പങ്ങളും സിമ്പത്തികകുഴപ്പങ്ങളും ഒരുപോലെ മൂർച്ഛിച്ചു. അതിനെ തരണം ചെയ്യാൻ ഒരു പാർലിമെൻററി ഗവൺമെൻറ് രൂപീകരിക്കപ്പെട്ടു. ആ ഗവൺമെൻറിൽ, വലതുപക്ഷ സോഷ്യലിസ്റ്റ് നേതാവായ ഫിലിപ്പ് ഷീഡ്മാനുമുണ്ടായിരുന്നു. പക്ഷേ, ഇതെല്ലാം ഇരുട്ടുകൊണ്ട് ഓട്ടയടക്കൽ മാത്രമായിരുന്നു.

പനിയും മാനസികപ്രയാസങ്ങളും മൂലം സ്വാസ്ഥ്യത നഷ്ടപ്പെട്ട റോസലക്സംബർഗ്, തന്നെ നിരുപാധികം മോചിപ്പിക്കാൻ പുതിയ പ്രധാനമന്ത്രിക്ക് നേരിട്ടെഴുതി. അതിന്നു മറുപടി കിട്ടിയില്ലെങ്കിലും, ഒക്ടോബർ 18-ാം തീയ്യതി സോനജക്ക് എഴുതിയ കത്തിൽ, കാറൽ ലിബ്ക്നെററും താനും ജനകീയ ശക്തിയുടെ സമ്മർദ്ദം മൂലം വിമോചിതരാകുന്ന ദിനം വിദൂരമല്ലെ

ന്നു പ്രസ്താവിച്ചിരുന്നു.

തൻെറ കത്തിന്നു പ്രധാനമന്ത്രി മറുപടി അയക്കാത്തതിൽ പ്രതിഷേധിച്ച്, മേലിൽ താൻ അധികൃതരുടെ മുമ്പിൽ വെച്ച് സന്ദർശകരുമായി സംസാരിക്കുകയില്ലെന്നു റോസ ജയിലധികൃതരേയും ഗവൺമെൻറിനേയും അറിയിച്ചു.

ഒക്ടോബർ 20-ാം തിയ്യതി രാഷ്ട്രീയത്തടവുകാർക്ക് പൊതുമാപ്പ് പ്രഖ്യാപിക്കപ്പെട്ടു. പക്ഷേ, അതിൽ റോസ ഉൾപ്പെട്ടില്ല. സർക്കാരിൻെറ ദൃഷ്ടിയിൽ ആ വിപ്ലവകാരി തടവുകാരിയായിരുന്നില്ല; ഒരു കരുതൽ നടപടിയെന്ന നിലയിൽ സ്വാതന്ത്ര്യം തടഞ്ഞു വെക്കപ്പെട്ടവൾ മാത്രം. പുണ്ണിൽ അമ്പ് തറയ്ക്കുക എന്ന് പറയുന്നതു പോലെ തടങ്ങൽ കാലം മൂന്നു മാസത്തേയ്ക്ക് കൂടി നീട്ടിയ കല്പന റോസക്ക് ലഭിക്കുകയും ചെയ്തു അപ്പോൾ, അമർഷവും അസ്വസ്ഥതയും ഉള്ളിൽ കത്തി ജ്വലിച്ചെങ്കിലും ബാഹ്യമായി അവർ ശാന്തത പ്രകടിപ്പിച്ചു. കുറഞ്ഞ ദിനങ്ങൾക്കകം താൻ വിമോചിതയാകുമെന്നു അവർക്ക് ഉറച്ച ബോധ്യമുണ്ടായിരുന്നു. സ്ഥിതിഗതികൾ അത്രയും വേഗത്തിലാണ് മാറിക്കൊണ്ടിരുന്നത്. പല യുദ്ധമുന്നണികളിലും ജർമ്മൻ സേന തോറോടി. ജർമ്മനിയിലെ യഥാർത്ഥ ഭരണാധികാരിയായ ലൂഡൻഡോർഫ് ഒരു കള്ള പാസ്പോർട്ടുമായി ഒക്ടോബർ 26ന്ന് നാട് വിട്ടു. എൺപതിനായിരം നാവികപ്പടയാളികളുടെ ജീവനാശത്തിനിടയാക്കിയ തെററായ ഒരു യുദ്ധതന്ത്രത്തെത്തുടർന്ന് നാവികസേനയാകെ കലാപത്തിന്നൊരുങ്ങി, ഇതിനെത്തടയാൻ, അറുനൂറ് നാവികരെ അറസ്റ്റ് ചെയ്തതു വെടിമരുന്നറയിൽ തീപ്പൊരി വീഴലായിത്തീർന്നു. നാവികരോട് അനുഭാവം പ്രകടിപ്പിക്കാൻ കീൽ എന്ന തുറമുഖപട്ടണത്തിലെ തൊഴിലാളികൾ പണിമുടക്കി തെരുവിലിറങ്ങി. നവമ്പർ 4 ന്ന കീലിലെ ഗവർണർ രാജി വെച്ചു. അപ്പോഴേയ്ക്കും ആ നഗരം 'വർക്കേഴ്സ് ആൻറ് സെയ്ലേഴ്സ് കൗൺസിലി'ൻെറ

നിയന്ത്രണത്തിലായി. വിപ്ലവത്തിൻെറ തീജ്വാലകഠ മററു നഗരങ്ങളിലും ആളിക്കത്താൻ തുടങ്ങി.

നവംബർ 9 ന്ന് ബർലിനിലെ തൊഴിലാളികളാകെ ഫാക്ടറികഠവിട്ട് തെരുവിലിറങ്ങി. ആഭ്യന്തരസമാധാനം സ്ഥാപിക്കാൻ ചുമതലപ്പെടുത്തിയിരുന്ന സേനവിഭാഗങ്ങളുടെ ഓഫീസർമാർ സ്ഥലംവിട്ടു. തുടർന്ന്, ചക്രവർത്തിയായ വിൽഹം രണ്ടാമൻ ഹോളണ്ടിലേയ്ക്ക് പാലായനം ചെയ്തു. കൈസർ (ചക്രവർത്തി) സ്ഥാനത്യാഗം ചെയ്യുമെന്ന് ചാൻസലർ (പ്രധാനമന്ത്രി) പ്രിൻസ് മാക്സ് പ്രസ്താവിച്ചു. പിന്നീടദ്ദേഹം ചാൻസലർസ്ഥാനം വലതുപക്ഷ സോഷ്യലിസ്റ്റ് നേതാവായ ഫ്രെഡറിക്ക് എബർട്ടിനെ ഏല്പിച്ചു. 'ഒരു കഠിന പാപത്തെയെന്നോണം ഞാൻ വിപ്ലവത്തെ വെറുക്കുന്നു'വെന്ന് പരസ്യമായി പ്രഖ്യാപിച്ചുകൊണ്ടാണ് ആ സോഷ്യലിസ്റ്റ് നേതാവ് ചാർജെജടുത്തത്.!

അന്നുതന്നെ ഒരു വമ്പിച്ച ജനക്കൂട്ടം ഭരണകൂടത്തിൻെറ ആസ്ഥാനമായ ഇമ്പീരിയൽ കൊട്ടാരത്തിലേക്ക് നീങ്ങി. ആ കെട്ടിടത്തിൻെറ ബാൽക്കണിയിൽ കയറിനിന്നുകൊണ്ട് കാറൽ ലിബ്ക്നെററ് പ്രഖ്യാപിച്ചു: 'ജർമ്മൻ സോഷ്യലിസ്റ്റ് റിപ്പബ്ലിക്ക് ഇന്നുമുതൽ രൂപംകൊണ്ടിരിക്കുന്നു.' പല സർക്കാരോഫീസുകളും വിപ്ളവകാരികഠ വൈശപ്പെടുത്തി. ജയിലുകഠ ജനങ്ങഠ ബലമായി തുറപ്പിച്ചു; ആയിരകണക്കിൽ തടവുകാരെ സ്വതന്ത്രരാക്കി.

നവംബർ 7-ാം തിയ്യതി തന്നെ, ബ്രസാലു ജെയിലും ജനങ്ങഠ വളഞ്ഞു. റോസലക്സംബർഗ് തുറക്കപ്പെട്ട ഇരുമ്പഴികഠക്കുള്ളിൽ നിന്നു പുറത്തേയ്ക്ക് കടക്കുമ്പോഴേയ്ക്കും നേരം നന്നായി ഇരുട്ടിയിരുന്നു. രാത്രി എവിടെ കഴിച്ചുകൂട്ടണമെന്നറിയാത്തതുകൊണ്ട് അന്നവർ ജയിൽകെട്ടിടത്തിൽതന്നെ കിടന്നുറങ്ങി. പിറേറന്നു രാവിലെ, അവർ നഗരമധ്യത്തിലുള്ള കത്തിഡ്രൽ സ്ക്വയറിലേയ്ക്ക് പോയി.

അവിടെ പ്രകടനം നടത്തിക്കൊണ്ടിരുന്ന ആയിരക്കണക്കിന് തൊഴിലാളികൾ, 'റെഡ്റോസ'യെ, തലയാകെ നരച്ചു അകാല വാർദ്ധക്യം വന്നിരുന്നുവെങ്കിലും വേഗം തിരിച്ചറിഞ്ഞു. ഊഷ്മളമായ സ്വാഗതമാണവർക്ക് അവരിൽനിന്ന് ലഭിച്ചത്.

തീവണ്ടിഗതാഗതം പൂർണ്ണമായി സ്തംഭിച്ചിരുന്നതുകൊണ്ട് ഒരു കാറുമായിവന്നു തന്നെ ബർലിനിലേയ്ക്ക് കൂട്ടിക്കൊണ്ടുപോകാൻ, റോസലക്സംബർഗ് തന്റെ സെക്രട്ടറിയായിരുന്ന മെൽഡാ ജേക്കബിന് ഫോൺ ചെയ്തു. അവർ സ്പാർട്ടക്കസ് ലീഗുനേതാക്കളെ വിവരമറിയിച്ചു. സ്പാർട്ടക്കസ്കാർ ഒരു കാറുമായി ബ്രസാലുവിലേയ്ക്ക് പുറപ്പെട്ടു. പക്ഷേ, റോഡ് ഗതാഗതവും തടസ്സപ്പെടുത്തിയിരുന്നതുകൊണ്ട് ലക്ഷ്യസ്ഥാനത്തെത്താൻ കഴിഞ്ഞില്ല.

നവംബർ പത്തിനു തീവണ്ടികളോടാൻ തുടങ്ങി. അന്നുതന്നെ റോസ റയിൽമാർഗ്ഗം ബർലിനിലെത്തി. അവരെ നേരിൽ കണ്ടപ്പോൾ ഉററ സുഹൃത്തുക്കളിൽ പലരും പൊട്ടിക്കരഞ്ഞുപോയി അതു സന്തോഷാശ്രുക്കളായിരുന്നില്ല അഗാധമായ ദുഃഖത്തിന്റേതായിരുന്നു നാല്പത്തിയെട്ട് വയസ്സ്മാത്രം പ്രായമുള്ള ആ ധീര വിപ്ലവകാരി, വളരെയേറെ അവശയും വൃദ്ധയുമായിക്കഴിഞ്ഞിരുന്നു. ആ ധീരവനിതയുടെ കണ്ണുകളുടെ തിളക്കത്തിന്നുമാത്രം യാതൊരു കുറവും സംഭവിച്ചിരുന്നില്ല.

ഈ പരിതഃസ്ഥിതിയിൽ, വിശ്രമവും ചികിത്സയുമായി ആരോഗ്യം വീണ്ടെടുക്കാനാണ് ആരും തീരുമാനിക്കുക റോസലക്സംബർഗിന്റെ സുഹൃത്തുക്കളും സഹപ്രവർത്തകരും അതിനു അവരെ നിർബന്ധിച്ചു. ഒരു പുഞ്ചിരിയോടുകൂടി അവരോടെല്ലാം ആ വിപ്ലവകാരി പറഞ്ഞു: 'വിപ്ലവപ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുക്കുന്നതിലും ഫലപ്രദമായ മറെറാരു ചികിത്സയും വിശ്രമവും എന്നെ സംബ

ന്ധിച്ചിടത്തോളം ഇല്ല.'

സോവിയററ് റഷ്യയിൽവന്നു വിശ്രമിച്ചു ആരോഗ്യം വീണ്ടെടുക്കാനും ഒക്ടോബർ വിപ്ലവത്തിൻെറ നേട്ടങ്ങളുറപ്പിക്കുന്നതിൽ പങ്കാളിയാകാനും റഷ്യൻ അധീന പോളണ്ടിലെ വിപ്ലവപ്രസ്ഥാനത്തിൻെറ നേതാവെന്ന നിലയിൽ റോസലക്സംബർഗിനെ ബോൾഷെവിക്ക് നേതാക്കൾ ക്ഷണിച്ചു. റഷ്യൻവിപ്ലവത്തിൻെറ നേട്ടങ്ങളുറപ്പിക്കാൻ വേണ്ടി തനിക്കിപ്പോൾ ചെയ്യാൻ കഴിയുന്ന ഏററവും വലിയ സേവനം ജർമ്മൻ വിപ്ളവത്തെ 'ഒക്ടോബറി'ൻെറ പാതയിലൂടെ മുന്നോട്ട് കൊണ്ടുപോകാനുള്ള പ്രവർത്തനങ്ങളാണെന്നു പറഞ്ഞ് ആ ക്ഷണത്തെ അവർ നന്ദിപൂർവ്വം നിരസിച്ചു.

## ഒരു പുരുഷായുസ്സിനു തുല്യമായ 71 ദിവസങ്ങൾ

ഇത്തവണ ജയിൽ വിമുക്തയായ ശേഷം വെറും പത്താഴ്ചകൾ — കൃത്യമായിപ്പറഞ്ഞാൽ എഴുപത്തിയൊന്നു ദിവസങ്ങൾ — മാത്രം ജീവിച്ചിരിക്കാനേ റോസ ലക്സംബർഗിനു യോഗമുണ്ടായുള്ളൂ. പക്ഷേ, ഈ ഏററവും ചുരുങ്ങിയ കാലയളവിനുള്ളിൽ, പല രോഗങ്ങളോടും മല്ലിട്ടുകൊണ്ടിരിക്കേ, അവർ നടത്തിയ പ്രവർത്തനങ്ങൾ, സാധാരണഗതിയിൽ ചെയ്ത് തീർക്കണമെങ്കിൽ ഒരു പുരുഷായുസ്സ് തന്നെ വേണ്ടിവരും.

ജർമ്മൻ വിപ്ലവം തുടങ്ങിക്കഴിഞ്ഞെങ്കിലും അതിൻെറ വിജയത്തിന്നുള്ള തടസ്സങ്ങൾ നിരവധിയാണെന്ന് ആദ്യദിവസം തന്നെ റോസക്ക് ബോദ്ധ്യപ്പെട്ടിരുന്നു. രാപ്പകലില്ലാതെ പ്രസംഗത്തിലൂടെ, എഴുത്തിലൂടെ, സ്റ്റഡീക്ലാസ്സുകളിലൂടെ, വിശദീകരണങ്ങളിലൂടെ, ചർച്ചകളിലൂടെ ഈ തടസ്സങ്ങൾനീക്കാൻ അവർ യത്നിച്ചു. എങ്ങോട്ടെങ്കിലും പോകുമ്പോൾ വാഹനത്തിൽ ഇരുന്നുകൊണ്ടുള്ള ഉറക്കം തൂങ്ങലിനപ്പുറം ആ ദിവസങ്ങളിലൊന്നും അവർ ഉറങ്ങിയിരുന്നില്ല.

സ്പാർട്ടക്കസ് ലീഗ് ആയിടക്ക് 'ചെങ്കൊടി' എന്നൊരു ദിനപത്രം ആരംഭിച്ചു അതിൻെറ പത്രാധിപയെന്ന നിലയിൽ ജോലിയെടുക്കാനും റോസ സമയം കണ്ടെത്തിയിരുന്നു.

1918 ഡിസംബർ 30-ാം തിയ്യതി മുതൽ മൂന്നു ദിവസം നീണ്ടുനിന്ന ഒരു സമ്മേളനം ബർലിനിൽ ചേർന്നു. ഇടതുപക്ഷ റാഡിക്കൽഗ്രൂപ്പും സ്പാർട്ടക്കസ് ലീഗും പങ്കെടുത്ത ആ സമ്മേളനത്തിൽ വെച്ചാ

ണ് ജർമ്മൻ കമ്മ്യൂണിസ്റ്റ് പാർട്ടി രൂപീകൃതമായത്. ആ സമ്മേളനത്തിൽ റോസലക്സംബർഗ് ചെയ്ത സുദീർഘമായ പ്രസംഗമായിരുന്നു അവരുടെ അവസാനത്തെ പ്രസംഗം.

അടുത്തുതന്നെ നടക്കാൻപോകുന്ന ദേശീയ അസംബ്ലി തിരഞ്ഞെടുപ്പിൽ, വിപ്ലവാശയങ്ങൾ കൂടുതൽ വ്യാപകമായി പ്രചരിപ്പിക്കാൻവേണ്ടി ജർമ്മൻ കമ്മ്യൂണിസ്റ്റ് പാർട്ടി സ്ഥാനാർത്ഥികളെ നിർത്തി മത്സരിക്കണമെന്ന് റോസലക്സംബർഗ് അഭിപ്രായപ്പെട്ടു. ലിയോജ്ജ്യോഗിച്ച്, ക്ലാരാസെട്കിൻ തുടങ്ങിയ തലമുതിർന്ന നേതാക്കളും അതിനെ അനുകൂലിച്ചു. പക്ഷേ, ഭൂരിപക്ഷം പ്രതിനിധികളും അതിനെ നിരാകരിച്ചുകൊണ്ട്, ഇടതു തീവ്രവാദപരമായ ഒരു നിലപാട് സ്വീകരിക്കുകയാണുണ്ടായത്. ഈ സംഭവവികാസത്തെ വ്യക്തിനിഷ്ഠമായി കാണാതെ, തൻെറ സഖാക്കളുടെ ഇടതുപക്ഷ ബാലാരിഷ്ടം അനുഭവങ്ങളിലൂടെ അതിവേഗം സുഖപ്പെടുമെന്ന ശുഭപ്രതീക്ഷ പ്രകടിപ്പിക്കുകയാണ് റോസ ചെയ്തത്. ഈ സമ്മേളനം തിരഞ്ഞെടുത്ത ജർമ്മൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേന്ദ്രകമ്മിററിയിൽ റോസലക്സംബർഗും ഉണ്ടായിരുന്നു.

ജർമ്മൻ ഗവണ്മെൻറിൻെറ നയങ്ങളെ എതിർക്കുന്ന വിവിധ ഗ്രൂപ്പുകളുടെ പ്രതിനിധികൾ 1919 ജനവരി 6–ാം തിയ്യതി രഹസ്യമായി സമ്മേളിച്ചു. കാറൽലിബ്ക്നെററ് അടക്കം കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ രണ്ടു പ്രതിനിധികൾ പങ്കെടുത്ത ഈ യോഗം ഉടനടി ഭരണാധികാരം പിടിച്ചെടുക്കേണ്ടതാണെന്നു തീരുമാനമെടുത്തു. മററു ജോലിത്തിരക്കുകൾമൂലം റോസലക്സംബർഗിനു ഈ യോഗത്തിൽ പങ്കെടുക്കാൻ കഴിഞ്ഞില്ല. വസ്തുനിഷ്ഠമായ യാഥാർത്ഥ്യങ്ങളിലധിഷ്ഠിതമല്ലാത്ത, വീരസാഹസികമായ ഒരെടുത്തുചാട്ടമായിട്ടാണ് ഈ യോഗതീരുമാനത്തെ റോസലക്സംബർഗ് വീക്ഷിച്ചത്. ഈ തീരുമാനത്തെ അംഗീകരിച്ചതിന്ന് കാറൽ

ലിബ്ക്നെററിനെ അവർ നിശിതമായി വിമർശിച്ചു.

ജർമ്മൻ തൊഴിലാളിവർഗ്ഗത്തിന്നിടയിൽ വമ്പിച്ച സ്വാധീനമുള്ളതും സുശക്തവുമായ സോഷ്യൽ ഡമോക്രാററിക്ക് പാർട്ടി(വലതുപക്ഷ സോഷ്യലിസ്റ്റുകാർ) യും ഇടതുപക്ഷക്കാരെന്നു സ്വയം അവകാശപ്പെട്ടിരുന്ന യുണൈറഡ് സോഷ്യലിസ്റ്റ് പാർട്ടിയും ജർമ്മൻ ബൂർഷ്വാസിയെ രക്ഷിക്കാൻ പരസ്യമായി രംഗത്തുവന്ന പരിതഃസ്ഥിതിയിൽ വളരെ കരുതലോടെ വേണം ഓരോ അടിയും മുന്നോട്ട് വെക്കാനെന്ന അഭിപ്രായമായിരുന്നു റോസലക്സംബർഗിന്.

മുൻപറഞ്ഞ യോഗതീരുമാനത്തെ ചൂണ്ടിക്കാട്ടി റോസലക്സംബർഗും കാറൽലിബ്ക്നെററും സായുധ കലാപം നടത്താൻ പോകുകയാണെന്ന് പ്രചരിപ്പിച്ച് വിപ്ലവപ്രസ്ഥാനത്തെയാകെ അടിച്ചമർത്താൻ ജർമ്മൻ ബൂർഷ്വാസി പ്ലാനിട്ടു. ബൂർഷ്വാഗവണ്മെൻറിൻെറ ഭരണകൂടത്തിൻെറ നടത്തിപ്പ് ചുമതല അപ്പോഴേക്കും സോഷ്യലിസ്റ്റ്നേതാക്കളുടെ കൈകളിലായിക്കഴിഞ്ഞിരുന്നു. അടുത്തകാലംവരെ സോഷ്യൽ ഡമോക്രാറ്റിക് പാർട്ടിയിൽ റോസയുടെയും കാറലിൻെറയും സഹപ്രവർത്തകനായിരുന്ന ഫെഡറിക് എബർട്ട് പ്രധാനമന്ത്രിയായും മറെറാരു സഹപ്രവർത്തകനായ ഗുസ്താവ് നോസ്കെ പട്ടാളകാര്യമന്ത്രിയായും ചാർജ്ജെടുത്തു കഴിഞ്ഞിരുന്നു.

'സോഷ്യലിസ്റ്റ്' ഗവണ്മെൻറിൻെറ പരോക്ഷമായ പിന്തുണയോടെ, പിന്തിരിപ്പൻമാരായ പണക്കാരും മതഭ്രാന്തന്മാരും ചേർന്ന് ആൻറിബോൾഷെവിക്ക് ലീഗ് എന്നൊരു സംഘടനക്ക് രൂപം കൊടുത്തു. മററു യൂറോപ്യൻ രാജ്യങ്ങളിൽ നിന്നും അമേരിക്കയിൽ നിന്നും ഈ ലീഗിന് വമ്പിച്ച ധനസഹായം ലഭിച്ചിരുന്നു. അതെല്ലാം റോസലക്സംബർഗിനും സ്പാർട്ടസിസ്റ്റുകൾക്കുമെതിരെയുള്ള പ്രവർത്തനങ്ങൾക്കുവേണ്ടി ചെലവഴിച്ചു.

'സ്പാർട്ടസിസ്റ്റുകൾ അധികാരത്തിൽ വന്നാൽ

'സ്ത്രീകളെ പൊതു സ്വത്താക്കും', 'പള്ളികൾ മുഴുവൻ അടച്ചു പൂട്ടിയിടും' 'മതസ്വാതന്ത്ര്യം നിഷേധിക്കും' എന്നും മററുമുള്ള അസംബന്ധജടിലമായ പോസ്റ്ററുകൾ ആൻറി ബോൾഷെവിക്ക് ലീഗുകാർ പതിച്ചു. മതവിശ്വാസികളായ ജനങ്ങളെ വിപ്ലവപ്രസ്ഥാനത്തിന്നു എതിരാക്കുകയായിരുന്നു അവരുടെ ഉദ്ദേശ്യം. ഇതിലവർ ഏറെക്കുറെ വിജയിക്കുകയും ചെയ്തു.

ജനവരി 8-ാം തിയ്യതി സ്പാർട്ടക്കസ് ദിനപത്രമായ (അപ്പോഴേയ്ക്കും അതു ജർമ്മൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ മുഖപത്രമായിക്കഴിഞ്ഞിരുന്നു) 'ചെങ്കൊടി'യുടെ ആഫീസ് നിന്നിരുന്ന കെട്ടിടത്തിന്മേലയക്ക് യന്ത്രത്തോക്കുകളിൽ നിന്നു വെടിയുണ്ടകളുതിർത്തു. തത്സമയം, ഭാഗ്യവശാൽ അവിടെ ആരും ഉണ്ടായിരുന്നില്ല. പിറേറന്നു പത്രമാഫീസ് അവിടെ നിന്നു മാററി.

പതിവുപോലെ അപകടങ്ങളെ അവഗണിച്ചുകൊണ്ട്, 9-ാം തിയ്യതി രാവിലെ തൻെറ വീട്ടിൽ നിന്നു പുറത്തിറങ്ങിയ റോസ, നിരത്തുവക്കിൽ കൂടിനിന്നിരുന്ന എതിരാളികളെ കാര്യം പറഞ്ഞു ബോദ്ധ്യപ്പെടുത്താനുള്ള ശ്രമം തുടങ്ങി. കൂടെയുണ്ടായിരുന്ന ഒരു സ്ത്രീസഖാവ് വളരെയേറെ പ്രയാസപ്പെട്ടിട്ടാണ് റോസയെ ആ അപകട മേഖലയിൽനിന്നു പിടിച്ചു വലിച്ചു കൊണ്ടു പോയത്. അതിനുശേഷം മറെറാരു തെരുവിൽ വെച്ചു അവർ എതിരാളികളോട് വാദപ്രതിവാദം നടത്തുന്നത് ഹ്യൂഗോ എബർലിൻ എന്ന സ്പാർട്ടക്കസ് നേതാവ് കണ്ടു. വളരെ പ്രയാസപ്പെട്ട ശേഷമേ റോസയെ അവിടെ നിന്നു കൊണ്ടുപോകാൻ അദ്ദേഹത്തിന്നു കഴിഞ്ഞുള്ളു.

അപകടങ്ങളെ പുച്ഛത്തോടെ തൃണവൽഗണിച്ചിരുന്ന റോസ സാധാരണ വിപ്ളവകാരികളോടൊപ്പം അപകടത്തെ നേരിടാൻ താനും ബാദ്ധ്യസ്ഥയാണെന്ന് സ്വയം കരുതി.

സഹപ്രവർത്തകരുടെ നിർബന്ധത്തിന്ന് വഴങ്ങി, അവർ സ്വന്തം വീട്ടിൽ നിന്നു മാറി സ്നേഹിതനായ

ഒരു ഡോക്ടറുടെകൂടെ താമസമാക്കി. സോഷ്യൽ ഡമോക്രാട്ടിക്ക് പാർട്ടിയിലെ ഇടതുപക്ഷ നേതാക്കളേയും കമ്മ്യൂണിസ്റ്റ് പാർട്ടി നേതാക്കളേയും അറസ്റ്റ്ചെയ്യാൻ അന്നു വ്യാപകമായ വീട് പരിശോധനകൾ (റോസയുടേതടക്കം) നടന്നു. പലരും അറസ്റ്റ്ചെയ്യപ്പെട്ടു.

'ചെങ്കൊടി' ആഫീസിൽ എന്തുനടക്കുന്നുവെന്നറിയാൻ പോയ ഒരു സ്ത്രീ സഖാവിനെ, റോസലക്സംബർഗാണെന്ന് തെററിദ്ധരിച്ച് പട്ടാളക്കാർ പിടിച്ചു മർദ്ദിച്ചു. റോസ ഉടനടി ബർലിൻ വിടണമെന്നാണിത് സൂചിപ്പിക്കുന്നതെന്ന് സഹപ്രവർത്തകർ പറഞ്ഞപ്പോൾ, തൊഴിലാളികളുടെ മനോവീര്യം നിലനിർത്താൻ താനും കാറൽലിബ്ക്നെററും ബർലിനിൽത്തന്നെ ഉണ്ടായേ തീരൂവെന്ന് അവർ ശാഠ്യം പിടിച്ചു.

ജനവരി 11ാം തിയ്യതി വൈകുന്നേരം റോസയുടെ ഷെൽട്ടറി(ഡോക്ടറുടെ വസതി) ൽ വെച്ച് കമ്മ്യൂണിസ്റ്റ് പാർട്ടി നേതാക്കളുടെ യോഗം ചേർന്നു, സ്ഥിതിഗതികൾ വിശകലനം ചെയ്തു. ഡോക്ടറുടെ വീട് വേണ്ടത്ര സുരക്ഷിതമല്ലെന്ന് സഹപ്രവർത്തകർ അഭിപ്രായപ്പെട്ടതനുസരിച്ച് റോസയും കാറലും അന്നുരാത്രി തന്നെ ഒരു തൊഴിലാളിയുടെ വീട്ടിലേക്ക് മാറി. അവിടെയും അപകടം മണത്തതുകൊണ്ട് 13ാം തീയ്യതി ഇടത്തരക്കാരനായ ഒരനുഭാവിയുടെ വീട്ടിലേക്ക് പോയി. റോസലക്സംബർഗും കാറൽലിബ്ക്നെററും തങ്ങളുടെ അവസാനത്തെ ലേഖനങ്ങൾ അന്നാണ് എഴുതിയത്. 14ാം തിയ്യതിയിലെ 'ചെങ്കൊടി'യിൽ അതച്ചടിച്ചു വന്നു.

ഇതിന്നിടയിൽ റോസലക്സംബർഗിനെയും കാറൽലിബ്ക്നെററിനെയും പിടിച്ചുകൊടുക്കുകയോ അറസ്റ്റ് ചെയ്യാനാവശ്യമായ വിവരങ്ങൾ നല്കുകയോ ചെയ്യുന്നവർക്ക് ഒരു ലക്ഷം മാർക്ക് (ജർമ്മൻ നാണ്യം) വീതം സമ്മാനമായി നല്കുന്നതാണെന്ന് സോഷ്യലിസ്റ്റ് നേതാവും മന്ത്രിയുമായ ഫിലിപ്പ്ഷീഡ്മാൻ

പ്രഖ്യാപിച്ചിരുന്നു. ഇതിനെത്തുടർന്ന്, പലരും ലക്ഷപ്രഭുക്കളാകാൻ പരക്കം പാഞ്ഞുകൊണ്ടിരുന്നു.

## കാറൽലിബ്ക്നെററ്

കാറൽലിബ്ക്നെററിനെപ്പററി കൂടുതൽ മനസ്സിലാക്കേണ്ടത് ഇത്തരുണത്തിൽ ആവശ്യമാണ്, ജർമ്മനിയിലെ ആദ്യകാല മാർക്സിസ്റ്റ്കളിലൊരാളും സോഷ്യൽ ഡമോക്രാട്ടിക് പാർട്ടിയുടെ ഒരു സീനിയർ നേതാവുമായിരുന്ന വില്ല്യംലിബ്ക്നെററിൻെറ മകനായ കാറൽ നിയമബിരുദം നേടിയ ഉടൻ രാഷ്ട്രീയത്തിലേക്ക് എടുത്തുചാടി. ജർമ്മനിയിൽ ശക്തമായ ഒരു സോഷ്യലിസ്റ്റ് യുവജനപ്രസ്ഥാനം പടുത്തുയർത്തിയ കാറൽലിബ്ക്നെററിനെ, 1907–ൽ സ്റ്റർട്ട്ഗട്ടിൽ വെച്ച് നടന്ന സാർവ്വദേശീയ സോഷ്യലിസ്റ്റ് യുവജന സമ്മേളനം, സോഷ്യലിസ്റ്റ് യൂത്ത് ഇൻറർനാഷനലിൻെറ ഡയറക്ടറായി തിരഞ്ഞെടുത്തു. മിലിററിസം ആൻറ് ആൻറി മിലിററിസം' എന്ന പുസ്തകമെഴുതിയതിന്ന് അക്കൊല്ലം തന്നെ രാജദ്രോഹക്കുററം ചുമത്തി അദ്ദേഹം അറസ്റ്റ് ചെയ്യപ്പെട്ടു. ആ കേസിൽ പതിനെട്ടുമാസത്തെ കഠിനതടവ് ശിക്ഷ ലഭിച്ചു. ജയിലിലായിരിക്കുമ്പോഴാണ് കാറൽ നിയമസഭയിലേക്ക് സോഷ്യൽ ഡമോക്രാട്ടിക്ക് പാർട്ടി ടിക്കററിൽ തിരഞ്ഞെടുക്കപ്പെട്ടത്.

മററു ജർമ്മൻ സോഷ്യലിസ്റ്റ് നേതാക്കളേക്കാളെല്ലാം സോഷ്യലിസത്തിൻെറ സാർവ്വദേശീയ സ്പിരിററ് ഉൾക്കൊണ്ടിരുന്ന കാറൽ ലിബ്ക്നെററ് റഷ്യൻ വിപ്ലവ പ്രസ്ഥാനത്തിന്നും വിപ്ലവകാരികൾക്കും നല്കിയിട്ടുള്ള സേവനങ്ങൾ നിരവധിയാണ്. സ്വന്തം കഴിവിൻെറ പരമാവധി ധനസഹായം നല്കിയതിന്നു പുറമേ സ്നേഹിതന്മാരിൽ നിന്നും പണം പിരിച്ചു അദ്ദേ

ഹം റഷ്യൻ വിപ്ലവകാരികൾക്ക് നല്കി. ഇതിനെല്ലാമുപരി, റഷ്യക്കകത്തെ അണ്ടർഗ്രൗണ്ട് സംഘടനയും റഷ്യക്ക് പുറത്തായിരുന്ന ലെനിന്റെ നേതൃത്വവും തമ്മിൽ ബന്ധപ്പെടുത്തുന്ന ഒരു കണ്ണിയായി അദ്ദേഹം പ്രവർത്തിച്ചു. റഷ്യൻ വിപ്ലവകാരികളെ നിയമവിരുദ്ധമായി സഹായിക്കുന്നുവെന്ന കുററം ചുമത്തി ജർമ്മൻ ഗവണ്മെൻറ് ചിലരുടെ പേരിൽ കേസ് ചാർജ്ജ് ചെയ്തപ്പോൾ, പ്രതികൾക്കുവേണ്ടി വാദിച്ചത് കാറലായിരുന്നു. പ്രതിഭാഗം വക്കീലെന്ന നിലയിൽ, കാറൽ കോടതിയിൽ ചെയ്ത പ്രസംഗത്തിൽ, സാർ ചക്രവർത്തിയുടെ ഭരണത്തിൻ കീഴിൽ റഷ്യയിൽ നടക്കുന്ന മർദ്ദനങ്ങളേയും അഴിമതികളേയും മനുഷ്യാവകാശ ലംഘനങ്ങളേയും തുറന്നു കാട്ടി. പിന്നീട് ലഘുലേഖയായി പ്രസിദ്ധീകരിക്കപ്പെട്ട ഈ പ്രസംഗത്തെ റഷ്യൻ ജനതക്ക് നല്കിയ മഹത്തായ സേവനമെന്നാണ് റഷ്യൻ വിപ്ലവകാരികൾ പ്രകീർത്തിച്ചത്.

ക്ഷീണം എന്താണെന്നറിയാത്ത പ്രകൃതമായിരുന്നു കാറൽലിബ്ക്നെററ ന്റേത്. വൈകുന്നേരം ഒന്നിലേറെ പൊതുയോഗങ്ങളിൽ പ്രസംഗിച്ചശേഷം, രാത്രി മുഴുവൻ രാഷ്ട്രീയചർച്ചകളിലോ വാദപ്രതിവാദത്തിലോ ഏർപ്പെട്ടോ, സ്നേഹിതന്മാരുമായി 'സൊള്ളി' യോ കഴിച്ചുകൂട്ടിയശേഷം അതിരാവിലെ ഉണർന്നു ഓഫീസ്ജോലികൾ ചെയ്യുകയും കോടതികളിൽ സമർത്ഥമായി കേസുകൾ വാദിക്കുകയും ചെയ്യാൻ അദ്ദേഹത്തിന്നു യാതൊരു പ്രയാസവുമുണ്ടായിരുന്നില്ല.

കാറലിന്റെ ഉത്സാഹത്തിമർപ്പും ധീരതയും ആത്മാർത്ഥയുമാണ് റോസയെ ആകർഷിച്ചത്. അവർ തമ്മിലുള്ള ബന്ധത്തെപ്പററി എതിരാളികൾ അശ്ലീലമായ പല അസംബന്ധങ്ങളും പറഞ്ഞുപരത്തിയിരുന്നു. തന്നേക്കാൾ പ്രായംകുറഞ്ഞ കാറലിനോട്, ഒരനുജനോടുള്ള വാത്സല്യമായിരുന്നു റോസലക്സംബർഗിന്ന്. രാഷ്ട്രീയപ്രശ്നങ്ങളിൽ അവർ തമ്മിൽ പലപ്പോഴും അഭിപ്രായവ്യത്യസമുണ്ടായി

തമ്മിൽ കലഹിക്കുകയുംചെയ്തു. പക്ഷേ, പരസ്പര ബഹുമാനത്തിന്നും സ്നേഹത്തിന്നും യാതൊരു ഹാനിയും സംഭവിച്ചിരുന്നില്ല.

വില്യം ലിബ്ക്നെററും തങ്ങളും തമ്മിലുണ്ടായിരുന്ന ബന്ധത്തേയും കാറലിനു നല്കിയ സഹായങ്ങളേയും ഓർമ്മിപ്പിച്ചുകൊണ്ട്, റോസലക്സംബർഗിൽനിന്ന് അദ്ദേഹത്തെ അകററാൻ വലതുപക്ഷ സോഷ്യലിസ്റ്റ് നേതാക്കൾ പലപ്പോഴും ശ്രമിച്ചിരുന്നു. പക്ഷേ, അത് ഒരിക്കൽപോലും ഫലിച്ചില്ല ഒരു മുഴുവൻ സമയ പാർട്ടി പ്രവർത്തകൻെറ മകനെന്ന നിലയിൽ, കാറലിൻെറ വിദ്യാഭ്യാസച്ചെലവ് മുഴുവൻ പാർട്ടിഫണ്ടിൽ നിന്നാണ് നല്കിയതെന്ന വസ്തുതയിൽനിന്ന് മുതലെടുക്കാനാണവർ നോക്കിയത്.

ഒന്നാംലോക മഹായുദ്ധം നടക്കുമ്പോൾ, യുദ്ധച്ചെലവിലേയ്ക്കുള്ള സർക്കാരിൻെറ ധനാഭ്യർത്ഥനയെ ജർമ്മൻ പാർലിമെണ്ടിൽ കാറൽ ലിബ്ക്നെററ് പരസ്യമായെതിർത്തു പ്രസംഗിച്ചു. പക്ഷേ, ദേശാഭിമാനത്തിൻെറ പേരിൽ ധനാഭ്യർത്ഥനക്ക് അനുകൂലമായി വോട്ടുചെയ്യാൻ അദ്ദേഹത്തിൻെറ പാർട്ടി തീരുമാനിച്ചു. അച്ചടക്കത്തിൻെറ പേരിൽ, ഇതനുസരിക്കാൻ കാറലും നിർബന്ധിതനായി. എങ്കിലും യുദ്ധച്ചെലവിന്നു കൂടുതൽ തുക അനുവദിക്കണമെന്ന അഭ്യർത്ഥന ഗവണ്മെൻറ് പക്ഷത്തുനിന്നുണ്ടായപ്പോൾ അതിനെതിരെ വോട്ടു ചെയ്യുമെന്ന് 12 എം. പി മാർ പ്രഖ്യാപിച്ചു. പക്ഷേ, വോട്ടിങ്ങ് നടന്നപ്പോൾ ധനാഭ്യർത്ഥനക്കെതിരെ കൈ പൊക്കാൻ ഒരൊററ പാർലിമെൻറംഗമേ ഉണ്ടായിരുന്നുള്ളൂ; കാറൽലിബ്ക്നെററ് മാത്രം. അതോടുകൂടി തത്വദീക്ഷയുടെയും നിശ്ചയദാർഢ്യത്തിൻെറയും പ്രതീകമായിത്തീർന്നു കാറൽലിബ്ക്നെററ്. റോസലക്സംബർഗുമായുള്ള ബന്ധം കൂടുതൽ ഊഷ്മളവും അഭേദ്യവുമായി. ആ പേരുകൾ കൂട്ടമായി മാത്രം പരാമൃഷ്ടമാവാനും തുടങ്ങി.

## രക്തസാക്ഷികൾ

1919 ജനവരി 15. അന്നു രാത്രി 9 മണിക്ക് ബർലിനിലെ മാൻഹിമർ തെരുവിലെ 53-ാം നമ്പർ വീട്ടിലേയ്ക്ക് കുറെ പട്ടാളക്കാരും അവരുടെ ക്യാപ്റ്റനും ഒററുകാരനായ ഒരു ഹോട്ടലുടമയും കടന്നു ചെന്നു. ആ വീട്ടിൽ അതിഥികളായിവന്ന ഒരു സ്ത്രീയേയും രണ്ടു പുരുഷന്മാരേയും അവർ കസ്റ്റഡിയിലെടുത്തു. അറസ്റ്റ്ചെയ്യപ്പെട്ടവർ, തങ്ങളുടെ പേരുകൾ മാററിപ്പറഞ്ഞെങ്കിലും, റോസലക്സംബർഗിനേയും കാറൽലിബ്ക്നെററിനേയും പട്ടാളക്യാപ്ററനു നന്നായറിയാമായിരുന്നു.

മൂന്നു പേരേയും ആദ്യം പട്ടാളക്യാപ്ററൻെറ ആഫീസിലേക്ക് കൊണ്ടു പോയി. അവിടെ നിന്നു കാറൽലിബ്ക്നെററിനെ, ഉയർന്ന പട്ടാള ഓഫീസർമാർ ക്യാമ്പ് ചെയ്തിരുന്ന ഏഡൻ ഹോട്ടലിലേക്ക് കൊണ്ടു പോയി. അങ്ങോട്ട് കടക്കുമ്പോൾത്തന്നെ റൈഫിളിൻെറ പാത്തികൊണ്ട് തലയ്ക്കടിച്ചു കാറലിൻെറ തല പൊട്ടിച്ചു. ആ മുറി കെട്ടാൻ പോലും അദ്ദേഹത്തെ അനുവദിച്ചില്ല. പിന്നീട് റോസലക്സംബർഗിനേയും അതേ ഹോട്ടലിലേക്ക് കൊണ്ടുവന്നു. അത്യുച്ചത്തിൽ നാറിയ തെറിവാക്കുകൾ കൊണ്ടാണവരെ 'സ്വാഗതം' ചെയ്തത്. അതിന്നുശേഷം കാറലിനെയും റോസയേയും ഒന്നിച്ച് 'ചോദ്യം ചെയ്യാൻ' പട്ടാളമേധാവിയുടെ മുറിയിലേക്ക് കൊണ്ടു പോയി. ചോദ്യം ചെയ്യലിന്നു പകരം ഭേദ്യം ചെയ്യലാണവിടെ നടന്നത്.

കുറെകഴിഞ്ഞശേഷം, ചോരവാർന്നു അവശനായ

കാറൽലിബ്ക്നെററിനെ വലിച്ചിഴച്ച് ഒരു കാറിൽ കയററി. അതിനിടയിൽ ഒന്നിലേറെ തവണ, റൈഫിരം പാത്തികൊണ്ട് അദ്ദേഹത്തെ അടിച്ചിരുന്നു. കാർ ചെന്നുനിന്നത് കാഴ്ചബംഗ്ളാവിനടുത്തുള്ള ഒരു തടാകക്കരയിലായിരുന്നു. അപ്പോഴവിടെ കൂരാക്കൂരിരുട്ടായിരുന്നു. അർദ്ധപ്രാണനായിക്കഴിഞ്ഞിരുന്ന ആ ധീര വിപ്ലവകാരിയെ കാറിൽനിന്നു വലിച്ചു താഴെയിട്ടശേഷം •കുറെ ദൂരം ഇഴച്ചുകൊണ്ടുപോയി. പിന്നീട് എഴുന്നേല്പിച്ച് നിർത്തി, ഓടിരക്ഷപ്പെട്ടുകൊള്ളാൻ പറഞ്ഞു. അബോധാവസ്ഥയിൽ ഒന്നുരണ്ടടി നടക്കുമ്പോഴേയ്ക്കും വെടിയുണ്ടകരം അദ്ദേഹത്തിൻെറ മേൽ തുളച്ചുകയററി. അങ്ങിനെ കാറൽലിബക്നെററ് കൊല്ലപ്പെട്ടു. അതിന്നുശേഷം, മൃതദേഹം കാറിലെടുത്തിട്ട് അജ്ഞാതനായ ഒരു മനുഷ്യൻെറ ശവം റോഡിൽ നിന്നു കിട്ടി എന്ന നിലയിൽ ഒരു സർക്കാരാശുപത്രിയിലെ ശവമുറിയിൽ കൊണ്ടിട്ടു.

കാറൽലിബ്ക്നെററിനെ കൊണ്ടുപോയി കുറച്ചു കഴിഞ്ഞപ്പോരം, റോസലക്സംബർഗിനെ ഏഡൻ ഹോട്ടലിൽനിന്നു പുറത്തേയ്ക്ക് കൊണ്ടുപോന്നു. വാതില്ക്കൽ നിന്നിരുന്ന റൌബ് എന്ന പട്ടാളആഫീസർ തോക്കിൻെറ പാത്തികൊണ്ട് അവരുടെ തലയ്ക്ക് രണ്ട് പ്രാവശ്യം അടിച്ചു; തലയോട് പൊട്ടി തലച്ചോറ് പുറത്തേയ്ക്ക് തുറിക്കത്തക്ക ശക്തിയായ അടികരം. ജീവച്ഛവമായിക്കഴിഞ്ഞിരുന്ന ആ ധീരവനിതയെ ഒരു കാറിലേയ്ക്ക് വലിച്ചിട്ടു. കുറെ പട്ടാള ഓഫീസർമാർ അതിൽ ചാടിക്കയറി. കാറിൽവെച്ച് ഒരുത്തൻ റിവോരംവറിൻെറ പാത്തികൊണ്ട് അവരുടെ തലക്കടിച്ചു. ലഫ്ററനൻറ് വോഗൽ, റോസലക്സംബർഗിൻെറ ചോരയൊലിക്കുന്ന തലയിലേയ്ക്ക് ഒരു വെടിയുണ്ട പായിച്ചു. അതോടുകൂടി, ''മാർക്സിൻേറയും ഏംഗൽസിൻേറയും അനന്തരാവകാശികളിലേററവും ഉൽകൃഷ്ടമായ മസ്തിഷ്ക്കത്തിൻെറ ഉടമ'' എന്ന് കാറൽമാർക്സിൻെറ ജീവചരിത്രകാരനായ

ഫ്രാൻസ് മെഹ്റിങ്ങിനാൽ പുകഴ്ത്തപ്പെട്ട ആ വിപ്ലവകാരി പൂർണ്ണമായി കൊല്ലപ്പെട്ടു. ശവവുമായി ആ പട്ടാളവാഹനം ലിററ്ച്ചൻസ്റ്റീൻ പാലത്തിൻെറ മുകളിൽ ചെന്നു നിന്നു. പാലത്തിന്ന കീഴെയുള്ള ലാണ്ട്വെഹർ കനാലിലേയ്ക്ക് പട്ടാള ആഫീസർമാർ റോസലക്സംബർഗിൻെറ മൃതദേഹം വലിച്ചെറിഞ്ഞു.

ജനവരി 16-ാം തിയ്യതി രാവിലെ പുറത്തു വന്ന 'വോർവാട്സ്' എന്ന ഗവണ്മെൻറനുകൂല ദിനപത്രത്തിൽ റോസലക്സംബർഗിനേയും കാറൽ ലിബ്ക്നെററിനേയും അറസ്റ്റ് ചെയ്തുവെന്ന വാർത്തയുണ്ടായിരുന്നു. പക്ഷേ, അവരെ കൊന്നതിനെപ്പററി ഒന്നും പ്രസ്താവിച്ചിരുന്നില്ല. അന്നത്തെ സായാഹ്നപത്രങ്ങളുടെ തലക്കെട്ടുകൾ ''കസ്റ്റഡിയിൽ നിന്ന് രക്ഷപ്പെടാൻ ശ്രമിച്ച ലിബ്ക്നെററ് വെടിയേററു മരിച്ചു'' ''ലക്സംബർഗിനെ ആൾക്കൂട്ടം തല്ലിക്കൊന്നു'' എന്നിങ്ങനെയായിരുന്നു.

റോസലക്സംബർഗിൻെറ ജഡം, കാറൽലിബ്ക്നെററിൻെറ മൃതദേഹത്തോടൊപ്പം കാണാതിരുന്നതുകൊണ്ട്, ധീരതയുടെയും സാഹസികതത്വത്തിൻെറയും പ്രതീകമായ തങ്ങളുടെ പ്രിയപ്പെട്ട 'റെഡ് റോസ' പട്ടാളക്കാരുടെ പക്കൽ നിന്ന് രക്ഷപ്പെട്ടിട്ടുണ്ടാകുമെന്നും തക്കസമയത്ത് തങ്ങളെ നയിക്കാൻ പ്രത്യക്ഷപ്പെടുമെന്നും, അനേകം തൊഴിലാളികളും വിപ്ലവകാരികളുടെ കുടുംബാംഗങ്ങളും വളരെക്കാലം വിശ്വസിച്ചിരുന്നു 1919 മേയ് 31–ാം തിയ്യതി ആളെ തിരിച്ചറിയാൻ പ്രയാസമായ നിലയിൽ ജീർണ്ണിച്ച മൃതദേഹം (റോസലക്സംബർഗിൻെറത്) ലാണ്ട്വെഹർ കനാലിൽ നിന്നും കണ്ടെടുത്തിട്ട്പോലും, റോസലക്സംബർഗ് ജീവിച്ചിരിപ്പില്ലാ എന്നു വിശ്വസിക്കാൻ പലരും വിസമ്മതിച്ചു.

'ചെങ്കൊടി' (ദിനപത്രം) കെട്ടഴിച്ചുവിട്ട പ്രതിഷേധ പ്രക്ഷോഭണം മൂലം, ജനങ്ങളുടെ കണ്ണിൽ പൊടിയിടാൻ വേണ്ടി റോസലക്സംബർഗിൻെറയും കാറൽ

ലിബ്ക്നെററിൻേറയും കൊലയാളികളുടെ പേരിൽ ഒരു കേസ് ചാർജ് ചെയ്യപ്പെട്ടു. നിസ്സാരമായ ശിക്ഷ യാണ് ഈ കേസിൽ പ്രതികൾക്ക് ലഭിച്ചത്. ഹിററ് ലർ അധികാരത്തിൽ വന്നശേഷം ഇതേ പ്രതികൾ റോസയേയും കാറലിനേയും കൊന്നതിൻെറ വിശദവിവ രങ്ങൾ വെളിപ്പെടുത്തുകയുണ്ടായി. ആഭ്യന്തരമന്ത്രിയാ യിരുന്ന ഗുസ്താവ്നോസ്ക്ക അടക്കമുള്ള ചില പ്രധാന വലതുപക്ഷ സോഷ്യലിസ്റ്റ് നേതാക്കൾക്ക് ഈ ക്രൂരമായ കൊലപാതകങ്ങളിലുള്ള നീചമായ പങ്ക്, അപ്പോഴാണ് ലോകത്തിന്നു വ്യക്തമായത്.

## 'ജീവിച്ചിടുന്നു മൃതിയിൽ......'

റോസലക്സംബർഗിനേയും കാറൽലിബ്ക്നെററിനേയും കൊലചെയ്തുവെന്ന വാർത്ത അവരുടെ സഹപ്രവർത്തകരിൽ വെച്ചേററവും പ്രായം കൂടിയ ഫ്രാൻസ്മെഹററിങ്ങിന്നു താങ്ങാനായില്ല ഈ വാർത്ത കേട്ടയുടൻ കരഞ്ഞുകൊണ്ട് കിടക്കയിൽ ചെന്നു വീണ ആ എഴുപത്തിയഞ്ചുകാരൻ പിന്നീടെഴുന്നേററിട്ടില്ല. ജനവരി 29-ാം തിയ്യതി അദ്ദേഹം നിര്യാതനായി.

ലിയോജ്യോഗിച്ചിന്നും ഈ കൊലപാതകത്തിൻെറ ആഘാതം താങ്ങാനരുതാത്തതായിരുന്നു. അദ്ദേഹം ജീവച്ഛവമായിത്തീർന്നു. നീചവും ക്രൂരവുമായ ഈ കൊലകളെപ്പററിയുള്ള സത്യം ജർമ്മൻ ജനതയേയും ലോകരേയും അറിയിക്കുക എന്ന ഒരേയൊരു ലക്ഷ്യത്തെ മുൻനിർത്തിയാണ് പിന്നീടദ്ദേഹം ജീവിച്ചത്. 1919 മാർച്ച് പത്താം തിയ്യതി അറസ്റ്റ് ചെയ്യപ്പെടുന്നതിന്നു മുമ്പ് 'ചെങ്കൊടി'യിൽ പ്രസിദ്ധീകരിച്ച ദൃക്സാക്ഷി റിപ്പോർട്ടുകളിലൂടെയും, രേഖകളിലൂടെയും കൊലകൾ നടത്തിയ ശേഷം കൊലയാളികളായ പട്ടാള ആഫീസർമാർ നടത്തിയ മദിരോത്സവത്തിൻെറ ഫോട്ടോ പ്രസിദ്ധീകരണത്തിലൂടെയും ലിയോ തൻെറ ലക്ഷ്യം നേടുക തന്നെ ചെയ്തു. അറസ്റ്റ് ചെയ്ത ദിവസം തന്നെ, കസ്റ്റഡിയിൽനിന്ന് രക്ഷപ്പെടാൻ ശ്രമിച്ചുവെന്ന കുററം ചുമത്തി ലിയോജ്യോഗിച്ചിനേയും വെടി വെച്ചുകൊന്നു.

കൊല്ലപ്പെട്ടതിന്നു ശേഷവും ജർമ്മൻ ഭരണാധികാരികൾ റോസലക്സംബർഗിനെ ഭയന്നിരുന്നു അതുകൊണ്ടായിരിക്കണം, അവരെഴുതി വെച്ചിരുന്ന ലേഖനങ്ങളുടേയും പുസ്തകങ്ങളുടേയും കൈയെഴുത്തുപ്രതി

കരം അവരുടെ വീട്ടിൽ നിന്നു പട്ടാളക്കാർ എടുത്തു കൊണ്ടുപോയത്. മാത്രമല്ല, അവരുടെ വീട്ടിലുണ്ടായിരുന്ന മററു സാധനങ്ങളം പട്ടാളക്കാർ കവർന്നെടുക്കുകയും ചെയ്തു.

വിപ്ലവകാരികളിൽ വിപ്ലവകാരികളായ കാറൽ ലിബ്ക്നെററിനേയും റോസലക്സംബർഗിനേയും കൊല ചെയ്തതിൽ കഠിനമായ അമർഷവും പ്രതിഷേധവും രേഖപ്പെടുത്തിക്കൊണ്ടുള്ള പ്രമേയം ജനവരി 19-ാം തിയ്യതി പെട്രോഗ്രാഡ് സോവിയററിൽ അവതരിപ്പിച്ചുകൊണ്ട്, അവതാരകൻ ഇങ്ങിനെ പ്രസ്താവിച്ചു: ''നമുക്ക് ലിബ്ക്നെററ് ഒരു ജർമ്മൻ നേതാവ് മാത്രമായിരുന്നില്ല, ജർമ്മൻ തൊഴിലാളിവർഗത്തിന്റെ മുന്നണിയിൽ നിന്നിരുന്ന ഒരു പോളിഷ്കാരി മാർക്സിസ്റ്റ് മാത്രമായിരുന്നില്ല നമുക്ക് റോസലക്സംബർഗ്. അവരിരുവരും ലോകതൊഴിലാളിവർഗ്ഗത്തിന്നു രക്തബന്ധമുള്ള കുടുംബാംഗങ്ങളായിരുന്നു. അഭേദ്യമായ ഒരാത്മീയശൃംഖലയാൽ നമ്മളെല്ലാം അവരുമായി ബന്ധിക്കപ്പെട്ടിരുന്നു. തങ്ങളുടെ അവസാനശ്വാസം വരെ അവരേതെങ്കിലും രാഷ്ട്രത്തിന്റേതായിരുന്നില്ല, അഖിലലോകത്തിന്റേതായിരുന്നു.'' 1921 ഏപ്രിൽ 16 ാം തിയ്യതി പ്രാവ്ദയിലെഴുതിയ ഒരു ലേഖനത്തിൽ ലെനിൻ, റോസലക്സംബർഗിന്റെ ജീവചരിത്രവും അവരുടെ സമാഹൃതകൃതികളും പ്രസിദ്ധീകരിക്കാൻ ജർമ്മൻ കമ്മ്യൂണിസ്റ്റ് പാർട്ടി വൈകിക്കുന്നതിൽ അക്ഷമ പ്രകടിപ്പിക്കുകയുണ്ടായി. ലോകമാസകലം, അനേകം കമ്മ്യൂണിസ്റ്റ് തലമുറകൾക്ക് വളരെ ഉപയോഗപ്രദമായ പാഠപുസ്തകങ്ങളായിരിക്കും റോസലക്സംബർഗിന്റെ ജീവചരിത്രവും കൃതികളുമെന്ന് ലെനിൻ ആ ലേഖനത്തിൽ പ്രസ്താവിച്ചിട്ടുണ്ട്.

റോസലക്സംബർഗ് എഴുതിയതെല്ലാം ചേർത്ത് 9 വാള്യങ്ങളായി പ്രസിദ്ധീകരിക്കാനാണ് ജർമ്മൻ കമ്മ്യൂണിസ്റ്റ് പാർട്ടി തീരുമാനിച്ചത്. കേന്ദ്രകമ്മി

ററി മെമ്പറായ പോറംഫ്രോളിക്കിനെ ഇതിന്റെ ചുമതല ഏല്പിക്കുകയും ചെയ്തു. 1928 ആയപ്പോഴേയ്ക്കും മൂന്നുവാല്യങ്ങറം പ്രസിദ്ധീകരിച്ചു. അപ്പോഴേയ്ക്കും രാഷ്ട്രീയ അഭിപ്രായവ്യത്യാസത്തിന്റെ പേരിൽ പോറംഫ്രോളിക്കിനെ കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ നിന്നു പുറത്താക്കി. എങ്കിലും ശേഖരിക്കപ്പെട്ട റോസലക്സംബർഗ് സാഹിത്യം മുഴുവൻ അദ്ദേഹം കൈവശം വെച്ചു. ഹിററ്ലറുടെ നാസിപാർട്ടി അധികാരത്തിൽ വന്നപ്പോറം അതു കൈവശപ്പെടുത്താൻ നാസികറം ശ്രമിച്ചു. പക്ഷേ, ഫ്രോളിക്ക് അതെല്ലാം സുരക്ഷിതമായി ഒളിപ്പിച്ചു. പിന്നീടദ്ദേഹം അറസ്റ്റ് ചെയ്യപ്പെട്ടപ്പോറം, സൂക്ഷിക്കാൻ ഏല്പിച്ചവർ സുരക്ഷിതത്വത്തിന്നുവേണ്ടി അതെല്ലാം രഹസ്യമായി റഷ്യയിലേയ്ക്കെത്തിച്ചു. അവിടെ, മോസ്കോയിലെ മാർക്സ്—എംഗൽസ്—ലെനിൻ ഇൻസ്റ്റിററ്യൂട്ടിലാണ് അവ സൂക്ഷിച്ചിട്ടുള്ളത്.

1923 ൽ ജർമ്മൻ കമ്മ്യൂണിസ്റ്റ് പാർട്ടി നേതാക്കളായ റുത്ഫിഷറും എ മസ്ലോവും റോസലക്സംബർഗ് ഒരു വലതുപക്ഷ വ്യതിയാനക്കാരിയായിരുന്നുവെന്നു പറഞ്ഞു ആക്ഷേപിക്കാൻ തുടങ്ങി. 1925 ൽ ജർമ്മൻ കമ്മ്യൂണിസ്റ്റ് പാർട്ടി വലത്തോട്ട് തിരിഞ്ഞപ്പോറം റൂത്ഫിഷറും മസ്ലോവും പാർട്ടിയിൽ നിന്നു പുറന്തള്ളപ്പെട്ടുവെങ്കിലും റോസലക്സംബർഗ് ആക്ഷേപവിമുക്തയായില്ല. 'വലതുപക്ഷ വ്യതിയാനക്കാരി' എന്ന ആക്ഷേപം 'അതിരുകടന്ന ഇടതുപക്ഷ വ്യതിയാനക്കാരി' ആയി എന്നുമാത്രം.

ജർമ്മൻ തൊഴിലാളികറം, റോസയുടെയും കാറലിന്റെയും സ്മാരകാർത്ഥം നിർമ്മിച്ച രക്തസാക്ഷി മണ്ഡപം 1933 മേയ് 10-ാം തിയ്യതി ഹിററ്ലറുടെ അനുയായികറം ഇടിച്ചു നിരപ്പാക്കി. അതോടൊപ്പം കയ്യിൽ കിട്ടിയേടത്തോളം റോസലക്സംബർഗ് കൃതികളുടെ കോപ്പികറം അവർ പരസ്യമായി ചുട്ടെരിച്ചു.

ഹിററ്ലറുടേയും മററും ആക്രമണങ്ങറംകൊണ്ടോ

ന്നും ജർമ്മൻ ജനതയുടെ ഹൃദയത്തിൽ നിന്ന് 'റെഡ് റോസ'യെ തുടച്ചുമാററാനൊത്തിട്ടില്ല എന്നതിന്നു തെളിവാണ് 1951 ൽ കിഴക്കൻ ജർമ്മൻ ഗവണ്മെൻറ് രണ്ടുവാല്യങ്ങളായി പ്രസിദ്ധീകരിച്ച 'റോസലക്സംബർഗിൻെറ തിരഞ്ഞെടുത്തകൃതികൾ. 'തിരഞ്ഞെടുത്ത കൃതികളോടൊപ്പം റോസലക്സംബർഗിൻെറ വിമർശനാത്മക ലഘുജീവചരിത്രവും പ്രസിദ്ധപ്പെടുത്തിട്ടുണ്ട്.

സോവിയററ് യൂണിയനിൽ, ലെനിൻെറ കാലത്ത് റോസലക്സംബർഗിൻെറ 'ധനശാസ്ത്രത്തിനൊരു മുഖവുര'യുടെ റഷ്യൻ പരിഭാഷ പ്രസിദ്ധപ്പെടുത്തുകയുണ്ടായി. പിന്നീട്, മറെറാരു ലക്സംബർഗ് കൃതിയും അവിടെ പ്രസിദ്ധീകരിച്ചു; സാഹിത്യസംബന്ധിയായ ലേഖനങ്ങളുടെ സമാഹാരം.

പോളണ്ടിൽ, കമ്മ്യൂണിസ്റ്റ്പാർട്ടി അധികാരത്തിൽ വന്ന ശേഷം റോസലക്സംബർഗിൻെറ പല പുസ്തകങ്ങളും പോളിഷ് ഭാഷയിൽ പ്രസിദ്ധപ്പെടുത്തിട്ടുണ്ട്.

പോൾ ഫ്രോളിക്ക് ജർമ്മൻ ഭാഷയിലെഴുതിയ റോസലക്സംബർഗിൻെറ ജീവചരിത്രം 1939 ൽ പാരിസിൽ നിന്നാണ് പ്രസിദ്ധപ്പെടുത്തിയത്. അതിൻെറ ഇംഗ്ലീഷ് പരിഭാഷ 1940 ൽ, ഒരിടതുപക്ഷ പ്രസാധകനായ വിക്ടർഗൊള്ളാൻക്സ് ലണ്ടനിൽനിന്നു പ്രസാധനം ചെയ്തു. അതിൻെറ വില്പന അത്ഭുതാവഹമായിരുന്നു: രണ്ടാം ലോകമഹായുദ്ധം ബ്രിട്ടീഷ് ജനതയുടെയാകെ ശ്രദ്ധ പിടിച്ചുപററിയിരുന്ന ആ കാലത്ത്, ആറു മാസത്തിന്നുള്ളിൽ ഇരുപതിനായിരം കോപ്പികളാണ് വിററഴിഞ്ഞത്. ഫ്രഞ്ച്, ഹിബ്രു, യുഗോസ്ലാവ്യൻ എന്നീ ഭാഷകളിലും അക്കാലത്തുതന്നെ ഇതിനു പരിഭാഷകളുണ്ടായിട്ടുണ്ട്.

ഗവേഷണത്തിലും ശാസ്ത്രീയ സാങ്കേതികത്വത്തിലും കൂടുതൽ മികച്ച മറെറാരു റോസലക്സംബർഗ് ജീവചരിത്രം 1966-ൽ പ്രസിദ്ധീകൃതമായിട്ടുണ്ട്. പ്രൊഫസർ: ജെ. പി നെററിൽ ഇംഗ്ലീഷിൽ രചിച്ച ഈ ബൃഹത്ഗ്രന്ഥത്തിന്നു രണ്ടു വാല്യങ്ങളുണ്ട്.

'റോസലക്സംബർഗ് സ്പീക്ക്സ്' എന്ന ശീർഷകത്തിൽ ന്യൂയോർക്കിലെ ഒരു പ്രസിദ്ധീകരണസ്ഥാപനം സമാഹൃത കൃതികൾ പുറത്തിറക്കി.

റോസലക്സംബർഗിന്റെ ജീവിതകഥയെ അടിസ്ഥാനമാക്കി 1936-ൽ ജർമ്മനിയിൽ ഒരു പടം (സിനിമ) നിർമ്മിച്ചിട്ടുണ്ട്.

## വിപ്ളവകാരി രാഷ്ട്രീയം കൊണ്ടു മാത്രമല്ല.

വിപ്ലവത്തിനുവേണ്ടി എല്ലാം സമർപ്പിച്ചുവെങ്കിലും, വിപ്ലവകാരിക്ക് രാഷ്ട്രീയത്തിലല്ലാതെ, മററൊന്നിലും താൽപര്യമുണ്ടാകാൻ പാടില്ലെന്ന് വിശ്വസിച്ചിരുന്ന 'രാഷ്ട്രീയനാരായം' ആയിരുന്നില്ല റോസ ലക്സംബർഗ്. 'മാനവികമായ ഒന്നും എനിക്ക് അന്യമല്ല' എന്നു പ്രഖ്യാപിച്ച കാറൽ മാർക്സിൻെറ യഥാർത്ഥ ശിഷ്യയായിരുന്നു അവർ.

സന്തതിയില്ലായിരുന്നുവെങ്കിലും കുട്ടികളെ അവർക്ക് പ്രാണനായിരുന്നു. ബർലിനിൽ റോസ താമസിച്ചിരുന്ന തെരുവിലെ എല്ലാ കുട്ടികളും അവരുടെ ചങ്ങാതിമാരായിരുന്നു. കൗട്സ്കിയുടെ കുട്ടികളുമായി ആർത്തുല്ലസിച്ചു കളിക്കുക റോസയുടെ പതിവായിരുന്നു.

തുളച്ചുകയറുന്ന ഫലിതപ്രയോഗത്തിന്നു സമർത്ഥയായിരുന്നു ആ വിപ്ലവകാരി. ഒരിക്കൽ ക്ലാരാ സെട്കിനും റോസയും ഒരു സായാഹ്നനടത്തത്തിനിറങ്ങി. നടന്നു സംസാരിക്കുന്നതിനിടയിൽ അവരിരുവരും അറിയാതെ പട്ടാളക്കാർ വെടി വെയ്പ് പരിശീലനം നടത്തിക്കൊണ്ടിരിക്കുന്ന മൈതാനത്തിന്നുള്ളിൽ ചെന്നു കയറി. ഭാഗ്യവശാൽ, ചീറിപ്പായുന്ന വെടിയുണ്ടകാം ദേഹത്തുകൊള്ളാതെ, അവർ ആ മൈതാനത്തിന്നു പുറത്തു കടന്നു. പിന്നീടവർ നേരെ പോയതു കൗട്സ്കിയുടെ വീട്ടിലേയ്ക്കാണ്. അപ്പോഴവിടെ ജർമ്മൻ സോഷ്യൽ ഡമോക്രാററിക് പാർട്ടിയുടെ സീനിയർ നേതാക്കളെല്ലാം ഉണ്ടായിരുന്നു. അവരോട് മരണ

ത്തിൻെറ പിടിയിൽ നിന്നു തങ്ങാം രക്ഷപ്പെട്ട കാര്യം ഉദ്വേഗത്തോടെ ക്ലാരസെട്കിൻ പറഞ്ഞു. അപ്പോഴ, വെടിയുണ്ടയേററ് അവരിരുവരും മരിച്ചിരുന്നുവെങ്കിൽ, താനെഴുതുമായിരുന്ന ചരമക്കുറിപ്പിൽ ഉൾക്കൊള്ളിക്കുന്ന വാചകങ്ങളെക്കുറിച്ച് ആഗസ്ത് ബെബൽ പറയാൻ തുടങ്ങി. ഉടനെ, റോസലക്സംബർഗ് അദ്ദേഹത്തെ തടഞ്ഞുകൊണ്ടു പറഞ്ഞു: അത്രയധികമൊന്നും എഴുതണമെന്നില്ല. സോഷ്യൽ ഡമോക്രാററിക് പാർട്ടിയിൽ ആകപ്പാടെയുണ്ടായിരുന്ന രണ്ടേ രണ്ട് ആണുങ്ങാം കൊല്ലപ്പെട്ടുവെന്നു മാത്രം എഴുതിയാൽമതി. വയോവൃദ്ധനായ ബെബൽ പിന്നീടതിനെപ്പററി പറഞ്ഞു: 'എൻെറ മൂക്കത്ത് നല്ലൊരിടികിട്ടിയതുപോലെ തോന്നി, റോസ അതു പറഞ്ഞപ്പോഴ'.

സാധാരണഗതിയിൽ, അടുത്ത സുഹൃത്തുക്കളും സഖാക്കളും റോസയുടെ മൂർച്ചയേറിയ ഫലിതങ്ങളെ ലാഘവത്തോടെ മാത്രമേ എടുക്കാറുള്ളൂ. ആത്മോപഹാസത്തിന്നും അവർ മടിക്കാറില്ലെന്നതാണ് ഇതിന്നു പ്രധാനകാരണം. ഏററവും അടുത്ത സുഹൃദ്വലയത്തിൽ, സരസസംഭാഷണങ്ങളിലൂടെ അന്തരീക്ഷമാകെ ആഹ്ളാദത്തിൻേറയും ഉത്സാഹത്തിമർപ്പിൻേറയുമാക്കി മാററാൻ അനിതര സാധാരണമായ പാടവം അവർക്കുണ്ടായിരുന്നു.

റോസലക്സംബർഗ് എന്ന വിപ്ലവകാരിക്ക് സംഗീതത്തിലും താൽപര്യമുണ്ടായിരുന്നു. കാതിനിമ്പം നല്കുന്ന സ്വരത്തിൽ പലപ്പോഴും അവർ പാടാറുണ്ടായിരുന്നു.

ചിത്രകലയിലും അവർ കമ്പക്കാരിയായിരുന്നു. കുട്ടിക്കാലം മുതൽ മൃഗങ്ങളുടേയും പ്രകൃതിദൃശ്യങ്ങളുടേയും പെൻ—പെൻസിൽസ്കെച്ചുകാം രചിക്കുക റോസയുടെ പതിവായിരുന്നു. യാതനാനിർഭരമായ രാഷ്ട്രീയ പ്രവർത്തനങ്ങളുടെ തിരക്കിനിടയിലും എണ്ണച്ചായച്ചിത്രങ്ങാം രചിക്കുക അവർക്കൊരു ഹരമായിരുന്നു. റോസ എഴുതിയ എണ്ണച്ചായചിത്രങ്ങളിൽ പ്രകടിതമായ

കലാവാസനയും നൈപുണ്യവും ചിത്രമെഴുത്ത് തൊഴിലാക്കിയവരേയും ചിത്രകലാതത്ത്വവേദികളേയും അത്ഭുതപ്പെടുത്തിയിട്ടുണ്ട്. 1909ൽ, റോസ തന്റെ തന്നെ എണ്ണച്ഛായാചിത്രം വരച്ചു. അതിലെ തെളിഞ്ഞ റിയലിസം വളരെയേറെ പ്രശംസ നേടി.

രാഷ്ട്രീയത്തിലിറങ്ങിയില്ലായിരുന്നുവെങ്കിൽ, റോസ ഒരു മികച്ച കവയിത്രി ആകുമായിരുന്നുവെന്ന അവരുടെ ജീവചരിത്രകാരനും സുഹൃത്തുമായിരുന്ന പോൾ ഫ്രോളിക്ക് രേഖപ്പെടുത്തിയിട്ടുണ്ട്. കവിതയുടെ 'അസ്കിത' അവർക്ക് നന്നേ ചെറുപ്പം മുതല്ക്കേ ഉണ്ടായിരുന്നു. ആദ്യകാലത്ത്, മേയ്ദിനത്തെപ്പററി റോസ എഴുതിയ ഒരു ലേഖനം പ്രസിദ്ധീകരണാർഹമല്ലെന്ന് പറഞ്ഞു ലിയോജ്ജ്യോഗിച്ച് നിരസിക്കുകയുണ്ടായി. ശരിക്കും കവിതാമയമായിരുന്ന ആ ലേഖനം പരുക്കൻ പ്രായോഗികവാദിയായിരുന്ന ലിയോവിന്നു തീരെ പിടിക്കാത്തതാണ് അതിന്നുകാരണം. ജയിലിൽ വെച്ചും ഒഴിവു കിട്ടുമ്പോൾ പുറത്തുവെച്ചും കവിത രചിക്കൽ റോസയുടെ ഇഷ്ടവിനോദങ്ങളിലൊന്നായിരുന്നു. ഇതിൽ മികച്ച സാഹിത്യമൂല്യങ്ങളുള്ളവയും ഉണ്ടായിരുന്നു. എങ്കിലും കവയിത്രി കൂടിയായിരുന്നു റോസ എന്നു വളരെ അടുത്ത സുഹൃത്തുക്കൾക്കു മാത്രമേ അറിയാമായിരുന്നുള്ളു. സ്വന്തം കവിതകൾ പ്രസിദ്ധീകരിക്കുന്നതിൽ അവർക്ക് തീരെ താൽപര്യമില്ലാത്തതായിരുന്നു ഇതിന്നു കാരണം.

ഫ്രഞ്ച് — ഇംഗ്ലീഷ് ഭാഷകളിലെ സാഹിത്യവ്യവഹാരത്തിൽ പ്രമുഖമായിരുന്ന പ്രസാദാത്മകവും സരളവുമായ ശൈലിയോടുകൂടിയ ഉപന്യാസങ്ങൾ (Essay) അക്കാലത്തു ജർമ്മൻ ഭാഷയിലുണ്ടായിരുന്നില്ല. ആ നിലമാററിയെടുത്ത്, ജർമ്മൻ ഭാഷയിൽ ഉപന്യാസയുഗം കൊണ്ടുവരാൻ റോസ ആഗ്രഹിച്ചു. നല്ലൊരു കലാതത്ത്വവേദിയും ശൈലീവല്ലഭനുമായിരുന്ന ഡോക്ടർ ഡീഫൻബോച്ച് ഇക്കാര്യത്തിൽ റോസയെ നന്നായി പ്രോത്സാഹിപ്പിച്ചു. വ്ളഡിമീർകൊറലെങ്കോവിന്റെ

ആത്മകഥയുടെ ജർമ്മൻ പരിഭാഷക്ക്, അവരെഴുതിയ മുഖവുര ഒന്നാംകിട ഉപന്യാസത്തിന്റെ മാതൃകയാണ്.

ചരിത്രാനുഭവങ്ങളുടേയും ഭൗതികസാഹചര്യങ്ങളുടേയും അടിസ്ഥാനത്തിൽ മാർക്സിയൻ പ്രത്യയശാസ്ത്രത്തെ കുററമററതാക്കാൻ ശ്രമിച്ച കാറൽമാർക്സിന്നും ഏംഗൽസിന്നും കലാ–സാഹിത്യാദികളെ 'ഡയലക്ടിക്സി'ന്റെ അടിസ്ഥാനത്തിൽ സമഗ്രമായി അപഗ്രഥിക്കാൻ സമയം ലഭിച്ചില്ല. മാർക്സിസത്തിന്റെ സങ്കല്പം സാക്ഷാത്കരിക്കുന്നതിനുള്ള യത്നത്തിന്നു പ്രാമുഖ്യം കൊടുത്ത ലെനിന്റേയും സ്ഥിതി ഇതുതന്നെ. ഇവരിൽ നിന്നു വ്യത്യസ്തമായി, ആ രാഷ്ട്രീയസങ്കല്പത്തെ സംസ്കാരസംബന്ധിയായ മററു വശങ്ങളോട് സമന്വയിപ്പിക്കാൻ ശ്രമിച്ചവരാണു റോസലക്സംബർഗ്. ധനശാസ്ത്രത്തിന്റേയും രാഷ്ട്രീയത്തിന്റേയും 'ഡയലക്ടിക്സ' കലാ ശാസ്ത്രരംഗങ്ങളിൽ അതേപോലെത്തന്നെ എടുത്തു പ്രയോഗിക്കുന്നത് അബദ്ധമാണെന്നും കലയ്ക്കും ശാസ്ത്രത്തിന്നും അവയുടേതായ 'ഡയലക്ടിക്സ്' ഉണ്ടെന്നുമാണ് അവരുടെ സുചിന്തിതമായ അഭിപ്രായം.

'പുരോഗമനവാദി,' 'പിന്തിരിപ്പൻ' എന്നീ മുദ്രകുത്തലുകൾക്ക് കലാരംഗത്തു വലിയ അർത്ഥമില്ലെന്നു പറഞ്ഞുകൊണ്ട്, പഴഞ്ചനും പിന്തിരിപ്പനുമായ രാഷ്ട്രീയാഭിപ്രായങ്ങൾ വെച്ചു പുലർത്തിയിരുന്ന ദസ്തയേവ്സ്കിയുടേയും ടോൾസ്റ്റോയിയുടേയും സാഹിത്യസൃഷ്ടികൾ മനുഷ്യരാശിയുടെ പുരോഗതിക്കും വിമോചനത്തിന്നും വളരെയേറെ സഹായകരമാണെന്നു കൊറലെങ്കോവിന്റെ ആത്മകഥക്കെഴുതിയ മുഖവുരയിൽ റോസലക്സംബർഗ് പ്രസ്താവിച്ചിട്ടുണ്ട്. വാസ്തവത്തിൽ, മാർക്സിയൻ സൗന്ദര്യശാസ്ത്രത്തിലേയ്ക്ക്, റോസലക്സംബർഗിന്റേതായ വിലപിടിപ്പുള്ള സംഭാവനയാണ് ആ മുഖവുര. ഒരു മുഴുസാഹിത്യതത്ത്വഗ്രന്ഥം രചിക്കാൻ റോസയ്ക്ക്

സമയം ലഭിച്ചില്ല. ജയിലിലായിരിക്കുമ്പോഴ് സുഹൃത്തുക്കൾക്കും ഭർത്താവിനമെഴുതിയ കത്തുകളിൽ പലതിലും റോസയുടെ സാഹിത്യസംബന്ധിയായ അഭിപ്രായങ്ങൾ ചിതറികിടക്കുന്നു. ആ അഭിപ്രായങ്ങളെല്ലാം സമാഹരിച്ചുകൊണ്ട് 'ഓൺലിററേച്ചർ' എന്നൊരു ഗ്രന്ഥം റോസലക്സംബർഗിൻെറ മരണശേഷം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

റോസലക്സംബർഗിൻെറ പല കത്തുകളും മികച്ച കലാസൃഷ്ടികളായിരുന്നു. അതിലൊന്നാണ് അവരെഴുതിയത്: 'ഒരു യഥാർത്ഥ കലാകാരൻ സാമൂഹ്യസിദ്ധാന്തങ്ങൾക്ക് ആനുഷംഗിക പ്രാധാന്യമേ കൊടുക്കുകയുള്ളൂ. അയാൾ കലയിലൂടെ ആവിഷ്കരിക്കുന്ന സജീവസത്തയാണ് പ്രാധാന്യം.' മിസിസ് ലൂസിയാ കൗട്സ്കിക്ക് ജയിലിൽനിന്നെഴുതിയ കവിതതുളുമ്പുന്ന കത്തിൽനിന്നുള്ള ഒരു ഭാഗമാണ് താഴെ കൊടുക്കുന്നത്: ''നടപ്പാതയുടെ നിസ്സാരതയ്ക്കു മുകളിൽ പ്രഭാതവേളയുടെ ഗൗരവപൂർണ്ണമായ അസുഖം പരന്നുകിടക്കുന്നു. മുകളിൽ ജനൽപ്പാളികളിൽ ബാലാർക്കൻെറ പുലർക്കാലസ്വർണ്ണം വെട്ടിത്തിളങ്ങി. അതിന്നും മുകളിൽ വർണ്ണഭംഗിയാർന്ന പരിമളം പരത്തുന്ന കൊച്ചു മേഘശകലങ്ങൾ ഒഴുകിനടന്നു. അവ പിന്നീട് നരച്ച നഗരാകാശത്തിൽ അലിഞ്ഞുചേർന്നു. അക്കാലത്ത് ''ജീവിതം,'' ''യഥാർത്ഥ ജീവിതം'' അകലെയെങ്ങോ മേല്പുരകൾക്കു അപ്പുറമെങ്ങോ, ആണെന്നാണ് ഞാൻ ഉറച്ചുവിശ്വസിച്ചിരുന്നത്. അതിൽപിന്നെ, ഞാനതിന്നു പിറകെത്തന്നെ സഞ്ചരിക്കുകയായിരുന്നു. അതെപ്പോഴും, മേല്പുരകൾക്ക് പിറകിലെവിടെയോ പോയി മറഞ്ഞിരിക്കുകയാണ്...... അവസാനം എല്ലാം എന്നെ സംബന്ധിച്ചേടത്തോളം ഒരു ക്രൂരവിനോദമായിത്തീർന്നു. യഥാർത്ഥ ജീവിതമാകട്ടെ മുററത്തുതന്നെ കുടിപാർത്തുകൊണ്ടിരുന്നു.[17]

17 ലിയോജ്യോഗിച്ച്, ലൂസിയാകൗട്സ്കി, മെററിൽഡാ

സോഷ്യലിസ്റ്റ് ഹ്യൂമനിസത്തെയാണു റോസലക്സംബർഗ് തൻെറ ജീവിതദർശനമായി അംഗീകരിച്ചത്. അതുകൊണ്ടാണ് വിപ്ലവത്തിൻെറ തീജ്വാലകൾ ആളിപ്പടർന്നു കൊണ്ടിരിക്കുന്നതിന്നിടയിൽ—1918 ഡിസമ്പറിൽ—വധശിക്ഷ നിർത്തലാക്കേണ്ടതിൻെറ ആവശ്യകതയെപ്പററി വികാരോജ്ജ്വലമായ ഒരു ലേഖനം അവരെഴുതിയത്. (ജയിലിൽ തന്നോടൊപ്പമുണ്ടായിരുന്ന രാഷ്ട്രീയക്കാരല്ലാത്ത സാധാരണ തടവുകാരോടു ചെയ്ത ഒരു വാഗ്ദാനം നിറവേററലായിരുന്നു ഈ ലേഖനം). ആ ലേഖനത്തിലുള്ള താഴെ കൊടുക്കുന്ന വാചകങ്ങൾ റോസലക്സംബർഗ് എന്ന വിപ്ലവകാരിയുടെ ജീവിതദർശനത്തിൻെറ രത്നചുരുക്കമാണെന്നു പറയാം:

''വിപ്ലവാത്മക പ്രവർത്തനവും അഗാധമായ മനുഷ്യസ്നേഹവും—ഇവ മാത്രമാണ് സോഷ്യലിസത്തിൻെറ യഥാർത്ഥ ശ്വാസോച്ഛ്വാസം. ലോകത്തെ കീഴ്മേൽ മറിക്കേണ്ടതാവശ്യമാണ്. പക്ഷേ, ഒഴിവാക്കാമായിരുന്ന സമയത്ത് ഒഴുക്കുന്ന ഓരോ കണ്ണീർകണവും ഒരു കുററാരോപണമാണ്. ഒരു പാവം ഞാഞ്ഞൂളിനെയാണെങ്കിൽപ്പോലും, മൃഗീയമായ അനവധാനതയോടെ ചവിട്ടി മെതിക്കുന്നവൻ ചെയ്യുന്നത് ഒരു പാതകമാണ്.''

---

ജേക്കബ് (റോസയുടെ പ്രൈവററ് സെക്രട്ടറി) എന്നിവർക്ക് റോസലക്സംബർഗ് അയച്ച കത്തുകൾ ഈയിടെ പുസ്തകരൂപത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

# റോസ ലക്സംബർഗ്

എം. റഷീദ്

ജർമ്മൻതൊഴിലാളിവർഗ്ഗത്തിന്റെ മുന്നണിയിൽ നിന്നിരുന്ന ഒരു പോളിഷ്കാരിമാർക്സിസ്റ്റു മാത്രമായിരുന്നില്ല, റഷ്യക്കാക്ക് റോസ ലക്സംബർഗ്. അവർ ലോക തൊഴിലാളിവർഗ്ഗത്തിന്ന് രക്തബന്ധമുള്ള ഒരു കുടുംബാംഗമായിരുന്നു. 'റെഡ് റോസ' എന്ന പേരിൽ ജനപ്രിയം നേടിയ ഈ വിപ്ലവകാരി കാറൽ ലീബ്ക്നെററിനോടൊപ്പം 1919—ൽ ജർമ്മൻ പട്ടാളഭരണമേധാവിത്തത്തിന്റെ ക്രൂരമർദ്ദനത്തിന്നിരയായി ദാരുണമാംവിധം മൃതിയടഞ്ഞു. ലോകമാസകലം അനേകം തലമുറകൾക്ക് വളരെ ഉപയോഗപ്രദമായ പാഠപുസ്തകങ്ങളായിരിക്കും റോസ ലക്സംബർഗിന്റെ കൃതികളും ജീവചരിത്രവുമെന്നാണ് ലെനിൻ അഭിപ്രായപ്പെട്ടിട്ടുള്ളത്.

റോസയുടെ ജീവചരിത്രം സംക്ഷിപ്തരൂപത്തിൽ, എന്നാൽ വൈകാരികാംശങ്ങൾ ചോർത്തിക്കളയാതെ, വസ്തുതകൾ വളച്ചൊടിക്കാതെ എം. റഷീദ് ഇതാ നമുക്കു സമ്മാനിച്ചിരിക്കുന്നു. റഷീദിനോട് മലയാളികൾക്കുള്ള കടപ്പാട് നിസ്സീമമാണ്.